34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 23, 2026 Vol. XXXIV No. 12

3 വിലക്ക് തുടരണമെന്ന് തന്ത്രി കണ്ഠരര് രാജീവര്

14 ജിമ്മി ജോർജ് വോളിബോൾ ടൂർണമെന്റ് ഡാളസിൽ

16 25 കുട്ടികൾ അൾത്താര ശുശ്രൂഷയിലേക്ക്

17 പൈതൃകം 2026 ഒരുക്കങ്ങൾ പൂർത്തിയായി

26 ചരിത്രത്തിന്റെ ബാല്യകാല സ്മരണകൾ

## ഭരണ തലപ്പത്ത് നരേന്ദ്ര മോദിക്ക് റെക്കോർഡ്



ന്യൂഡൽഹി: ഇന്ത്യൻ രാഷ്ട്രീയത്തിൽ അപൂർവ റെക്കോഡ് സൃഷ്ടിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. സർക്കാർ തലവൻ എന്ന നിലയിൽ ഏറ്റവും കൂടുതൽക്കാലം സേവനം ചെയ്ത വ്യക്തിയായി അദ്ദേഹം മാറി. സിക്കിം മുഖ്യമന്ത്രിയായിരുന്ന പവൻ കുമാർ ചാംലിങ്ങിന്റെ റെക്കോഡാണ് അദ്ദേഹം മറികടന്നത്. സിക്കിം മുഖ്യമന്ത്രിയായി 8,930 ദിവസമാണു ചാംലിങ് സേവനം ചെയ്തത്.

ഗുജറാത്ത് മുഖ്യമന്ത്രിയായും പ്രധാനമന്ത്രിയായും അദ്ദേഹം ആകെ 8,931 ദിവസമാണു പൂർത്തിയാക്കിയത്. അധികാരത്തിൽ തുടർച്ചയായി 25-ാം വർഷത്തിലേക്ക് അദ്ദേഹം പ്രവേശിക്കുകയും ചെയ്തു. ഏറ്റവും കൂടുതൽക്കാലം ഗുജറാത്ത് മുഖ്യമന്ത്രിയായി പ്രവർത്തിച്ചത് അദ്ദേഹമാണ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന് ശേഷം ജനിച്ച ആദ്യത്തെ പ്രധാനമന്ത്രി കൂടിയാണ് മോദി. (ശേഷം 34-ാം പേജിൽ)

## കേരളം ആവേശകരമായ തെരഞ്ഞെടുപ്പ് പ്രചാരണത്തിലേക്ക്

തിരുവനന്തപുരം: കേരളത്തിലെ 140 നിയമസഭാ മണ്ഡലങ്ങളിലും മുന്നണി സ്ഥാനാർത്ഥികൾ കളത്തിൽലിറങ്ങിയതോടെ കേരളം ആവേശകരമായ രാഷ്ട്രീയച്ചൂടിലേക്ക്. പ്രചാരണത്തിന് അവശേഷിക്കുന്നത് 16 ദിവസം മാത്രം.

തെരഞ്ഞെടുപ്പ് തൊട്ടടുത്തെത്തി എന്ന നെഞ്ചിടിപ്പോടെയാണ് സ്ഥാനാർത്ഥികളും പാർട്ടികളും തുടക്കത്തിൽ തന്നെ ഇറങ്ങുന്നത്.

സ്ഥാനാർത്ഥി ചർച്ചകൾ നീണ്ടുപോയത് കോൺഗ്രസ് പട്ടികയെ ബാധിച്ചെങ്കിലും 140 ഇടത്തും ആദ്യം സ്ഥാനാർത്ഥികളെ അണിനിരത്തിയതിന്റെ നേട്ടം യുഡിഎഫിനാണ്. സ്വതന്ത്രന്മാർക്കായുള്ള അന്വേഷണം എൽഡിഎഫ് പട്ടിക പൂർണമാകുന്നതിനെ ബാധിച്ചെങ്കിലും 22-ന് അന്തിമമാക്കി. 22-ന് 11 സീറ്റുകളിലെ സ്ഥാനാർത്ഥികളെ കൂടി പ്രഖ്യാപിച്ചതോടെ ബിജെപി പട്ടികയും പൂർണം.

മുഖ്യമന്ത്രി പിണറായി വിജയൻ ജി. സുധാകരനെതിരെ നടത്തിയ പരാമർശത്തോടെ ഈ തെരഞ്ഞെടുപ്പിൽ ആദ്യ വാക്പോരിന് തുടക്കമായി. രാഷ്ട്രീയ പശ്ചാത്തലമില്ലാത്ത ഹോട്ടൽ ഉടമയെ പാലക്കാട്ട് എൽഡിഎഫ് സ്ഥാനാർത്ഥിയാക്കിയത് സിപിഎം-ബിജെപി ഡീലിന്റെ ഭാഗമാണെന്ന കോൺഗ്രസിന്റെ ആരോപണവും ചൂടുപിടിച്ചു തുടങ്ങി.

സ്ഥാനാർത്ഥി പര്യടനത്തിനും കൺവൻഷനുകൾക്കും കുടുംബയോഗങ്ങൾക്കുമെല്ലാം വളരെക്കുറച്ചു ദിവസം മാത്രമാണ് മുന്നിലുള്ളത് എന്നതിനാൽ വോട്ടു തേടിയുള്ള പാച്ചിൽ തന്നെയാകും നടക്കുക. ദേശീയ നേതാക്കളടക്കം വരുന്നതോടെ പ്രചാരണം പാരമ്യത്തിലാകും.

തദ്ദേശ തെരഞ്ഞെടുപ്പിലെ ആധികാരിക ജയത്തിനു വഴിയൊരുക്കിയ രാഷ്ട്രീയാന്തരീക്ഷം അതേപടി നിലനിൽക്കുന്നെന്ന് ഉറപ്പിക്കുന്ന യുഡിഎഫ്, ഭരണവിരുദ്ധ വികാരവും മാറ്റത്തിനു വേണ്ടിയുള്ള വോട്ടും തുണയാകുമെന്നും പ്രതീക്ഷിക്കുന്നു.

ഭരണവിരുദ്ധ വികാരം ഒട്ടുമില്ലെന്നു വിശ്വാസം. ലോക്സഭ, തദ്ദേശ, നിയമസഭാ (ശേഷം 34-ാം പേജിൽ)

## പശ്ചിമേഷ്യൻ യുദ്ധം: ലോകം ഊർജ്ജപ്രതിസന്ധിയിൽ

വാഷിംഗ്ടൺ ഡിസി: ആഗോളവിപണിയിലേക്കുള്ള എണ്ണയുടെ അഞ്ചിലൊന്നും കടന്നുപോകുന്ന ഹോർമുസ് കടലിടുക്ക് 48 മണിക്കൂറിനുള്ളിൽ ഇറാൻ തുറന്നുകൊടുക്കണമെന്ന് അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപ്. അല്ലെങ്കിൽ ഇറാനിലെ മുഴുവൻ വൈദ്യുതി നിലയങ്ങളും അമേരിക്ക ആക്രമിച്ചു നശിപ്പിക്കുമെന്നു ട്രംപ് ഭീഷണി മുഴക്കി. തങ്ങളുടെ ഊർജോത്പാദന കേന്ദ്രങ്ങൾ ആക്രമിച്ചാൽ ഹോർമുസ് പൂർണമായും അടയ്ക്കുമെന്ന് ഇറാനിലെ റെവല്യൂഷണറി ഗാർഡ് തിരിച്ചടിച്ചു. ഊർജമേഖലയിലെ പ്രതിസന്ധി തുടർന്നാൽ ഇന്ന് ആഗോള ഓഹരിവിപണി വൻപ്രതിസന്ധിയിലാകുമെന്നാണ് വിലയിരുത്തൽ. ഹോർമുസ് കടലിടുക്ക് ഇറാൻ അടച്ചതിനേത്തുടർന്ന് യൂറോപ്യൻ രാജ്യങ്ങളിലെ എണ്ണ വിലക്കയറ്റം 35 ശതമാനത്തോടടുത്തു. കടലിടുക്ക് ഇറാൻ തുറന്നില്ലെങ്കിൽ അവരുടെ ഊർജ്ജ പ്ലാന്റുകൾക്കുനേരെ ഇതുവരെ ഉണ്ടായിട്ടില്ലാത്ത അത്രയും വലിയ ആക്രമണമുണ്ടാകുമെന്നാണ് ട്രംപിന്റെ ഭീഷണി.

ട്രംപ് ഭീഷണി നടപ്പാക്കിയാൽ ഗൾഫ് രാജ്യങ്ങളിലെ ഊർജോത്പാദന കേന്ദ്രങ്ങൾക്കു നേർക്ക് വലിയ ആക്രമണം അഴിച്ചുവിടുമെന്ന് ഇറാൻ മറുപടി നല്കി. ഇറാന്റെ ശത്രുക്കൾക്കു മാത്രമാണു ഹോർമുസിൽ വിലക്കെന്നും ശത്രുതയില്ലാത്ത രാജ്യങ്ങളുടെ കപ്പലുകൾകൾക്ക് ഹോർമുസ് കടലിടുക്ക് തുറന്നുകൊടുക്കുമെന്നും നേരത്തേ ഇറാൻ വ്യക്തമാക്കിയിരുന്നു. യുദ്ധം അവസാനിക്കുമെന്നു സൂചന നല്കിയതിന്റെ പിറ്റേന്നാണ് ട്രംപ് പുതിയ ഭീഷണി മുഴക്കിയിരിക്കുന്നത്.

ഇസ്രേലി ആണവ കേന്ദ്രത്തിനു സമീപമുള്ള രണ്ടു പട്ടണങ്ങളിൽ ഇറേനിയൻ മിസൈൽ പതിച്ച് 160 പേർക്കു പരുക്കേറ്റു.



തെക്കൻ ഇസ്രയേലിലെ ഡിമോണ ആണവകേന്ദ്രത്തിനു സമീപമുള്ള അരാദ്, ഡിമോണ പട്ടണങ്ങളിലാണ് ബാലിസ്റ്റിക് മിസൈലുകൾ പതിച്ചത്. നിരവധി കെട്ടിടങ്ങൾ തകർന്നു. (ശേഷം 34-ാം പേജിൽ)

## മൈസൂരുവിൽ വാഹനാപകടം; നാല് മലയാളികൾക്ക് ദാരുണാന്ത്യം


മൈസൂരു: കോഴിക്കോട്ടുനിന്ന് ബംഗളൂരുവിലേക്ക് പോയ സ്വകാര്യ ബസ് ഡിവൈഡറിലേക്ക് ഇടിച്ചുകയറിയുണ്ടായ അപകടത്തിൽ നാലുപേർക്ക് ദാരുണാന്ത്യം. മൈസൂരു എക്സ്പ്രസ് ഹൈവേയിൽ മദ്ദൂരിനും ചന്നപട്ടണയ്ക്കും ഇടയിലായിരുന്നു അപകടം.

മാർച്ച് 23-ന് തിങ്കളാഴ്ച പുലർച്ചെ 4.10-നുണ്ടായ സംഭവത്തിൽ കൊയിലാണ്ടി സ്വദേശി മുഹമ്മദ് ഫർഹാൻ (22), റഫീസ് (45), റഷീദ് (45), മാഹി സ്വദേശി സാക്കിർ (27) എന്നിവരാണ് മരിച്ചത്.

ഡ്രൈവർ ഉറങ്ങിപ്പോയതാണ് അപകടകാരണമെന്നാണ് പ്രാഥമിക നിഗമനം. ബസിന്റെ മുൻവശത്തെ ടയർ പൊട്ടി നിയന്ത്രണം വിട്ട ബസ് ഡിവൈഡറിലേക്ക് ഇടിച്ചു കയറുകയായിരുന്നു എന്നും റിപ്പോർട്ടുകളുണ്ട്. ബസിന്റെ മുൻവശം തകർന്നു. 36 യാത്രക്കാരും രണ്ടു ജീവനക്കാരുമാണ് ബസിലുണ്ടായിരുന്നത്.

പരുക്കേറ്റ രണ്ടുപേരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരുക്കേറ്റവരിൽ ആരുടെയും നില ഗുരുതരമല്ല. പി.കെ.ട്രാവൽസിന്റെ സ്ലീപ്പർ ബസാണ് അപകടത്തിൽപ്പെട്ടത്.

ബസിലുണ്ടായിരുന്ന കൂടുതൽപ്പേരും മലയാളികളാണെന്ന് പോലീസ് പറഞ്ഞു. മൃതദേഹങ്ങൾ ചന്നപട്ടണ സർക്കാർ ആശുപത്രിയിലേക്ക് മാറ്റി.


SUNNY FINANCIAL STRATEGIES
Forbes 2025 BEST-IN-STATE TOP FINANCIAL SECURITY PROFESSIONALS
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
Expert Guidance Through Life's Financial Transitions
Comprehensive planning for professionals, retirees, and business owners who want clarity, confidence, and long-term security for generations.
Support for complex financial moments, including:
Financial Planning & Wealth Management
401(k) & IRA Investment Optimization
Risk Management & Insurance
Business & Employee Benefits
Retirement Income Strategy
Estate Planning & Trusts
Tax Planning Strategies
Social Security & Medicare
Complimentary Financial Plan
Retirement & Estate Review
No Cost • Limited Availability
Let's Plan Your Brighter Financial Future
847-414-9116
tom@sunnyfinancial.com
SunnyFinancial.com
SCAN TO LEARN MORE
475 N Martingale Rd, Suite 1250, Schaumburg, IL 60173 | 847-585-4931 | SunnyFinancial.com
Financial Advisor with Eagle Strategies LLC (a Registered Investment Adviser). Securities offered through NYLIFE Securities LLC (Member FINRA/SIPC). Insurance offered through NYLIFE Securities LLC, a Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates and does not offer tax or legal advice.


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# ശബരിമല യുവതീപ്രവേശനം: വിലക്ക് തുടരണമെന്ന് തന്ത്രി കണ്ഠരര് രാജീവര്



ന്യൂഡൽഹി: ശബരിമലയിൽ യുവതി പ്രവേശന വിലക്ക് തുടരണമെന്ന നിലപാട് വ്യക്തമാക്കി തന്ത്രി കണ്ഠരര് രാജീവര് സുപ്രീംകോടതിയിൽ. യുവതിപ്രവേശനവുമായി ബന്ധപ്പെട്ട കേസ് ഒൻപതംഗ ഭരണഘടനാബെഞ്ച് പരിഗണിക്കുന്നതിനു മുന്നോടിയായി എഴുതി നല്കിയ വാദത്തിലാണ് തന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

യുവതിപ്രവേശന വിലക്ക് തുടരണമെന്ന് ദേവപ്രശ്നത്തിൽ വ്യക്തമായതാണ്. ആചാരത്തിന്റെ ഭാഗമായുള്ള യുവതിപ്രവേശന വിലക്ക് കേരളത്തിലെ സ്ത്രീസമൂഹം അംഗീകരിച്ചതാണെന്നും തന്ത്രി വ്യക്തമാക്കി. ആചാരം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് പന്തളം കൊട്ടാരവും സുപ്രീംകോടതിയിൽ എഴുതി നല്കിയിരുന്നു. കേസിലെ മറ്റൊരു കക്ഷിയാണ് തന്ത്രി. ഏപ്രിൽ ഏഴിനാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ഒൻപതംഗ ഭരണഘടനാബെഞ്ച് കേസിൽ വാദം കേൾക്കുക. യുവതികൾ ശബരിമലയിൽ പ്രവേശിക്കണമോ എന്നതിൽ വ്യക്തമായ നിലപാട് പറയാതെയായിരുന്നു കേസിൽ സംസ്ഥാന സർക്കാർ സത്യവാങ്മൂലം നല്കിയത്.

## വിമാനടിക്കറ്റുകളുടെ നിരക്ക് പരിധി പിൻവലിച്ചു

ന്യൂഡൽഹി: ആഭ്യന്തര വിമാനടിക്കറ്റുകൾക്ക് കഴിഞ്ഞവർഷം അവസാനം മുതൽ താൽക്കാലികമായി ഏർപ്പെടുത്തിയിരുന്ന നിരക്ക് പരിധി വ്യോമയാന മന്ത്രാലയം പിൻവലിച്ചു. പശ്ചിമേഷ്യൻ സംഘർഷം നിമിത്തം വിമാനക്കമ്പനികൾ നേരിടുന്ന സാമ്പത്തിക ഭാരംകുറയ്ക്കുന്നതിനാണ് നീക്കം. നിരക്കുപരിധി മാറ്റുന്നതോടെ ഡിമാന്റും വിപണി സാഹചര്യങ്ങളും അനുസരിച്ച് വിമാന ടിക്കറ്റ്നിരക്ക് ഉയർന്നേക്കാം. ഇൻഡിഗോ വിമാന സർവീസുകൾക്ക് കഴിഞ്ഞവർഷം ഡിസംബറിൽ തടസംനേരിട്ടപ്പോൾ മറ്റ് വിമാനക്കമ്പനികളുടെയടക്കം ടിക്കറ്റിൽ അനിയന്ത്രിത നിരക്ക് വർധന ഉണ്ടായതോടെയാണ് കേന്ദ്രസർക്കാർ ആഭ്യന്തര സർവീസുകൾക്ക് നിരക്ക്പരിധി ഏർപ്പെടുത്തിയത്. അന്ന് നേരിട്ട തടസം ഇപ്പോൾ മാറിയതും പരിധി എടുത്തുകളയുന്നതിനു കാരണമായി. 500 കിലോമീറ്റർ വരെയുള്ള വിമാനയാത്രയ്ക്ക് 7500 രൂപയും 1000 മുതൽ 1500 കിലോമീറ്ററുകൾ വരെയുള്ള യാത്രകൾക്ക് 15,000 രൂപ വരെയുമായിരുന്നു നിരക്കുപരിധി. ഇറാൻ യുദ്ധത്തെതുടർന്ന് എണ്ണവിലയിലുണ്ടായ വർധന കമ്പനികളെ സാരമായിബാധിച്ചു. പ്രവർത്തനച്ചെലവ് വർധിച്ചതിനാൽ നിരക്കുപരിധി ഉയർത്തണമെന്ന് വിമാനകമ്പനികൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു.

# ജയിലുകളിൽ കണക്കെടുപ്പ് നടത്തണമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ജയിലുകളിലെ അനുവദനീയമായ ശേഷി, തിരക്ക് നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ നൽകാൻ എല്ലാ സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും സുപ്രീംകോടതി ആവശ്യപ്പെട്ടു.

മേയ് 18-നകം വിവരങ്ങൾ ഉൾപ്പെടുത്തിയ വിശദമായ വിവരം സമർപ്പിക്കണമെന്ന് ജസ്റ്റീസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരുടെ ബെഞ്ച് നൽകിയ നിർദേശം. വനിതാ തടവുകാരോടൊപ്പം താമസിക്കുന്ന അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനും സ്വീകരിച്ച നടപടികൾ സമർപ്പിക്കാനും നിർദേശമുണ്ട്. ഇതോടൊപ്പം വനിതാ ജയിലുകളിലെ തടവുകാരുടെ എണ്ണവും അവർക്ക് ലഭ്യമാക്കിയിട്ടുള്ള സൗകര്യങ്ങളുടെ വിവരങ്ങളും ഒപ്പം ചേർക്കാൻ കോടതി ആവശ്യപ്പെട്ടു.

ജയിലുകളിലെ മനുഷ്യത്വരഹിത ചുറ്റുപാടുകളെക്കുറിച്ച് സുപ്രീംകോടതി സ്വമേധയാ സ്വീകരിച്ച കേസിലാണ് നടപടി. നിലവിൽ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും 2023-ലെ വിവരങ്ങളാണ് സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുന്നതെന്ന് കേസിൽ കോടതിയുടെ സഹായി മുതിർന്ന അഭിഭാഷകൻ ഗൗരവ് അഗർവാൾ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിർദേശം. കേസുമായി ബന്ധപ്പെട്ട കൂടുതൽ നിർദേശങ്ങളും തീരുമാനങ്ങളും എടുക്കുന്നതിന് ജയിൽ തിരിച്ചുള്ള വിവരങ്ങൾ ആവശ്യമാണെന്ന് ബെഞ്ച് വ്യക്തമാക്കി.

2026 മാർച്ച് ഒന്നു വരെ ഉണ്ടായിരുന്ന തടവുകാരുടെ എണ്ണം, ശേഷി, സൗകര്യങ്ങൾ തുടങ്ങിയ വിവരങ്ങളാണ് ജയിൽ തിരിച്ച് കോടതിയിൽ സമർപ്പിക്കേണ്ടത്. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സമർപ്പിച്ച സത്യവാങ്മൂലം പരിശോധിച്ച് കേസിലെ സമഗ്രമായ റിപ്പോർട്ട് അമിക്കസ് ക്യൂറി കോടതിക്ക് കൈമാറാനും ബെഞ്ച് നിർദേശിച്ചു. മെയ് 26-ന് കേസിൽ വീണ്ടും വാദം കേൾക്കും.

# ഡോ. വന്ദന ദാസ് കൊലക്കേസ്: പ്രതിക്ക് ജീവപര്യന്തം

കൊല്ലം: കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഹൗസ് സർജനായിരുന്ന ഡോ. വന്ദന ദാസിനെ കുത്തിക്കൊലപ്പെടുത്തിയ കേസിൽ പ്രതി കുടവട്ടൂർ സ്വദേശിയും അധ്യാപകനുമായിരുന്ന സന്ദീപിന് ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ പിഴയും വിധിച്ച് കൊല്ലം അഡീഷണൽ സെഷൻസ് കോടതി ജഡ്ജി



പി.എൻ. വിനോദ്. ചുമത്തിയ ഓരോ കുറ്റത്തിലും പ്രത്യേകം പ്രത്യേകമായാണ് വിധി പറഞ്ഞത്.

കൊലപാതകം, കൊലപാതകശ്രമം, ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തൽ എന്നീ കുറ്റങ്ങൾ തെളിഞ്ഞതോടെയാണ് കുടവട്ടൂർ ശ്രീനിലയത്തിൽ സന്ദീപിനെ കോടതി ശിക്ഷിച്ചത്. കൊലപാതകത്തിന് ജീവപര്യന്തവും വധശ്രമത്തിന് 307-ാം വകുപ്പനുസരിച്ച് 10 വർഷവും 326-ാം വകുപ്പനുസരിച്ച് 10 വർഷവും ആശുപത്രിയിൽ അതിക്രമം കാട്ടിയതിന് അഞ്ചു വർഷവും ശിക്ഷ അനുഭവിക്കണം.

അപൂർവങ്ങളിൽ അപൂർവമായ കുറ്റകൃത്യമായതിനാൽ വധശിക്ഷ നല്കണമെന്ന പ്രോസിക്യൂഷൻ ആവശ്യം തള്ളിയും പ്രതിക്കെതിരെ ചുമത്തിയ ഇന്ത്യൻ ശിക്ഷാനിയമത്തിലെ പ്രധാന വകുപ്പുകൾ ശരിവെച്ചുമാണ് കോടതി ശിക്ഷ വിധിച്ചത്. ഐപിസി 323, 324, 332, 333 വകുപ്പുകൾ ഉൾപ്പെടെ 30 വർഷം ശിക്ഷ അനുഭവിച്ച ശേഷമാണ് കൊലപാതകത്തിനുള്ള ജീവപര്യന്തം കഠിനതടവ് അനുഭവിക്കേണ്ടിവരിക. എന്നാൽ, ശിക്ഷ അപര്യാപ്തമാണെന്നാണ് പ്രോസിക്യൂഷന്റെയും വന്ദനയുടെ മാതാപിതാക്കളുടെയും പ്രതികരണം. ശിക്ഷ വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ അപ്പീൽ നല്കുമെന്ന് സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ പ്രതാപ് ജി. പടിക്കൽ പറഞ്ഞു.

# ബിഷപ് ഡോ. പ്രിൻസ്റ്റൺ ബെൻ അഭിഷിക്തനായി

തിരുവനന്തപുരം: പ്രാർത്ഥനാനിർഭരമായ ചടങ്ങുകളിൽ സിഎസ്ഐ ദക്ഷിണ കേരള മഹായിടവകയുടെ ഏഴാമത്തെ ബിഷപ്പായി ഡോ. പ്രിൻസ്റ്റൺ ബെൻ (62) അഭിഷിക്തനായി. സഭാനേതൃത്വം വഹിച്ചു.

വിദ്യാഭ്യാസരംഗത്തു സഭയ്ക്ക് അർഹമായ പ്രാധാന്യവും പ്രാതിനിധ്യവും ലഭിക്കണമെന്നു സ്ഥാനമേറ്റ ശേഷം ഡോ. പ്രിൻസ്റ്റൺ ബെൻ പറഞ്ഞു.

വക വൈസ് ചെയർമാനായി സേവന മനുഷ്ഠിക്കവേയാണു ബിഷപ്പായുള്ള നിയമനം.

ബിഷപ് തെരഞ്ഞെടുപ്പിന്റെയും നിയമനത്തിന്റെയും രേഖ സിനഡ് ജന



തിരുവനന്തപുരം എംഎം സിഎസ്ഐ കത്തീഡ്രലിൽ നടന്ന ചടങ്ങിൽ സിഎസ്ഐ ദക്ഷിണ കേരള മഹായിടവകയുടെ ബിഷപ്പായി അഭിഷിക്തനായ ഡോ. പ്രിൻസ്റ്റൺ ബെന്നിന് സഭാ മോഡറേറ്റർ റവ. ഡോ. റൂബൻ മാർക്ക് അംശവടി കൈമാറുന്നു.


ഒന്നടങ്കം അണിനിരന്ന സ്ഥാനാരോഹണച്ചടങ്ങിന് ആയിരക്കണക്കിനു വിശ്വാസികൾ സാക്ഷികളായി. തിരുവനന്തപുരം എംഎംസിഎസ്ഐ കത്തീഡ്രലിൽ നടന്ന സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് സഭാ മോഡറേറ്റർ റവ. ഡോ. റൂബൻ മാർക്ക് മുഖ്യകാർമിക

എ. ധർമരാജ് റസാലം വിരമിച്ച ഒഴിവിലാണു ഡോ. പ്രിൻസ്റ്റൺ നിയമിതനായത്. ഫെബ്രുവരി 14-നു നടന്ന വോട്ടെടുപ്പിൽ ബിഷപ് പാനലിലേക്കു തെരഞ്ഞെടുക്കപ്പെട്ട നാല് പേരിൽ നിന്നാണു സഭാ സിനഡ് അദ്ദേഹത്തെ നിയമിച്ചത്. ദക്ഷിണ കേരള മഹായിട

റൽ സെക്രട്ടറി ചടങ്ങിൽ വായിച്ചു. അഭിഷിക്തനായ ബിഷപ്പിനു മോഡറേറ്റർ ബൈബിളും അംശവടിയും സമ്മാനിച്ചു. കുരിശ്, എപ്പിസ്കോപ്പൽ മോതിരം, സഭാ ഭരണഘടന എന്നിവയും നൽകി. പിന്നാലെ, ബിഷപ്പുമാർ ഒപ്പിട്ട അധികാര സർട്ടിഫിക്കറ്റ് കൈമാറി.

# ബി. ഗോപാലകൃഷ്ണനെതിരെ കേസ്

ഗുരുവായൂർ: ഗുരുവായൂർ ക്ഷേത്രം ഉൾപ്പെടുന്ന ഗുരുവായൂർ മണ്ഡലത്തിൽ ഹിന്ദു എംഎൽഎ വേണമെന്ന പരാമർശത്തിൽ ബിജെപി സംസ്ഥാന വൈസ് പ്രസിഡണ്ടും ഗുരുവായൂർ മണ്ഡലത്തിലെ സ്ഥാനാർത്ഥിയുമായ ബി. ഗോപാലകൃഷ്ണനെതിരെ ഗുരുവായൂർ ടെമ്പിൾ പോലീസ് കേസെടുത്തു.



സാമുദായിക വികാരം ഉപയോഗപ്പെടുത്തി വോട്ട് അഭ്യർത്ഥിക്കാൻ പാടില്ലെന്ന ജനപ്രാതിനിധ്യ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് കേസെടുത്തത്. എന്നാൽ, നിയമസഭയിലെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഗോപാലകൃഷ്ണന് തടസമില്ല.

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ട പ്രകാരം വിവാദപരാമർശം നടത്തിയ ബി. ഗോപാലകൃഷ്ണനെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു. ഖേൽക്കറുടെ നിർദേശപ്രകാരം തൃശൂർ ജില്ലാ കളക്ടറാണ് നടപടിയെടുത്തത്.

ജനപ്രാതിനിധ്യ നിയമത്തിലെ 123 (3) വകുപ്പുപ്രകാരവും ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിശ്ചയിച്ച പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരവും കേസെടുക്കാൻ നിർദേശിക്കുകയായിരുന്നു.

വോട്ട് നേടാനായി ജാതി അല്ലെങ്കിൽ സാമുദായിക വികാരം ഉപയോഗിക്കാൻ പാടില്ല. പള്ളികൾ, ക്ഷേത്രങ്ങൾ അല്ലെങ്കിൽ മറ്റ് ആരാധനാലയങ്ങൾ എന്നിവ തെരഞ്ഞെടുപ്പ് പ്രചാരണത്തിനുള്ള വേദിയായി ഉപയോഗിക്കരുതെന്ന മാതൃകാ പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകൾ ഗോപാലകൃഷ്ണൻ പങ്കുവെച്ച വീഡിയോപ്രകാരം ലംഘിക്കപ്പെട്ടിട്ടുണ്ടെന്നു കണ്ടെത്തി.

തുടർന്ന് ജില്ലാ കളക്ടറുടെ നിർദേശപ്രകാരം വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ നിന്ന് നീക്കം ചെയ്യാനും ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷനിൽ എഫ്ഐആർ രജിസ്റ്റർ ചെയ്ത് കേസെടുക്കാനും നിർദേശിക്കുകയായിരുന്നു.

# മണിപ്പൂരിൽ സമാധാനത്തിന് നിർണായകനീക്കം

ഗുവാഹട്ടി: മണിപ്പൂരിൽ സമാധാനനീക്കം ലക്ഷ്യമിട്ട് മുഖ്യമന്ത്രി വൈ. ഖേംചന്ദ് സിങ്, കുക്കി സംഘടനകളുമായി ചർച്ച നടത്തി. കൂടിക്കാഴ്ച നല്ല തുടക്കമാണെന്നും ചർച്ചകൾ തുടരുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

കലാപത്തിനുശേഷം ഇതാദ്യമായാണ് മുഖ്യമന്ത്രിയുമായുള്ള ചർച്ചയ്ക്ക് കുക്കി സംഘടനകളെത്തുന്നത്. പ്രശ്നപരിഹാരത്തിന് കുക്കികൾ ചില ഉപാധികൾ വെച്ചിട്ടുണ്ട്. ഒന്നരമണിക്കൂറിലേറെ നേരം അവരുമായി മുഖ്യമന്ത്രി സംസാരിച്ചു.

കുടിയിറക്കപ്പെട്ടവർക്ക് ജന്മദേശങ്ങളിലേക്ക് മടങ്ങാൻ കഴിയുന്നില്ല എന്നതാണ് ദുഃഖകരമായ കാര്യം. രണ്ട് സമുദായങ്ങൾക്കിടയിലുള്ള വിശ്വാസം പുനഃസ്ഥാപിച്ചാൽ മാത്രമേ അവർക്ക് തിരികെപ്പോകാൻ കഴിയൂ. ചില സ്ഥലങ്ങളിൽ കേന്ദ്രസേനയ്ക്ക് എത്രകാലം ജനങ്ങൾക്ക് കാവൽനിൽക്കാൻ കഴിയും – ഖേംചന്ദ് പറഞ്ഞു.

മുഖ്യമന്ത്രിയുടെ ഇടപെടൽ വലിയൊരു മാറ്റമായിരുന്നുവെന്ന് സംഘടന പ്രതികരിച്ചു. തങ്ങളുടെ ആവശ്യങ്ങൾ മുഖ്യമന്ത്രി ശ്രദ്ധയോടെ കേട്ടു. ഇരകൾക്ക് നീതി ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹത്തെ അറിയിച്ചെന്നും സമാധാനശ്രമങ്ങൾക്ക് പിന്തുണനൽകുന്നതായും സംഘടനാനേതാക്കൾ വ്യക്തമാക്കി.

ബിരേൻസിങിന് പകരം ഖേംചന്ദിനെ മുഖ്യമന്ത്രിയായി ബിജെപി നിയോഗിച്ചത് അനുനയനീക്കത്തിന്റെ ഭാഗമായിട്ടാണ്. പ്രത്യേകഭരണകൂടവും ബഫർസോണുകളുടെ സംരക്ഷണവും ഉപാധികളായി സംഘടന നിരത്തിയെന്നാണ് സൂചന. എന്നാൽ, ചർച്ചയിൽ തീരുമാനമൊന്നുമുണ്ടായില്ല.

# പാമ്പിൻവിഷം എൻഡിപിഎസ് നിയമത്തിനു കീഴിൽ വരില്ലെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: പാമ്പിൻവിഷം ലഹരിവസ്തുവായി ഉപയോഗിക്കുന്നത് നർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് (എൻഡിപിഎസ്) നിയമത്തിനു കീഴിൽ വരില്ലെന്ന് സുപ്രീംകോടതി. പാമ്പിൻവിഷം രാസലഹരിയുടെ ഗണത്തിൽ ഉൾപ്പെടുത്താൻ സാധിക്കില്ലെന്നും ജസ്റ്റിസുമാരായ എം.എം. സുന്ദരേഷ്, എൻ.കെ. സിംഗ് എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. വിദേശികളെ ക്ഷണിച്ച് പാമ്പിൻവിഷം ലഹരിവസ്തുവായി നൽകിയതുമായി ബന്ധപ്പെട്ട് യുട്യൂബർ എൽവിഷ് യാദവ് സിദ്ധാർത്ഥിന് എതിരായ കേസാണ് സുപ്രീംകോടതി പരിഗണിച്ചത്.

ലഹരിവസ്തുവായി പാമ്പിൻവിഷം ഉപയോഗിച്ചെങ്കിലും അത് രാസലഹരിയുടെ  പരിധിയിൽ വരാത്ത സാഹചര്യത്തിൽ എൻഡിപിസി നിയമപ്രകാരം കുറ്റം ചുമത്താനാകില്ലെന്നു കോടതി നിരീക്ഷിച്ചു. തുടർന്ന് എൽവിഷിനെതിരായ കേസ് കോടതി റദ്ദാക്കി.

വന്യജീവി സംരക്ഷണ നിയമപ്രകാരം പ്രതികൾക്കെതിരേ പരാതി നൽകിയാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കൂവെന്ന് കോടതി വ്യക്തമാക്കി. നിയമപ്രകാരം ഒരു അംഗീകൃത അധികാരിയുടെ പരാതി ആവശ്യമാണെന്നും കോടതി ചൂണ്ടിക്കാട്ടി.

# ഗ്രേറ്റർ നിക്കോബാർ പദ്ധതി: ഗോത്രവർഗസംഘം രാഹുൽഗാന്ധിയെ കണ്ടു



ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുമായി ആൻഡമാനിലെ ഗോത്രവിഭാഗനേതാക്കൾ നടത്തിയ കൂടിക്കാഴ്ചയിൽ നിവേദനം നൽകുന്നു.

ന്യൂഡൽഹി: കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഗ്രേറ്റ് നിക്കോബാർ ഇൻഫ്രാസ്ട്രക്ചർ പദ്ധതിയുടെ പശ്ചാത്തലത്തിൽ, ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ ഗോത്രവർഗ പ്രതിനിധിസംഘം ലോക്സഭാ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയുമായി കൂടിക്കാഴ്ച നടത്തി. മാർച്ച് 19-ന് വ്യാഴാഴ്ച ന്യൂഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിൽ ഗ്രേറ്റ് നിക്കോബാർ പദ്ധതി ദ്വീപിന്റെ ആവാസവ്യവസ്ഥയെയും തദ്ദേശീയ ഗോത്രസമൂഹങ്ങളെയും ദോഷകരമായി ബാധിക്കുമെന്ന ആശങ്ക പങ്കുവെച്ചു. വികസനം പ്രകൃതിനാശത്തിനോ ഗോത്രവർഗക്കാരുടെ കുടിയൊഴിപ്പിക്കലിനോ കാരണമാകരുതെന്നും സംഘം അറിയിച്ചു. തദ്ദേശവാസികളുടെ അവകാശങ്ങളും ഉപജീവനമാർഗങ്ങളും സംരക്ഷിക്കുന്ന സമീപനം വേണമെന്നും അവർ ആവശ്യപ്പെട്ടു. നിക്കോബാർ ജില്ലയിലെ ട്രൈബൽ കൗൺസിൽ അംഗങ്ങളാണ് സംഘത്തിലുണ്ടായിരുന്നത്.

# കുട്ടനാട്ടിലെ പ്രളയം: നഷ്ടപരിഹാരം ലഭിക്കാത്തവരെ കണ്ടെത്തണമെന്ന് ഹൈക്കോടതി

കൊച്ചി: കുട്ടനാട്ടിലെ പ്രളയ ദുരിതത്തിനിരയായവരിൽ നഷ്ടപരിഹാരത്തിന് അർഹരായവർ ഇനിയുമുണ്ടെങ്കിൽ കണ്ടെത്തണമെന്ന് ഹൈക്കോടതി. ദുരന്തനിവാരണ അഥോറിറ്റിയുടെ ചുമതലയുള്ള റവന്യൂ അഡീ. സെക്രട്ടറി പരിശോധന നടത്തണം. ജില്ലാ കളക്ടർ മുഖേന തുക വിതരണത്തിന് തുടർനടപടികൾ സ്വീകരിക്കണമെന്ന് ചീഫ് ജസ്റ്റീസ് സൗമെൻ സെൻ, ജസ്റ്റീസ് വി.എം. ശ്യാംകുമാർ എന്നിവരുൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു.

അർഹരെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിച്ചു വേണം നടപടികളെന്നും നിർദേശിച്ചു. നഷ്ടപരിഹാരത്തിനായി അർഹരെ കണ്ടെത്തുന്നതിൽ സുതാര്യത ഉറപ്പു വരുത്തണമെന്നാവശ്യപ്പെട്ട് പൊതുപ്രവർത്തകൻ ജെയ്സപ്പൻ മത്തായി നല്കിയ ഹർജി തീർപ്പാക്കിയാണ് ഉത്തരവ്.

ഹൈക്കോടതി നേരത്തെ പുറപ്പെടുവിച്ച ഉത്തരവിനെത്തുടർന്ന് സർക്കാർ 3,800 രൂപ വീതം സഹായധനം അനുവദിച്ചിരുന്നു. 3,232 കുടുംബങ്ങളെയാണ് അർഹരായി കണ്ടെത്തിയത്. പിന്നീട് ദുരന്തത്തിന്റെ തീവ്രത പരിഗണിച്ച് 10,000 രൂപ വരെയായി നഷ്ടപരിഹാരം വർദ്ധിപ്പിച്ചു.

# വെള്ളാപ്പള്ളിയെ അയോഗ്യനാക്കിയ നടപടിക്ക് ഡിവിഷൻ ബെഞ്ച് സ്റ്റേ

കൊച്ചി: വെള്ളാപ്പള്ളി നടേശൻ, തുഷാർ വെള്ളാപ്പള്ളി ഉൾപ്പെടെ നാല് എസ്എൻഡിപി യോഗം ഡയറക്ടർമാരെ അയോഗ്യരാക്കിയ സിംഗിൾ ബെഞ്ച് ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു.

വെള്ളാപ്പള്ളി നടേശനു പുറമേ, പ്രസിഡണ്ട് ഡോ. എം.എൻ. സോമൻ, വൈസ് പ്രസിഡണ്ട് തുഷാർ വെള്ളാപ്പള്ളി, ദേവസ്വം സെക്രട്ടറി അരയ്ക്കണ്ടി സന്തോഷ് എന്നിവരെ അയോഗ്യരാക്കിയ നടപടിക്കാണ് സ്റ്റേ. അപ്പീലിൽ എതിർകക്ഷികൾക്ക് ചീഫ് ജസ്റ്റിസ് അദ്ധ്യക്ഷനായ ഡിവിഷൻ ബെഞ്ച് നോട്ടീസ് അയച്ചു. അപ്പീലുകൾ അന്തിമ വാദത്തിനായി ജൂണിൽ പരിഗണിക്കും. മാർച്ച് 12-ലെ സിംഗിൾ ബെഞ്ച് ഉത്തരവ് നിയമവിരുദ്ധവും അധികാര പരിധി മറികടന്നുള്ളതുമാണെന്ന് ആരോപിച്ചാണ് വെള്ളാപ്പള്ളിയും തുഷാർ വെള്ളാപ്പള്ളിയും അപ്പീൽ നല്കിയത്.

# ഒമാൻ പ്രളയം: മൂന്ന് മലയാളികൾക്ക് ദാരുണാന്ത്യം

ആനക്കര: ഒമാനിലെ ബർക്കയിലുണ്ടായ പ്രളയ ദുരന്തത്തിൽ മരിച്ചവരിൽ മൂന്നു മലയാളികളും. ഒരാളെ കാണാതായി. പാലക്കാട് ജില്ലയിലെ തൃത്താല, പട്ടിത്തറ സ്വദേശികളാണ് മരിച്ചത്. ഒമാൻ ഇൻകാസ് നേതാവ് ലുബിഷാദിന്റെ ഭാര്യ പട്ടിത്തറ കൊട്ടോപ്പാടം സ്വദേശി ഷംല ലുബിഷാദ് (32), തൃത്താല തച്ചറത്തൊടിയിൽ മുഹമ്മദ് കുട്ടിയുടെ മകൻ ഫഹദ് യൂസഫ് (37), കൊല്ലം പെരിനാട് കണ്ടിച്ചിറ സ്വദേശി മഹേഷ് എന്നിവരുടെ മൃതദേഹങ്ങളാണ് കണ്ടെത്തിയത്.

കാണാതായ യൂസഫിന്റെ മാതാവ് റംലത്തി (57)നു വേണ്ടിയുള്ള തെരച്ചിൽ തുടരുകയാണ്. ഒമാനിലെ തെക്കൻ അൽബത്തിന ഗവർണറേറ്റിലെ ബർക്കയിലെ വിലായത്തിൽ കഴിഞ്ഞ ദിവസം രാത്രിയുണ്ടായ കനത്ത മഴയും പെട്ടെന്നുണ്ടായ പ്രളയവുമാണ് ദുരന്തത്തിലേക്കു നയിച്ചത്. സംഭവത്തിൽ ഒൻപതു പേരാണ് മരിച്ചത്. സൗത്ത് അൽ ബത്തിന ഗവർണറേറ്റിൽ വാദി അൽ മാവിലിലെ പ്രളയജലത്തിൽ വാഹനങ്ങൾ കുടുങ്ങുകയായിരുന്നു.

തൃത്താല സ്വദേശികളായ ലുബുദാഷിന്റെയും സുഹൃത്ത് യൂസഫിന്റെയും കുടുംബങ്ങൾ സഞ്ചരിച്ച വാഹനമാണ് ഒഴുക്കിൽ പെട്ടത്. യൂസഫിന്റെ കുടുംബത്തിനൊപ്പം ഒരു വാഹനത്തിൽ പെരുന്നാളിന് യാത്ര പോയതായിരുന്നു രണ്ടു കുടുംബങ്ങളും. ഇവരുടെ വാഹനം ഒമാനിലെ ബർകയിലെ വാദിയിൽ (കനാൽ) കുത്തൊഴുക്കിൽ പെടുകയായിരുന്നു. കോൺഗ്രസ് നേതാവും തൃത്താല ബ്ലോക്ക് പഞ്ചായത്ത് അംഗവുമായ മാളിയേക്കൽ ബാവയുടെ മരുമകളാണ് മരിച്ച ഷംല. അപകടം നടന്ന സ്ഥലത്തുനിന്നു രണ്ട് കിലോമീറ്ററോളം അപ്പുറത്ത് നിന്നാണ് ഇവർ സഞ്ചരിച്ച വാഹനം കണ്ടെത്തിയത്. ലുബിഷാദും മക്കളും അടക്കം ആറുപേർ അപകടത്തിൽനിന്നു രക്ഷപ്പെട്ടു. ബർകയിലെ സൂക്കിലുള്ള സുഹൃത്തിന്റെ വീട്ടിൽ ഒത്തുകൂടി ഭക്ഷണം കഴിച്ച് തിരിച്ചു വരുംവഴി സൂക്കിന്റെ ഉൾഭാഗത്തുള്ള വാദിയിൽ വാഹനം അകപ്പെടുകയായിരുന്നു. മസ്കത്തിലെ സീബിൽ സൈക്കിൾ ഷോപ് നടത്തുകയാണ് ലുബിഷാദ്. കുമ്പിടി താഴത്തേത്തിൽ അബൂബക്കറിന്റെ മകളാണ് ഷംല. ഫഹദിന്റെ സഹോദരി: സീന.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 12
March 23, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

## മഹദ്‌വചനം

നല്ലവനായിരിക്കൂ, നിങ്ങൾക്ക് സന്തോഷമുണ്ടാകും.

**ബെഞ്ചമിൻ ഫ്രാങ്ക്‌ലിൻ**

ക്ഷമിക്കാനുള്ള കഴിവ് മനസ്സിനെ സ്വതന്ത്രമാക്കും. അതു ഭയത്തെ ദുരീകരിക്കും.

**മോർഗൻ ഫ്രീമാൻ**

# MEDICARE PLANS

QUESTIONS ANSWERED

- ZERO PREMIUM PPO PLANS
- PRESCRIPTION DRUG BENEFIT
- DENTAL, VISION & HEARING
- WORLD WIDE COVERAGE
- FREE GYM MEMBERSHIP
- SUPPLEMENT BENEFITS

CONTACT

**Raj Surendran, MBA**

Senior Medicare Specialist

708-945-3985



www.questwealthgroup.com
rsurendran007@gmail.com

# LUXURY HOME STAY IN

PULLAD/KUMBANAD/KOZHENCHERRY/THIRUVALLA



- Quiet and Safe Area
- Near Shopping Centers and Major Towns/Attractions
- 3 hr to Kochin and Thiruvananthapuram Airport
- 3 AC Bedrooms (one of them is a loft bedroom)
- Separate Studio for drivers
- 4 American-style Bathrooms
- Surveillance camera
- Car service/Chef/Security Personnel can be arranged
- Weekly and Monthly stays can be arranged
- If stay for large parties is needed, I can arrange other home stays also

Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in

Address: Mundayil Homestay,
Kumbanad P.O.
Pathanamthitta District,
Kerala, India 689547

# nella CONSULTING

ACCOUNTING | TAX | CONSULTING






# FOR ALL YOUR PERSONAL AND BUSINESS TAX SERVICES



**TOMY NELLAMATTAM, E.A.**
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)

*FREE ELECTRONIC FILING*
*FULL TIME IN ACCOUNTING & TAX SERVICES*

Partner
**ALVIN NELLA, CPA, MBA**

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# ഡിജിറ്റൽ അടിമത്തത്തിൽനിന്ന് മോചനം നേടണം

സാമൂഹികമാധ്യമങ്ങളിലെ റീൽസും ട്രോളുകളും പരസ്യങ്ങളുംവരെ സന്തോഷം കൊണ്ടുവരുമെന്ന് വിശ്വസിക്കുന്നവരാണേറെയും. നേരംപോക്കായും ഒറ്റപ്പെടലിൽനിന്നുള്ള രക്ഷയായും വിഷാദമകറ്റുന്ന മരുന്നായും മറ്റും സ്മാർട്ഫോണുകളെ ആശ്രയിക്കുന്നവരുടെ എണ്ണം പ്രായഭേദമില്ലാതെ കൂടിവരുകയാണ്. ഡിജിറ്റൽ ഉപകരണങ്ങൾ നമ്മുടെ സമയവും ഇഷ്ടാനിഷ്ടങ്ങളുമെല്ലാം നിശ്ചയിക്കുന്ന, അപകടകരമായ അടിമത്തത്തെക്കുറിച്ച് മുന്നറിയിപ്പുകൾ പലതുവന്നിട്ടും അവ തരുന്ന താത്കാലിക സന്തോഷത്തിൽ നമ്മളൊക്കെ തുടരുകയാണ്. സാമൂഹികമാധ്യമങ്ങൾ സന്തോഷം കെടുത്തുമെന്ന മുന്നറിയിപ്പുമായി പുറത്തുവന്ന ഈ വർഷത്തെ ലോക സന്തുഷ്ടി റിപ്പോർട്ട് പ്രസക്തമാവുന്നത് ഈ സാഹചര്യത്തലാണ്. 25 വയസ്സിൽ താഴെയുള്ളവരുടെ, പ്രത്യേകിച്ച് 15-ൽ താഴെയുള്ള പെൺകുട്ടികളുടെ ജീവിതത്തിൽ സാമൂഹികമാധ്യമങ്ങളുണ്ടാക്കുന്ന പ്രത്യാഘാതങ്ങളാണ് റിപ്പോർട്ട് എടുത്തുപറഞ്ഞിട്ടുള്ളത്. ദിവസം അഞ്ചുമണിക്കൂറിലധികം സാമൂഹികമാധ്യമങ്ങളിൽ ചെലവിടുന്ന പെൺകുട്ടികളുടെ ജീവിതം അസന്തുഷ്ടി നിറഞ്ഞതാണെന്നാണ് കണ്ടെത്തൽ. അൽഗൊരിതം ഫീഡുകളും ഇൻഫ്ളുവൻസർമാരും താരതമ്യപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതാണ് കാരണമായി പറയുന്നത്. നിറത്തിൽ, സൗന്ദര്യത്തിൽ, ജീവിതനിലവാരത്തിൽ, സമ്പന്നതയിൽ 'നിങ്ങൾ പോരാ മെച്ചപ്പെടണം' എന്ന് ആവർത്തിച്ചുപറയുന്ന ഫീഡുകളും ഇൻഫ്ളുവൻസർമാരും കൗമാരക്കാരുടെ ആത്മവിശ്വാസമാണ് ഇല്ലാതാക്കുന്നത്.

ആനന്ദം ജീവിതചര്യയായി മാറ്റുമ്പോൾ, ആ ചൈതന്യം മറ്റുള്ളവരിലേക്കു പകരാനാകുമ്പോൾ സ്വന്തം ജീവിതം നമ്മെത്തന്നെ നോക്കി ചാരിതാർഥ്യത്തോടെ പുഞ്ചിരിക്കുന്നതു നമുക്കു കാണാം. മറ്റൊരാളിലേക്കു സന്തോഷം പകരുന്നത് എങ്ങനെയുമാകാം - അതു സ്നേഹമാകാം, അറിവാകാം. ഭക്ഷണമോ വിദ്യാഭ്യാസ സഹായമോ ആവാം. ഏതു തരത്തിലായാലും ആ പങ്കിടൽ ആനന്ദത്തിലേക്കുള്ള നദിയൊഴുക്കായിത്തീരുന്നു. സന്തോഷത്തിന്റെ സമാഹാരവുമാകുന്നു. പുതിയ കേരളത്തിനു പിന്തുടരാവുന്നൊരു ആന്ദമാർഗം നമുക്കിതിൽ കണ്ടെത്തിക്കൂടേ? സന്തോഷം കെടുത്തുന്നതാണ് ഈ കാലം എന്നതിൽ തർക്കമില്ല. ആശങ്കപ്പെടാനും ആകുലപ്പെടാനുമൊക്കെ എത്രയോ കാരണങ്ങൾ തുടർച്ചയായി നമുക്കുണ്ടാകുന്നു. അതുകൊണ്ടുതന്നെയാണ് സദാ സംഘർഷഭരിതമായ ഇന്നത്തെ കാലത്തു നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും ആനന്ദത്തിന്റെ ശീതളഛായ അടിയന്തരാവശ്യം തന്നെയാകുന്നത്. ആനന്ദം കണ്ടെത്താൻ ദൂരെ പോകേണ്ട കാര്യമേയില്ല. അത് അവരവരിൽത്തന്നെയുണ്ട്. മനസ്സ് കാലുഷ്യവും കന്മഷവും ഇല്ലാതെ ഒരുക്കിവെച്ചാൽ, ശരീരം അതിനൊപ്പമുണ്ടാകും. അപ്പോൾ ഓരോരുത്തർക്കും തിരിച്ചറിയാം എനിക്കുള്ളിലുണ്ട് സന്തോഷം. അഥവാ, ഞാൻ തന്നെയാണു സന്തോഷം. ഫിൻലൻഡ് ലോകത്തിനു നൽകുന്ന ആനന്ദസന്ദേശവും ഇതുതന്നെ. സന്തുഷ്ടി റിപ്പോർട്ടിൽ തുടർച്ചയായി ഒന്നാമതെത്തുന്ന ഫിൻലൻഡിലെ ജനങ്ങളുടെ സാമൂഹികമാധ്യമ ഇടപെടലുകളും ഇതോടു ചേർത്തുവായിക്കേണ്ടതാണ്. കാടും തടാകങ്ങളും തുറസ്സായ പ്രദേശങ്ങളും ഏറെയുള്ള ആ രാജ്യത്തെ ജനങ്ങൾ സന്തോഷം തേടിയിറങ്ങുന്നത് പ്രകൃതിയിലേക്കാണ്. നിയന്ത്രിതമായിമാത്രം സ്മാർട്ഫോണുകളും ഗാഡ്ജറുകളും ഉപയോഗിക്കുന്ന അവിടത്തുകാർ, മനുഷ്യരോട് നേരിട്ട് സംവദിക്കുന്നതിലും സൗഹാർദം പുലർത്തുന്നതിലും സന്തുഷ്ടി കണ്ടെത്തുന്നു. വിദ്യാലയങ്ങളിൽ ഡിജിറ്റൽ പാഠപുസ്തകങ്ങൾ പിൻവലിച്ച് പഴയരീതിയിലുള്ള കടലാസ് പുസ്തകങ്ങളിലേക്ക് മാറാനുള്ള തീരുമാനവും ഭാവി തലമുറയുടെ ശാരീരിക, മാനസിക ആരോഗ്യം മുൻനിർത്തി ഫിൻലൻഡ് ഈയടുത്ത് സ്വീകരിച്ചിട്ടുണ്ട്. ശരീരത്തിലെ അഴുക്കുകൾ നീക്കിക്കളയുന്നതുപോലെ ഡിജിറ്റൽ വിഷമുക്തമാക്കലും (ഡിജിറ്റൽ ഡിട്രോക്സിഫിക്കേഷൻ) അനിവാര്യമാണെന്ന തിരിച്ചറിവിലേക്ക് ലോകം എത്തുകയാണ്. ഡിജിറ്റൽ ലോകത്തുനിന്ന് സമ്പൂർണമായി മാറിനിൽക്കുകയെന്നത് അസാധ്യമാണെന്നതിനാൽ വിവേകപൂർവമുള്ള ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുക എന്ന നയത്തിനാണ് സ്വീകാര്യത കിട്ടുന്നത്. ഓസ്ട്രേലിയ ഉൾപ്പെടെയുള്ള രാജ്യങ്ങൾ നിയമപരമായിത്തന്നെ കുട്ടികളിൽ സ്മാർട്ട് ഫോൺ ഉപയോഗം പരിമിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നാളേക്കുള്ള വലിയ സന്തോഷത്തിനായി ഇന്നത്തെ ചെറിയ സന്തോഷങ്ങൾ നഷ്ടപ്പെടുത്താനാണ് കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടത്. സർഗാത്മകബദലുകൾ കണ്ടെത്താനും കുട്ടികളെ ആ വഴിക്കു നടത്താനുമുള്ള ബോധപൂർവമായ ശ്രമങ്ങൾ മുതിർന്നവരിൽനിന്ന് ഉണ്ടാകണം. ഡിജിറ്റൽ അടിമത്തത്തിന് കളി നല്ല മറുമരുന്നാണെന്ന ഗവേഷണറിപ്പോർട്ടുകളുണ്ട്. വേനലവധിയുടെ പടിവാതിൽക്കൽ നിൽക്കുന്ന നമ്മുടെ കുട്ടികൾക്കായി കളിക്കളങ്ങളും വായനശാലകളും നാടകക്യാമ്പുകളും മറ്റുമൊരുക്കാൻ വീടും നാടും സ്കൂളുമെല്ലാം കൈകോർക്കുമെന്ന് പ്രതീക്ഷിക്കാം.

# പുൽമേടുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കാൻ പ്രത്യേക പദ്ധതി

ന്യൂഡൽഹി: ഇന്ത്യയിലെ പുൽമേടുകളും തണ്ണീർത്തടങ്ങളും ഒരുപോലെ സംരക്ഷിക്കാൻ പ്രത്യേക നയവും കർമപദ്ധതിയും ആവിഷ്കരിക്കാൻ കേന്ദ്രസർക്കാർ.

ദെഹ്റാദൂണിൽ ചേർന്ന ദേശീയ വന്യജീവി ബോർഡ് സ്റ്റാൻഡിങ് കമ്മിറ്റി യോഗത്തിലാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇതിന്റെ സൂചന നൽകിയത്. മനുഷ്യ-വന്യജീവി സംഘർഷം കൂടിയ സാഹചര്യത്തിൽ അവയെ പ്രതിരോധിക്കാനാവശ്യമായ ഇടപെടലുണ്ടാകണമെന്ന അഭിപ്രായം യോഗത്തിലുയർന്നു. ഇതിന്മേൽനടന്ന ചർച്ചയിലാണ് കേന്ദ്രസർക്കാർ ജൈവ വൈവിധ്യ സംരക്ഷണമുറപ്പാക്കുന്ന പുതിയ കർമപദ്ധതി സംബന്ധിച്ച സൂചന നൽകിയത്. ദേശീയ വനനയത്തിന്റെ മാതൃകയിലാകും സംരക്ഷണത്തിനായുള്ള നയം തയ്യാറാക്കുക.

കാടിനകത്തും പുറത്തുമുള്ള പുൽമേടുകൾ സംരക്ഷിക്കേണ്ടത് ജൈവ ആവാസവ്യവസ്ഥയുടെ സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണെന്ന് വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള അംഗങ്ങൾ ചൂണ്ടിക്കാട്ടി.

കാടിനകത്തും പുറത്തുമുള്ള പുൽമേടുകളും തണ്ണീർത്തടങ്ങളും നശിച്ചുപോയതാണ് വന്യജീവികൾ വൻതോതിൽ കാടിന് പുറത്ത് കൃഷിയിടങ്ങളിലേക്ക് ഇറങ്ങി നാശംവിതയ്ക്കുന്ന സ്ഥിതിയുണ്ടാതെന്ന് കേരളത്തെ പ്രതിനിധാനം ചെയ്ത സംസ്ഥാന മുഖ്യ വന്യജീവി വാർഡൻ പ്രമോദ് ജി. കൃഷ്ണൻ ചൂണ്ടിക്കാട്ടി.



മരങ്ങൾമാത്രം ഉൾപ്പെടുന്നതാണ് കാട് എന്ന സങ്കല്പത്തെ പൊളിച്ചെഴുതേണ്ടിയിരിക്കുന്നതെന്നും പുൽമേടുകളും തണ്ണീർത്തടങ്ങളും മരങ്ങളുമെല്ലാം ചേർന്നതാണ് കാടെന്നും കേരള പ്രതിനിധിയടക്കമുള്ളവർ പറഞ്ഞു.

പാരിസ്ഥിതിക, ജൈവ ആവാസ വ്യവസ്ഥയ്ക്ക് ഭീഷണിയുയർത്തി കുളവാഴകളും ആഫ്രിക്കൻപായലും പോലുള്ള അധിനിവേശസസ്യ, ജീവി വർഗങ്ങൾ പടർന്നുപിടിക്കുന്നത് പഠിക്കാൻ വിദഗ്ധസമിതിയെ നിയോഗിച്ച് ദേശീയ ജൈവവൈവിധ്യ അതോറിറ്റി ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിനെ തുടർന്നാണിത്.

ഉത്തരാഖണ്ഡ് വനംവകുപ്പ് മുൻമേധാവി ധനഞ്ജയ് മോഹൻ സമിതിയുടെ ചെയർമാനും കേരള ഫിഷറീസ് സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. എ. ബിജുകുമാർ കോ-ചെയർമാനുമാണ്. രണ്ടുവർഷമാണ് സമിതിയുടെ കാലാവധി.

പാരിസ്ഥിതിക ആവാസവ്യവസ്ഥയുടെ പുനഃസ്ഥാപനം, അധിനിവേശ സസ്യങ്ങളുടെ പ്രതിരോധവും നിയന്ത്രണവും നടപ്പാക്കി അവയെ പൂർണമായും ഇല്ലാതാക്കൽ എന്നിവയ്ക്കാവശ്യമായ നടപടികളാണ് സമിതി നിർദേശിക്കേണ്ടത്.

# കേരളത്തിൽ സൗരോർജ വൈദ്യുതനിലയങ്ങൾ സ്ഥാപിക്കുന്നതിൽ വൻകുതിപ്പ്

തിരുവനന്തപുരം: പുരപ്പുറ സൗരോർജ വൈദ്യുതനിലയങ്ങൾ സ്ഥാപിക്കുന്നതിൽ കേരളത്തിൽ വൻകുതിപ്പ്. 2025 ഏപ്രിൽ മുതൽ ഡിസംബർവരെ 10 മാസം 1.08 ലക്ഷം സോളാർനിലയങ്ങളാണ് പുതുതായി സ്ഥാപിച്ചത്. കെഎസ്ഇബി ശേഖരിച്ച വിവരപ്രകാരമാണിത്. ഇതോടെ എണ്ണം 3,61,675 ആയി. പുരപ്പുറത്തല്ലാതെ സ്ഥാപിച്ചിട്ടുള്ള 45 സൗരോർജ വൈദ്യുതനിലയങ്ങൾ വേറെയുമുണ്ട്.

2024 ഏപ്രിൽമുതൽ 2025 മാർച്ചുവരെ 98,636 നിലയങ്ങളാണ് പുതുതായി വന്നത്. ആ സ്ഥാനത്താണ് പത്തുമാസംകൊണ്ട് ഒരുലക്ഷം പിന്നിട്ടത്. കേന്ദ്രസർക്കാരിന്റെ പി.എം. സൂര്യഘർ പദ്ധതിയുടെ വരവോടെയാണ് ഈ വർധന. ആനുകൂല്യങ്ങളിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തി റെഗുലേറ്ററി കമ്മീഷൻ പുതിയ ചട്ടങ്ങൾ കൊണ്ടുവന്നപ്പോൾ നിലയങ്ങൾ സ്ഥാപിക്കുന്നതിനോട് താത്പര്യം കുറയുമെന്ന പ്രചാരണമുണ്ടായിരുന്നു. അഞ്ചു കിലോവാട്ടിനു മുകളിലുള്ള നിലയങ്ങൾക്ക്, ലാഭകരമായ നെറ്റ് മീറ്ററിങ്ങിൽ തുടരാൻ പ്രത്യേക ചാർജ് നിർബന്ധമാക്കാൻ കേന്ദ്രവും നീക്കംതുടങ്ങിയിരുന്നു. എന്നാൽ, സാധാരണ ഗാർഹിക ഉപഭോക്താക്കൾക്ക് അഞ്ചുകിലോവാട്ടിൽ കൂടുതൽ ശേഷിയുള്ള നിലയങ്ങൾ ആവശ്യമില്ല. അതിനാൽ നിയന്ത്രണങ്ങൾ പ്രാബല്യത്തിൽവന്നാലും തൽകാലം അവരെയൊന്നും ബാധിക്കില്ല.

കേരളത്തിൽ സൗരോർജ വൈദ്യുത നിലയങ്ങളുടെ ആകെ ഉത്പാദന ശേഷി ഇപ്പോൾ 2228.765 മെഗാവാട്ടാണ്. മാസംതോറും ഏകദേശം 12,000 നിലയങ്ങൾ കൂടുതലായി സ്ഥാപിക്കുന്നു. ഇതിലൂടെ പ്രതിമാസം 60 മെഗാവാട്ട് വീതം കൂടുതലായി ചേർത്തുകൊണ്ടിരിക്കുകയാണ്. സോളാർ വൈദ്യുതിയുടെ സ്ഥാപിതശേഷി ജലവൈദ്യുതി ഉത്പാദനശേഷിയെക്കാൾ മുന്നിലെത്തിക്കഴിഞ്ഞു. 2024 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ ജലവൈദ്യുതപദ്ധതികളുടെ സ്ഥാപിത ശേഷി 2096.36 മെഗാവാട്ടാണ്.

# ധൻകറിന്റെ രാജിക്ക് കാരണം ഇ.ഡി. ഭീഷണിയെന്ന്

മുംബൈ: ജഗ്ദീപ് ധൻകർ ഉപരാഷ്ട്രപതി പദവി രാജിവെച്ചത് ഇഡിയെ (എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്) ഭയന്നാണെന്ന് ശിവസേന (ഉദ്ധവ്) നേതാവ് സഞ്ജയ് റാവുത്ത് പുസ്തകത്തിൽ ആരോപിക്കുന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തരമന്ത്രി അമിത് ഷാ, എൻസിപി നേതാവ് ശരത് പവാർ എന്നിവരെക്കുറിച്ചും പുസ്തകത്തിൽ പരാമർശങ്ങളുണ്ട്. ജയ്പൂരിലെ വീട് വിറ്റപ്പോൾ ലഭിച്ച തുക വിദേശത്ത് കടത്തിയതിന്റെ പേരിലാണ് ധൻകറെ ഇ.ഡി. കുടുക്കാൻ ശ്രമിച്ചത്. മോദി സർക്കാരിനെതിരേയുള്ള ചില രാഷ്ട്രീയ നീക്കങ്ങളെക്കുറിച്ച് അഭ്യൂഹം ഉയർന്നപ്പോഴാണ് നടപടി കടുപ്പിച്ചത്. രാജിവെക്കാൻ അദ്ദേഹത്തോട് സമ്മർദ്ദം ചെലുത്തുകയായിരുന്നു ലക്ഷ്യം. പിന്നാലെ അനാരോഗ്യം ചൂണ്ടിക്കാട്ടി ധൻകർ പടിയിറങ്ങി-റാവുത്ത് പറയുന്നു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ആഭ്യന്തരമന്ത്രി അമിത് ഷായുടെയും തെരഞ്ഞെടുപ്പ് ചട്ടലംഘനങ്ങളോട് വിയോജിച്ചതിനു പിന്നാലെ മുൻ തെരഞ്ഞെടുപ്പ് കമ്മീഷണർ അശോക് ലവാസയെ തേടി കേന്ദ്ര ഏജൻസികൾ എത്തി. ഇ.ഡി. റെയ്ഡ് നടത്തി കുടുംബാംഗങ്ങൾക്ക് സമൻസ് ലഭിച്ചതോടെ 2020-ൽ അദ്ദേഹം രാജിവെക്കാൻ നിർബന്ധിതനായി.

ഗുജറാത്ത് മുഖ്യമന്ത്രിയായിരിക്കെ നരേന്ദ്ര മോദിക്കെതിരെ ഗോധ്ര കലാപക്കേസിൽ നിയമനടപടിക്കുള്ള നീക്കം നടന്നപ്പോൾ അന്നത്തെ കേന്ദ്രമന്ത്രി ശരത് പവാർ എതിർത്തു, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട മുഖ്യമന്ത്രിയെ ജയിലിൽ അടയ്ക്കുന്നത് അനുചിതമാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അമിത് ഷാ ഒന്നിലധികം കേസുകൾ നേരിട്ടപ്പോൾ അദ്ദേഹം സഹായത്തിനായി ബാൽ താക്കറെയെ സമീപിച്ചു. ജാമ്യം ലഭിക്കാൻ പവാറും ശിവസേനാ സ്ഥാപകൻ ബാൽ താക്കറെയും സഹായിച്ചു. ഷായുടെ അഭ്യർത്ഥന പ്രകാരം ജഡ്ജിയോട് ചർച്ച ചെയ്യാൻ മുൻ മുഖ്യമന്ത്രി മനോഹർ ജോഷിയെ താക്കറെ നിയോഗിച്ചു. ആ ഇടപെടൽ അമിത് ഷായുടെ രാഷ്ട്രീയജീവിതത്തിൽ നിർണായകമായെന്നും പുസ്തകത്തിൽ അവകാശപ്പെടുന്നു.

# LEGAL TEAM FOR PROPERTY SALE

I recently got my inherited properties in Kerala mutated from my parents to me through the efforts of a team of legal experts who have been practicing in Kerala for the past 40+ years on many different legal cases. If you are interested in getting in touch with this same legal team contact me for their contact details.

I have neither any financial (monetary) gains from nor any legal liability or responsibility for your case because your engagement with this legal team will be at your own sole risk. Consult with your local legal advisor before you decide to engage that is if you are unsure.

Here as a favor to the Malayalee expatriate community at large and at my own cost and my own will I am sharing my experience here for those seeking help with their assets in Kerala. The intent of the content in this post of mine is neither to promote nor degrade anyone nor their profession but to help those in serious need.

**My number is**
**+1 (412) 327-5600 (USA)**






# അയോധ്യ ശ്രീരാമക്ഷേത്രത്തിൽ രാമരക്ഷായന്ത്രം പ്രതിഷ്ഠിച്ചു

അയോധ്യ: ചൈത്ര നവരാത്രിയുടെയും ഹിന്ദു പുതുവർഷത്തിന്റെയും തുടക്കംകുറിക്കുന്ന ശുഭമുഹൂർത്തത്തിൽ അയോധ്യയിലെ രാമക്ഷേത്രത്തിൽ രാമരക്ഷായന്ത്ര പ്രതിഷ്ഠ നടന്നു. മന്ത്രമുഖരിതമായ അന്തരീക്ഷത്തിൽ നടന്ന പ്രതിഷ്ഠാകർമത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, മാതാ അമൃതാനന്ദമയി, ഉത്തർപ്രദേശ് ഗവർണർ ആനന്ദിബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റ് ട്രഷറർ ഗോവിന്ദദേവ് ഗിരിജി തുടങ്ങിയവർ പങ്കെടുത്തു.

അയോധ്യ ഭാരതത്തിന്റെ ആത്മീയവും സാംസ്കാരികവുമായ ഊർജകേന്ദ്രമാണെന്നും രാമക്ഷേത്രനിർമാണം ഒരു പുതിയ യുഗത്തിന്റെ തുടക്കമാണെന്നു രാഷ്ട്രപതി അഭിപ്രായപ്പെട്ടു. രാമരാജ്യം എന്നാൽ നീതിയും തുല്യതയും അടിസ്ഥാനമാക്കിയുള്ള ഭരണസംവിധാനമാണെന്നും ചൂണ്ടിക്കാട്ടി.

ഭാരതീയസംസ്കാരത്തിന്റെയും ഋഷിപരമ്പരയുടെയും ഉത്തമമാതൃകയാണ് ശ്രീരാമചന്ദ്രനെന്ന് അനുഗ്രഹപ്രഭാഷണത്തിൽ മാതാ അമൃതാനന്ദമയി പറഞ്ഞു.

കർണാടകയിലെ ധർമസ്ഥല ക്ഷേത്രത്തിന്റെ ധർമാധികാരി വീരേന്ദ്ര ഹെഗ്ഡെ, ആർഎസ്എസ് സർകാര്യവാഹ് ദത്താത്രേയ ഹൊസബാലെ തുടങ്ങിയവരും വിശിഷ്ടാതിഥികളായിരുന്നു. ശ്രീരാമക്ഷേത്രം നിർമിച്ച 400 തൊഴിലാളികളെ ചടങ്ങിൽ രാഷ്ട്രപതി ആദരിച്ചു.

സെൻട്രൽ സംസ്കൃത സർവകലാശാല സമ്മാനിച്ച 400 വർഷം പഴക്കമുള്ള വാല്മീകിരാമായണത്തിന്റെ കൈയെഴുത്തുപ്രതി ക്ഷേത്രസമുച്ചയത്തിൽ ഔദ്യോഗികമായി സ്ഥാപിച്ചു.

ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റ് ജനറൽ സെക്രട്ടറി ചമ്പത്ത് റായ്, വിശ്വഹിന്ദു പരിഷത്ത് അന്താരാഷ്ട്ര രക്ഷാധികാരി ദിനേഷ് ചന്ദ്ര, ശ്രീരാമജന്മഭൂമി തീർത്ഥക്ഷേത്ര ട്രസ്റ്റ് നിർമാണസമിതി അധ്യക്ഷൻ നൃപേന്ദ്ര മിശ്ര തുടങ്ങിയവർ നേതൃത്വം നൽകി.



അയോധ്യ രാമക്ഷേത്രത്തിൽ ശ്രീരാമരക്ഷായന്ത്ര പ്രതിഷ്ഠാചടങ്ങിൽ പൂജ നടത്തുന്ന രാഷ്ട്രപതി ദ്രൗപദി മുർമു.

# ഫാ. ഡോ. പോൾ ആച്ചാണ്ടി സിഎംഐ പ്രിയോർ ജനറാൾ



കൊച്ചി: സിഎംഐ സന്യാസ സമൂഹത്തിന്റെ പുതിയ പ്രിയോർ ജനറലായി ഫാ. ഡോ. പോൾ ആച്ചാണ്ടിയെ തെരഞ്ഞെടുത്തു. 2014 മുതൽ 2020 വരെ പ്രിയോർ ജനറലായി സേവനമനുഷ്ഠിച്ചിട്ടുള്ള ഫാ. പോൾ കഴിഞ്ഞ മൂന്നു വർഷമായി കെനിയ മിഷനിൽ പ്രവർത്തിക്കുകയായിരുന്നു. സഭയുടെ 39-ാമത് പൊതുസംഘമാണ് അടുത്ത ആറു വർഷത്തേക്കുള്ള സഭാ നേതൃത്വത്തെ തെരഞ്ഞെടുത്തത്.

ഫാ. ബെന്നി നൽക്കര (വികാർ ജനറൽ, അജപാലന പ്രേഷിതത്വത്തിന്റെ കൗൺസിലർ), ഫാ. ബിനോയ് ഇലവുങ്കൽ (വിദ്യാഭ്യാസം, മാധ്യമം), ഫാ. ടോം അറയ്ക്കൽ (സാമൂഹിക പ്രവർത്തനം, ആതുരസേവനം), ഫാ. ജോസഫ് പൊൻമാണി (ധനകാര്യം) എന്നിവരാണ് കൗൺസിലർമാർ. ഫാ. ഷിജോ ആറ്റുപുറമാണ് ജനറൽ ഓഡിറ്റർ.

# 2.6 ലക്ഷം ഇന്ത്യക്കാർ മടങ്ങിയെത്തി

ന്യൂഡൽഹി: ഇറാൻ യുദ്ധത്തെ തുടർന്ന് സംഘർഷഭരിതമായ പശ്ചിമേഷ്യയിൽ നിന്ന് ഇതുവരെ 2.6 ലക്ഷം ഇന്ത്യക്കാർ മടങ്ങിയെത്തിയെന്ന് വിദേശകാര്യ മന്ത്രാലയം. ഫെബ്രുവരി 28-ന് ശേഷം മടങ്ങിയെത്തിയവരുടെ കണക്കാണ് വിദേശകാര്യ മന്ത്രാലയം പുറത്തുവിട്ടത്.

യുഎഇയിലെ വിവിധ വിമാനത്താവളങ്ങളിൽ നിന്ന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലേക്ക് കഴിഞ്ഞദിവസം 70-ഓളം വിമാനങ്ങൾ സർവീസ് നടത്തിയെന്ന് വിദേശകാര്യ മന്ത്രാലയം അഡീഷണൽ സെക്രട്ടറി (ഗൾഫ്) അസീം ആർ. മഹാജൻ പറഞ്ഞു.

പശ്ചിമേഷ്യയിലെ സംഘർഷം നിലവിൽ ഇന്ത്യ സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയും യുഎഇ പ്രസിഡണ്ട് ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനും തമ്മിൽ ടെലിഫോണിലൂടെ ആശയവിനിമയം നടത്തി. പശ്ചിമേഷ്യയിലെ നിലവിലെ സ്ഥിതിഗതികൾ ഇരുനേതാക്കളും ചർച്ച ചെയ്തു. സാധാരണക്കാർക്കു നേരെയുള്ള ആക്രമണങ്ങളെ പ്രധാനമന്ത്രി ശക്തമായി അപലപിച്ചെന്നും അദ്ദേഹം പറഞ്ഞു. ഇറാൻ യുദ്ധം ആരംഭിച്ചതിനുശേഷം ഇതു രണ്ടാം തവണയാണ് യുഎഇ പ്രസിഡണ്ടുമായി മോദി ആശയവിനിമയം നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു.

ഇറാനിലെ വിദ്യാർത്ഥികൾ ഉൾപ്പെടുന്ന ഇന്ത്യൻ പൗരന്മാർക്ക് ഇന്ത്യൻ എംബസി ആവശ്യമായ സഹായങ്ങൾ നല്കുന്നുണ്ടെന്ന് രൺധീർ ജയ്സ്വാൾ പറഞ്ഞു. അർമേനിയയിലേക്കും അസർബൈജാനിലേക്കും പോകുന്നതിന് ഇറാൻ അതിർത്തി കടക്കാൻ കൂടുതൽ ഇന്ത്യക്കാർ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## നവകേരള സർവേ:

# സിപിഎം അനുഭാവികളിലേക്ക് എത്തിയത് 3.73 കോടി

തിരുവനന്തപുരം: നവകേരള സർവേയുടെ പേരിൽ കയറാനായി സിപിഎം അനുഭാവികളിലേക്ക് സർക്കാർ എത്തിച്ചത് 3.73 കോടി രൂപ. മൂന്നാഴ്ച മുൻപുവരെ കയറിയ വീടുകൾ 6 ലക്ഷമായിരുന്നെങ്കിൽ വീടൊന്നിന് 7.50 രൂപ വീതം യാത്രപ്പടി നിശ്ചയിച്ചതോടെ ഗൃഹസന്ദർശന നിരക്ക് കുതിച്ചുകയറി. ഈ മാസം 15-ന് അവസാനിച്ച സർവേ അനുസരിച്ച് ആകെ കയറിയ 49,73,021 വീടുകളിൽ വോളന്റിയർമാർക്ക് മുഖ്യമന്ത്രി ഒപ്പിട്ട സർട്ടിഫിക്കറ്റ് മാത്രം നല്കുന്നതിനു പകരം യാത്രച്ചെലവും നല്കാൻ തീരുമാനിച്ചതോടെയാണ് മാറ്റം. വോളന്റിയർമാരുടെ പരിശീലനത്തിനായി ചെലവിട്ടത് 1.15 കോടി രൂപ. എന്നാൽ, പുതിയ സർക്കാർ എൽ.ഡി.എഫിന്റേതല്ലെങ്കിൽ ഇത്രയും തുക ചെലവിട്ടു നടത്തിയ സർവേയുടെ റിപ്പോർട്ട് വെളിച്ചം കണ്ടേക്കില്ല.

യുഡിഎഫ് എതിർപ്പുമായി കോടതിയിലെത്തിയതാണ്. 15-ന് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വരും മുൻപേ സർവേയും പൊതുകൂട്ടായ്മയും ഓടിച്ചിട്ടു തീർത്തു എന്നാണ് വ്യക്തമാകുന്നത്. ആകെ 40,548 പൊതു കൂട്ടായ്മകൾ സംഘടിപ്പിച്ചതിൽ 24,762 എണ്ണം കുടുംബശ്രീ അയൽക്കൂട്ടങ്ങളാണ്. പൊതുകൂട്ടായ്മകളിൽ പങ്കെടുത്ത 6,97,213 പേരിൽ 3,37,223 പേരും കുടുംബശ്രീ അംഗങ്ങൾ. വോളന്റിയർമാരിൽ 60 ശതമാനം മാത്രമല്ല അഭിപ്രായം അറിയിച്ചവരിലും പകുതിപ്പേർ കുടുംബശ്രീ പ്രവർത്തകർ. കേരളത്തിന്റെ ഭാവി വികസനത്തിനുള്ള നിർദേശം, വികസനപദ്ധതികളിൽ വരുത്തേണ്ട മാറ്റം, പുതിയ ക്ഷേമപദ്ധതികൾ, നിലവിലെ ക്ഷേമപദ്ധതികളിലെ മാറ്റം എന്നിവയെക്കുറിച്ചാണ് സർവേയിൽ ചോദിച്ചത്. ഒപ്പം സർക്കാരിന്റെ പത്ത് വർഷത്തെ നേട്ടങ്ങളുടെ പ്രചാരണവും ലക്ഷ്യമിട്ടിരുന്നു.






# കെസിസിഎൻഎ നാഷണൽ കൗൺസിൽ യോഗം ഫ്ളോറിഡയിൽ സമാപിച്ചു

ബൈജു ആലപ്പാട്ട്



മയാമി: ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (KCCNA) നാഷണൽ കൗൺസിൽ ഈ കഴിഞ്ഞ വാരാന്ത്യത്തിൽ ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലിൽ ചേർന്ന്, കെസിസിഎൻഎയെ കൂടുതൽ ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ട് നിരവധി പ്രധാന ചർച്ചകളും തീരുമാനങ്ങളും കൈക്കൊണ്ടു.

പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിന്റെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ സംഘടനാ





















കാര്യങ്ങൾ, യുവജന പങ്കാളിത്തം, വരാനിരിക്കുന്ന 16-ാം KCCNA കൺവൻഷൻ തയ്യാറെടുപ്പുകൾ എന്നിവ പ്രധാനമായി ചർച്ച ചെയ്തു. കാനഡയിലെ ബ്രിട്ടീഷ് കൊളംബിയയിലെ പുതിയ യൂണിറ്റ് രൂപീകരണത്തിന് (26th) അംഗീകാരം നല്കി. കൂടാതെ നാഷണൽ കൗൺസിൽ പ്രാതിനിധ്യത്തിൽ മാറ്റങ്ങൾ പരിഗണിക്കാൻ പ്രത്യേക കമ്മിറ്റിയും രൂപീകരിച്ചു.

ദേശീയ തലത്തിലുള്ള പരിപാടികൾ തമ്മിലുള്ള സമയക്രമം കൂടുതൽ ഏകോപിപ്പിച്ച് കൺവൻഷൻ പങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള ആവശ്യകതയും ചർച്ച ചെയ്തു. കൺവൻഷൻ സാമ്പത്തികനില മെച്ചപ്പെടുത്താൻ കൂടുതൽ രജിസ്ട്രേഷനും ഫണ്ട് റെയ്സിങ്ങും അനിവാര്യമാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിച്ചു.

KCYLNA, KCYNA, KCWFNA, KYA എന്നീ അനുബന്ധ സംഘടനകളുടെ പ്രവർത്തന റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും സമൂഹബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്ന വിജയകരമായ പരിപാടികളും ഭാവി പദ്ധതികളും അവതരിപ്പിക്കുകയും ചെയ്തു.

കേരളത്തിലെ നേഴ്സുമാരുടെ ന്യായമായ വേതനാവകാശ സമരത്തിന് കൗൺസിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു. നവീകരണ കേസുമായി ബന്ധപ്പെട്ട നിയമപരമായ കാര്യങ്ങൾ അവലോകനം ചെയ്തു.

യോഗത്തിൽ പങ്കെടുത്ത എല്ലാ നാഷണൽ കൗൺസിൽ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തി. പ്രത്യേകിച്ച് ഈ യോഗം വിജയകരമായി സംഘടിപ്പിച്ച മയാമി യൂണിറ്റിനും (KCASF) അഭിനന്ദനങ്ങൾ അർപ്പിച്ചു. കൂടാതെ 16-ാം KCCNA കൺവൻഷനുമായി ബന്ധപ്പെട്ട് Broward County Convention Center, Omni, Hilton ഹോട്ടലുകൾ എന്നിവയും നാഷണൽ കമ്മിറ്റി അംഗങ്ങളും സംഘാടകരും സന്ദർശിച്ച് വിലയിരുത്തി.



ഇതുവരെ 700-ൽപരം രജിസ്ട്രേഷനുകൾ ലഭിച്ചിട്ടുണ്ട്. ഏർലിബേർഡ് രജിസ്ട്രേഷൻ അവസാന തീയതി ഏപ്രിൽ 12 ആണ്. അതിനുശേഷം ഫാമിലി രജിസ്ട്രേഷന് 100 ഡോളർ, സിംഗിൾ രജിസ്ട്രേഷന് 50 ഡോളർ അധികമായി ഈടാക്കുന്നതായിരിക്കും. അതിനാൽ എല്ലാവരും ഈ സമയപരിധിക്കുള്ളിൽ രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ രജിസ്ട്രേഷൻ പെയ്മെന്റ് ചെയ്തതിനു ശേഷമേ രജിസ്ട്രേഷൻ പൂർത്തിയായതായി കണക്കാക്കുകയുള്ളൂ. ഹോട്ടൽ റൂമുകൾ പെയ്മെന്റ് ചെയ്ത തീയതിയുടെ അടിസ്ഥാനത്തിൽ ആണ് കൊടുക്കുന്നത്.

കമ്യൂണിറ്റി അംഗങ്ങൾ എല്ലാവരും early bird ഓഫർ അവസാനിക്കുന്നതിനു മുമ്പ് കൺവൻഷനിൽ രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.







# ഭർത്താവും പാചകം ചെയ്യണം

ന്യൂഡൽഹി: കാലം മാറിയെന്നും പാചകവും തുണി കഴുകലുമെല്ലാം ഭർത്താവും ചെയ്യണമെന്നും സുപ്രീംകോടതി. ഒരു ദാമ്പത്യത്തർക്ക കേസ് പരിഗണിക്കുമ്പോഴാണ് സുപ്രീംകോടതിയുടെ ഈ പരാമർശമുണ്ടായത്.

ഭാര്യ പാചകവും മറ്റും കൃത്യമായി ചെയ്യുന്നില്ലെന്നും ഇത് ക്രൂരതയാണെന്നും കാട്ടി വിവാഹമോചനത്തിന് ഭർത്താവ് നല്കിയ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. നിങ്ങൾ വിവാഹം ചെയ്തത് വീട്ടുജോലിക്കാരിയെ അല്ല, ജീവിത പങ്കാളിയെ ആണെന്ന് ജസ്റ്റിസ് സന്ദീപ് മേത്ത പറഞ്ഞു. കാലം മാറിയെന്നും പാചകത്തിലും തുണി കഴുകലിലുമെല്ലാം ഭർത്താവിന്റെ പങ്കുണ്ടാകണമെന്നും കോടതി അഭിപ്രായപ്പെട്ടു.

2017-ൽ വിവാഹിതരായ ദമ്പതിമാരുടെ പ്രശ്നമാണ് സുപ്രീം കോടതിയിലെത്തിയത്. വിവാഹത്തിന് ഒരാഴ്ച കഴിഞ്ഞപ്പോഴേയ്ക്കും തന്നോടുള്ള ഭാര്യയുടെ മനോഭാവം മാറിയെന്നാണ് ഭർത്താവിന്റെ ആരോപണം.

തനിക്കും തന്റെ മാതാപിതാക്കൾക്കുമെതിരെ മോശം ഭാഷയിൽ സംസാരിക്കുമെന്നും പാകം ചെയ്യാൻ മടിക്കുകയാണെന്നും പരാതിക്കാരൻ ആരോപിച്ചു. അതേസമയം, ഭർത്താവ് തന്റെ വീട്ടുകാരിൽ നിന്ന് പണവും സ്വർണവും ആവശ്യപ്പെടുകയാണെന്നാണ് ഭാര്യയുടെ പരാതി. ഇവർക്ക് എട്ടു വയസുള്ള മകനുമുണ്ട്.

കുടുംബക്കോടതി ഇവർക്ക് വിവാഹമോചനം അനുവദിച്ചിരുന്നു. എന്നാൽ, ഭാര്യയുടെ പരാതിയിൽ ഈ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയതിനെതിരേ ഭർത്താവ് സുപ്രീംകോടതിയെ സമീപിക്കുകയായിരുന്നു.

# വിദേശ ഫണ്ട് വിനിയോഗം: കൃത്യമായ സമയക്രമം നിശ്ചയിക്കുന്നു

ന്യൂഡൽഹി: വിദേശ ഫണ്ട് വിനിയോഗത്തിൽ കൃത്യമായ സമയക്രമം നിശ്ചയിക്കുന്നത് ഉൾപ്പെടെ വിദേശ സംഭാവനാ നിയന്ത്രണ നിയമത്തിൽ (എഫ്സിആർഎ) കൂടുതൽ ഭേദഗതികൾ വരുത്താൻ കേന്ദ്രസർക്കാർ.

കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയ ബില്ല് പാർലമെന്റിന്റെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിച്ചേക്കും. സമയക്രമത്തിനു പുറമെ എഫ്സിആർഎ ലൈസൻസ് റദ്ദാക്കിയതോ കാലഹരണപ്പെട്ടതോ ആയ സ്ഥാപനങ്ങളുടെ വിദേശ സംഭാവനകളിൽനിന്നു സൃഷ്ടിക്കപ്പെട്ട ആസ്തികൾ സർക്കാരിലേക്ക് എത്തുന്ന തരത്തിൽ നിയമത്തിൽ ഭേദഗതി വന്നേക്കും.

സർക്കാർ നിശ്ചയിക്കുന്ന ഒരു നിശ്ചിത അഥോറിറ്റിക്കായിരിക്കും ഇതിന്റെ ചുമതല. ലൈസൻസ് റദ്ദാക്കിയതോ കാലഹരണപ്പെട്ടതോ ആയ സ്ഥാപനങ്ങളുടെ ആസ്തികൾ ദുരുപയോഗംചെയ്യുന്നില്ലെന്ന് ഉറപ്പാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് എന്നാണു വാദം.

എഫ്സിആർഎയുമായി ബന്ധപ്പെട്ട നിലവിലെ ചട്ടക്കൂടിന്റെ പോരായ്മകൾ പരിഹരിക്കാനും പുതിയ ഭേദഗതി ലക്ഷ്യമിടുന്നു. ഇന്ത്യയിൽ എഫ്സിആർഎ രജിസ്റ്റർചെയ്ത 1600-ഓളം സ്ഥാപനങ്ങൾ പ്രതിവർഷം 22,000 കോടി രൂപ സ്വീകരിക്കുന്നതായാണു കേന്ദ്രത്തിന്റെ കണക്ക്.

വിദേശഫണ്ടുകൾ ഇന്ത്യയിലേക്ക് എത്തുന്നതു സംബന്ധിച്ച മേൽനോട്ടം ശക്തമാക്കുന്നതിനും അത്തരം സംഭാവനകൾ ദേശീയ സുരക്ഷയ്ക്കോ ഇന്ത്യയുടെ പൊതുതാത്പര്യത്തിന് എതിരാകുന്നില്ലെന്ന് ഉറപ്പിക്കാനും പുതിയ ഭേദഗതിവഴി സാധിക്കുമെന്നാണ് കേന്ദ്രസർക്കാർ വൃത്തങ്ങൾ വ്യക്തമാക്കുന്നത്. കേന്ദ്ര ആഭ്യന്തരവകുപ്പായിരിക്കും ബില്ല് പാർലമെന്റിൽ അവതരിപ്പിക്കുക.

# ബിഎസ്എൻഎൽ, ട്രായ് എന്നിവയുടെ പേരിൽ രാജ്യവ്യാപക സൈബർ തട്ടിപ്പ്

പരവൂർ: ബിഎസ്എൻഎൽ, ടെലികോം റെഗുലേറ്ററി അഥോറിറ്റി ഓഫ് ഇന്ത്യ (ട്രായ്) എന്നിവയുടെ പേരിൽ മൊബൈൽ ഉപഭോക്താക്കളെ കബളിപ്പിക്കുന്ന പുതിയ സൈബർ തട്ടിപ്പിനെതിരെ കേന്ദ്രസർക്കാർ മുന്നറിയിപ്പ് നൽകി. കെവൈസി പുതുക്കിയില്ലെങ്കിൽ 24 മണിക്കൂറിനുള്ളിൽ സിം കാർഡ് ബ്ലോക്ക് ചെയ്യുമെന്ന തരത്തിൽ പ്രചരിക്കുന്ന നോട്ടീസുകൾ വ്യാജമാണെന്ന് അധികൃതർ വ്യക്തമാക്കി.

ഇത്തരം തട്ടിപ്പുകളിൽ വീഴരുതെന്നും ഡിജിറ്റൽ അറസ്റ്റ് ഉൾപ്പെടെയുള്ള ഭീഷണികളിലൂടെ പണം തട്ടാനാണ് സംഘം ശ്രമിക്കുന്നതെന്നും അധികൃതർ അറിയിച്ചു.

ബിഎസ്എൻഎല്ലിന്റെ ലെറ്റർ പാഡിൽ വരുന്ന വ്യാജ സന്ദേശങ്ങളിൽ കെവൈസി വെരിഫിക്കേഷൻ എക്സിക്യൂട്ടീവിനെ ഉടൻ ബന്ധപ്പെടാനാണ് ആവശ്യപ്പെടുന്നത്. 'പ്രിയപ്പെട്ട ഉപഭോക്താവേ, നിങ്ങളുടെ സിം കെവൈസി ട്രായ് സസ്പെൻഡ് ചെയ്തിരിക്കുന്നു. 24 മണിക്കൂറിനുള്ളിൽ സിം കാർഡ് ബ്ലോക്ക് ചെയ്യപ്പെടും. ഉടൻ വിളിക്കുക' എന്നാണ് സന്ദേശത്തിന്റെ ഉള്ളടക്കം.

എന്നാൽ ഇത്തരം നോട്ടീസുകൾ ബിഎസ്എൻഎൽ കോർപറേറ്റ് ഓഫീസ് അയക്കാറില്ലെന്നും ബാങ്ക് വിവരങ്ങളോ വ്യക്തിഗത വിവരങ്ങളോ ആരുമായും പങ്കുവെക്കരുതെന്നും അധികൃതർ അറിയിച്ചു.

# വിരമിക്കുന്ന രാജ്യസഭാ എംപിമാർക്കു യാത്രയയപ്പ് നൽകി

ന്യൂഡൽഹി: ഏപ്രിലിനും ജൂലൈക്കുമിടയിൽ രാജ്യസഭയിൽനിന്നു വിരമിക്കുന്ന 59 രാജ്യസഭാ എംപിമാർക്ക് യാത്രയയപ്പ് നൽകി. ചടങ്ങിൽ സംരെല്ലാം ഇവരിൽനിന്നു പഠിക്കണമെന്നും അർപ്പണബോധത്തോടെ സഭയിലേക്കു വന്ന് സമൂഹത്തോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്ന ഈ മുതിർന്ന നേതാക്കളുടെ സംഭാവനകളെ താൻ അഭിനന്ദിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. പുറത്തുപോകുന്ന എംപിമാരിൽ വീണ്ടും സഭയിലേക്കു തിരിച്ചുവരാത്ത എംപിമാരോടായി രാഷ്ട്രീയത്തിന് അന്ത്യമില്ലെന്നും ഭാവി നിങ്ങളെയും കാത്തിരിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.



ഉപരാഷ്ട്രപതിക്കും പ്രധാനമന്ത്രിക്കും ഒപ്പം വിരമിക്കുന്ന രാജ്യസഭാ എംപിമാർ പാർലമെന്റിനു മുമ്പിൽ ഫോട്ടോയ്ക്കു പോസ് ചെയ്യുന്നു.

സാരിക്കവേ രാഷ്ട്രീയത്തിൽ ഫുൾ സ്റ്റോപ്പില്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

രാജ്യസഭയിലെ മുതിർന്ന എംപിമാരായ മുൻ പ്രധാനമന്ത്രി എച്ച്.ഡി. ദേവഗൗഡ, കോൺഗ്രസ് അദ്ധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, എൻസിപി (എസ്പി) തലവൻ ശരദ് പവാർ എന്നിവരെയും അവരുടെ ജീവിതത്തിന്റെ പകുതിയിലേറെയും പാർലമെന്ററി സേവനങ്ങൾക്കു ഉഴിഞ്ഞുവെച്ചതിനെയും മോദി പ്രശംസിച്ചു. പുതിയ എംപിമാ

## ന്യൂനപക്ഷ കമ്മീഷൻ നിയമനം: കേന്ദ്രത്തിന് കോടതിയുടെ രൂക്ഷവിമർശനം

ന്യൂഡൽഹി: ദേശീയ ന്യൂനപക്ഷ കമ്മീഷനിൽ അദ്ധ്യക്ഷന്റെയും അംഗങ്ങളുടെയും ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം വരുത്തുന്ന കേന്ദ്രസർക്കാരിനെതിരെ ഡൽഹി ഹൈക്കോടതിയുടെ രൂക്ഷവിമർശനം. നിയമനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സമയക്രമം ഹാജരാക്കുന്നതിൽ പരാജയപ്പെട്ട മന്ത്രാലയത്തിന്റെ നടപടി കോടതിയെ പരിഹസിക്കുന്നതിനു തുല്യമാണെന്ന് ചീഫ് ജസ്റ്റിസ് ഡി.കെ. ഉപാധ്യായ, ജസ്റ്റിസ് തേജസ് കരിയ എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു. കമ്മീഷൻ നിഷ്ക്രിയമാണെന്നു ചൂണ്ടിക്കാട്ടിയ കോടതി, എന്തുകൊണ്ടാണ് കൃത്യമായ സമയപരിധി നൽകാത്തതെന്ന് വിശദീകരിക്കാൻ ന്യൂനപക്ഷ കാര്യ മന്ത്രാലയത്തിലെ ഡപ്യൂട്ടി സെക്രട്ടറിയോടു നിർദേശിച്ചു. കേന്ദ്രം സമർപ്പിച്ച സത്യവാങ്മൂലം തികച്ചും അവ്യക്തമാണെന്നും പറഞ്ഞു. ഫെബ്രുവരി ആറിനും കോടതി കേന്ദ്രത്തെ വിമർശിച്ചിരുന്നു. കേസ് രണ്ടാഴ്ചയ്ക്ക്ശേഷം വീണ്ടും പരിഗണിക്കും.






# ലോകസന്തുഷ്ടി പട്ടികയിൽ ഇന്ത്യയ്ക്ക് 116–ാം സ്ഥാനം

ഹെൽസിങ്കി: കൗമാരക്കാരുടെ സന്തോഷം തല്ലിക്കെടുത്തുന്നതിൽ സാമൂഹികമാധ്യമങ്ങൾക്കുള്ള പങ്ക് ചൂണ്ടിക്കാട്ടി ഇത്തവണത്തെ ലോകസന്തുഷ്ടി റിപ്പോർട്ട് പുറത്തിറങ്ങി. ലോകത്തെ ഏറ്റവും സന്തുഷ്ടരാജ്യമെന്ന ബഹുമതി തുടർച്ചയായ ഒൻപതാം തവണയും ഫിൻലൻഡ് നിലനിർത്തി. സന്തുഷ്ടിസൂചികയിലെ 147 രാജ്യങ്ങളിൽ 116-ാം സ്ഥാനമാണ് ഇന്ത്യക്കുള്ളത്. 2025-ൽ ഇത് 118 ആയിരുന്നു.

25 വയസ്സിൽ താഴെയുള്ളവരുടെ, പ്രത്യേകിച്ച് 15-ൽതാഴെയുള്ള പെൺകുട്ടികളുടെ ജീവിതത്തിൽ സാമൂഹികമാധ്യമങ്ങൾ ഉണ്ടാക്കുന്ന ശക്തമായ ആഘാതം റിപ്പോർട്ട് ചൂണ്ടിക്കാട്ടി. ദിവസം അഞ്ചുമണിക്കൂറിലധികം സാമൂഹികമാധ്യമങ്ങളിൽ ചെലവിടുന്ന പെൺകുട്ടികളുടെ ജീവിതം അസന്തുഷ്ടമാണെന്നാണ് കണ്ടെത്തൽ. അൽഗൊരിതം ഫീഡുകളും ഇൻഫ്ളുവൻസർമാരും താരതമ്യപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുന്നതാണ് കാരണം.

അനലിറ്റിക്സ് സ്ഥാപനമായ ഗാലപ്പ്, യുഎൻ സസ്റ്റെയ്നബിൾ ഡിവലപ്മെന്റ് സൊലൂഷൻസ് നെറ്റ്‌വർക്ക് എന്നിവയുമായി സഹകരിച്ച് ഒക്സ്ഫഡ് സർവകലാശാലയിലെ വെൽബിയിങ് റിസർച്ച് സെന്ററാണ് എല്ലാവർഷവും ലോക സന്തുഷ്ടി റിപ്പോർട്ട് പുറത്തിറക്കുന്നത്.

# വാഹനാപകടം: സൗജന്യ ചികിത്സാ രൂപരേഖ തയ്യാറാക്കാൻ അനുമതി

തിരുവനന്തപുരം: വാഹനാപകടത്തിൽ പരുക്കേൽക്കുന്നവർക്ക് സൗജന്യ ചികിത്സ നല്കുന്ന സംസ്ഥാന സർക്കാർ പദ്ധതിയായി 'ലൈഫ് സേവറി'ന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് ഗതാഗത കമ്മീഷണറെ സർക്കാർ ചുമതലപ്പെടുത്തി. സ്വകാര്യ ആശുപത്രികളടക്കം പങ്കാളികളാകേണ്ട പദ്ധതിയിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിക്കാനുള്ള മാർഗരേഖ തയ്യാറാക്കാനാണ് നിർദേശം. അഞ്ചുദിവസം സൗജന്യചികിത്സ നല്കുന്നതാണ് പദ്ധതി.

ഇതേ ലക്ഷ്യത്തിലുള്ള കേന്ദ്രപദ്ധതി സംസ്ഥാനത്ത് നടപ്പാക്കാതെയാണ് സ്വന്തം പദ്ധതിയുമായി സംസ്ഥാനം മുന്നോട്ടു പോകുന്നത്. കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പദ്ധതി പ്രഖ്യാപിച്ചപ്പോൾ കേന്ദ്രപദ്ധതി പേരുമാറ്റി സംസ്ഥാനത്ത് നടപ്പാക്കുകയാണെന്ന ആക്ഷേപം ഉയർന്നിരുന്നു. എന്നാൽ, പ്രത്യേക പദ്ധതിയാണെന്ന് വ്യക്തമാക്കിയാണ് സർക്കാർ മുന്നോട്ടു പോകുന്നത്.

ആരോഗ്യ വകുപ്പിന്റെ നിസ്സഹകരണം കാരണമാണ് കേന്ദ്രപദ്ധതി സംസ്ഥാനത്ത് മുടങ്ങുന്നത്. 2024-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതി 2025 മെയ് മുതൽ മറ്റു സംസ്ഥാനങ്ങളിൽ നടപ്പായിരുന്നു. റോഡ് സേഫ്റ്റി കമ്മീഷണർക്കാണ് പദ്ധതി നടത്തിപ്പ് മേൽനോട്ടം.

കേന്ദ്രം പലതവണ ആവശ്യപ്പെട്ടിട്ടും ഇവിടുത്തെ ചികിത്സാ സൗകര്യങ്ങളുടെ വിവരങ്ങൾ സംസ്ഥാന സർക്കാർ കൈമാറിയിരുന്നില്ല. വാഹനാപകടങ്ങളുടെ വിശദാംശങ്ങൾ ശേഖരിക്കാനുള്ള ഓൺലൈൻ സംവിധാനമായ ഇന്റഗ്രേറ്റഡ് റോഡ് ആക്സിഡന്റ് ഡേറ്റാബേസിൽ (ഐറാഡ്) ആശുപത്രികളെയും ഉൾക്കൊള്ളിക്കേണ്ടതുണ്ട്. ചികിത്സയിലുള്ളവരുടെ വിവരങ്ങൾ ഡോക്ടർമാരാണ് സോഫ്റ്റ്‌വേറിൽ രേഖപ്പെടുത്തേണ്ടത്. കേന്ദ്രപദ്ധതിയിൽ ചികിത്സാ ചെലവ് നല്കാൻ പ്രത്യേക നിധി രൂപവത്കരിച്ചിട്ടുണ്ട്. ഇൻഷുറൻസ് കമ്പനികളുടെ സഹായത്തോടെ ആദ്യപടി ഇൻഷുറൻസ് ഗഡു നല്കാനും വ്യവസ്ഥയുണ്ട്.

# ശിശുമരണ നിരക്ക്: ഇന്ത്യക്ക് യുഎൻ അഭിനന്ദനം

ന്യൂഡൽഹി: കഴിഞ്ഞ മൂന്നു പതിറ്റാണ്ടിനിടെ ശിശുമരണ നിരക്ക് ഗണ്യമായി കുറച്ചതിന് ഇന്ത്യക്ക് ഐക്യരാഷ്ട്ര സംഘടനയുടെ അഭിനന്ദനം. നവജാത ശിശുക്കളുടെയും അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികളുടെയും മരണനിരക്ക് കുറയ്ക്കുന്നതിൽ ഇന്ത്യയ്ക്കു പുരോഗതിയുണ്ടെന്ന് യുഎൻ ഇന്റർ-ഏജൻസി ഗ്രൂപ്പ് ഫോർ ചൈൽഡ് മോർട്ടാലിറ്റി എസ്റ്റിമേഷൻ റിപ്പോർട്ടിൽ വിലയിരുത്തുന്നു.

അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണത്തിൽ 1990 മുതൽ 76 ശതമാനവും 2000 മുതൽ 68 ശതമാനവും കുറവുണ്ടായി. രണ്ടായിരത്തിൽ ആയിരം പ്രസവങ്ങളിൽ 92 മരണങ്ങളുണ്ടായിരുന്നത് 2024-ൽ 32 ആയി കുറഞ്ഞു.

# ഗൾഫിലെ വിദ്യാർത്ഥികൾക്ക് സിബിഎസ്ഇ പരീക്ഷ എഴുതാനായില്ല

ന്യൂഡൽഹി: പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചത്തലത്തിൽ ഇറാനിൽ നിലവിലുള്ളത് ആയിരത്തിനടുത്ത് ഇന്ത്യക്കാരാണെന്നും ഗൾഫ് മേഖലയിലുള്ള 23,000 സ്കൂൾ വിദ്യാർത്ഥികൾക്ക് സിബിഎസ്ഇയുടെ വാർഷിക പരീക്ഷ എഴുതാൻ കഴിഞ്ഞില്ലെന്നും കേന്ദ്രം. പാർലമെന്ററി സ്റ്റാൻഡിംഗ് സമിതി മുമ്പാകെ കേന്ദ്ര വിദേശകാര്യ മന്ത്രാലയം സമർപ്പിച്ച റിപ്പോർട്ടിലാണ് ഈ വിവരമുള്ളത്. ഈ പ്രശ്നം പരിഹരിക്കാൻ വിദേശകാര്യ മന്ത്രാലയവും വിദ്യാഭ്യാസ മന്ത്രാലയവും തമ്മിൽ കൂടിയാലോചനകൾ നടക്കുന്നുണ്ടെന്ന് പാർലമെന്ററി സമിതി അദ്ധ്യക്ഷൻ ശശി തരൂർ അറിയിച്ചു.

ഇറാനിൽ നിലവിലുള്ള ആയിരം ഇന്ത്യക്കാരിൽ എല്ലാവരും മടങ്ങിവരണമെന്ന് ആഗ്രഹിക്കുന്നില്ലെന്നും തരൂർ അറിയിച്ചു. പാർലമെന്ററി സമിതി യോഗത്തിൽ പങ്കെടുത്ത എംപിമാർ ഇറാനിയൻ പരമോന്നത നേതാവിന്റെ കൊലപാതകത്തിൽ ഇന്ത്യയുടെ നിശബ്ദതയെപ്പറ്റിയും ഇന്ത്യയുടെ ഊർജ സ്രോതസ്സുകളെപ്പറ്റിയും ചോദ്യങ്ങൾ ചോദിച്ചുവെന്നും യോഗത്തിൽ പങ്കെടുത്ത മന്ത്രാലയം പ്രതിനിധികൾ ഉത്തരങ്ങൾ നല്കിയില്ലെന്നും റിപ്പോർട്ടുണ്ട്. പശ്ചിമേഷ്യൻ സംഘർഷം ഉടലെടുക്കുന്നതിനു മുമ്പ് പ്രധാനമന്ത്രി ഇസ്രയേൽ സന്ദർശിച്ചതിനെക്കുറിച്ച് ചോദ്യങ്ങളുണ്ടായെന്നു പറഞ്ഞ തരൂർ അതിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ കൂട്ടാക്കിയില്ല.

# വിമാനം മാറി; എയർ ഇന്ത്യക്ക് എട്ടിന്റെ പണി

ന്യൂഡൽഹി: ഡൽഹിയിൽനിന്ന് കാനഡയിലെ വാൻകൂവറിലേക്ക് 7 മണിക്കൂറോളം പറന്ന എയർ ഇന്ത്യ വിമാനം തിരിച്ചു ഡൽഹിയിൽ ഇറങ്ങി. കാനഡയിൽ ഇറങ്ങാൻ ബോയിംഗ് 777-300 വിമാനങ്ങൾക്കു മാത്രമാണ് അനുമതി. എയർ ഇന്ത്യ അയച്ചതാകട്ടെ ബോയിംഗ് 777-200 എൽആർ വിമാനവും. യാത്രാമധ്യേ ചൈനീസ് വ്യോമാതിർത്തിയിൽ എത്തിയപ്പോഴാണ് വിമാനം മാറിയ വിവരം മനസ്സിലായത്. ഉടൻ തിരികെവിളിക്കുകയും ചെയ്തു. വിമാനം സുരക്ഷിതമായി തിരിച്ചിറക്കിയെന്നു മാത്രമാണ് സംഭവത്തെക്കുറിച്ച് എയർ ഇന്ത്യ വിശദീകരിക്കുന്നത്. 19-ന് രാവിലെ 11.34-നാണ് യാത്രക്കാരുമായി വിമാനംപറന്നത്. പശ്ചിമേഷ്യയിലെ സംഘർഷം പരിഗണിച്ച് ചൈനീസ് വ്യോമാതിർത്തിയിലൂടെയാണ് വിമാനം കാനഡയിലേക്കു നീങ്ങിയിരുന്നത്.

# പ്രാങ്ക് കറൻസികൾ പ്രചാരത്തിൽ




കോട്ടയം: രൂപത്തിലും ഭാവത്തിലും അസൽ നോട്ടുകളെ വെല്ലുന്ന രീതിയിലുള്ള ചിൽഡ്രൻസ് ബാങ്ക്, ഫൺ ഓഫ് ഫൺ നോട്ടുകൾ വ്യാപകമായതോടെ ഇവ ജനങ്ങളെ കബളിപ്പിക്കാനും ഉപയോഗിക്കുന്നതായി ആക്ഷേപം. 500, 200 നോട്ടുകൾക്കു പുറമെ, നിത്യേനയുള്ള ചെറിയ ഇടപാടുകൾക്ക് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന 10, 20 രൂപയുടെ കറൻസികളിലും ഇത്തരം കറൻസികൾ വ്യാപകമാണ്. സമാനമായ നിറവും വലുപ്പവുമുള്ള ഈ നോട്ടുകൾ തിരക്കുള്ള സമയങ്ങളിൽ തിരിച്ചറിയാൻ പ്രയാസമാണ്. ഗാന്ധിജിയുടെ ചിത്രം ഉൾപ്പെടെ കൃത്യമായി ആലേഖനം ചെയ്തിട്ടുള്ളതിനാൽ ഇവ വ്യാജനാണെന്ന് തിരിച്ചറിയാനാവില്ല. ഭാരതീയ റിസർവ് ബാങ്കിനു പകരം ഹിന്ദിയിൽ ഭാരതീയ ബെച്ചെകാ ബാങ്ക് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചില്ലറയായി നല്കുന്ന നോട്ടുകൾക്കിടയിൽ ഇത്തരം കളിനോട്ടുകൾ തിരുകി നല്കിയാണ് സാധാരണക്കാരെയും ചെറിയ കച്ചവടക്കാരെയും പ്രധാനമായും കബളിപ്പിക്കുന്നത്.

സ്കൂൾ പരിസരങ്ങളിലെ കടകൾ, പൂരം, പെരുന്നാൾ തുടങ്ങിയ ആഘോഷസ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് ഇവയുടെ കൈമാറ്റം പ്രധാനമായും നടക്കുന്നത്. പലരും കൗതുകത്തിനായി വാങ്ങുന്ന ഇത്തരം കളിനോട്ടുകൾ ബോധപൂർവം മറ്റുള്ളവരെ പറ്റിക്കാനായി ഉപയോഗിക്കുന്നത് വർദ്ധിച്ചു വരികയാണ്.



# കെസിഎസ് യുവജനോത്സവം: നീൽ ചെരുവിൽ കലാപ്രതിഭ, അനയ മുണ്ടപ്ലാക്കിൽ കലാതിലകം


നീൽ ചെരുവിൽ


അനയ മുണ്ടപ്ലാക്കിൽ


ലിയോറ മ്യാൽക്കരപുറത്ത്


സാമുവൽ മറ്റത്തിൽ



ചിക്കാഗോ: കലാമത്സരങ്ങളുടെ മാമാങ്കം എന്നറിയപ്പെടുന്ന ചിക്കാഗോ കെ.സി.എസ് യൂത്ത് ഫെസ്റ്റിവലിൽ മുണ്ടപ്ലാക്കിൽ ടിനോയുടെയും അനുവിന്റെയും മകൾ അനയ മുണ്ടപ്ലാക്കിൽ കലാതിലകമായും ചെരുവിൽ ലിന്റോയുടെയും ജോസ്മിയുടെയും മകൻ നീൽ ചെരുവിൽ കലാ പ്രതിഭയായും തെരഞ്ഞെടുക്കപ്പെട്ടു.

ഇതിനു പുറമെ സൈമൺ മ്യാൽക്കരപുറത്തിന്റെയും ലിഡിയയുടെയും മകൾ ലിയോറ മ്യാൽക്കരപുറത്തും ഫെബിൻ മറ്റത്തിലിന്റെയും ജീനയുടെയും മകൻ സാമുവൽ മറ്റത്തിലും റൈസിങ് സ്റ്റാറുകൾ ആയും തെരഞ്ഞെടുക്കപ്പെട്ടു.

2026-ലെ യൂത്ത് ഫെസ്റ്റിവൽ ഇത്ര ഭംഗിയായി നടത്തുവാൻ സഹായിച്ച യൂത്ത് ഫെസ്റ്റിവൽ കോ-ഓർഡിനേറ്റർ ജെസ്‌ലിൻ പ്ലാത്താനത്ത്,കെ.സി.എസ് വൈസ് പ്രസിഡണ്ട് മാറ്റ് വിലങ്ങാട്ടുശ്ശേരിൽ, ട്രഷറർ ടീന നെടുവാമ്പുഴ, ജോയിന്റ് സെക്രട്ടറി ക്രിസ് കട്ടപ്പുറം എന്നിവരുടെ സേവനങ്ങൾ ഏറെ പ്രശംസനീയമാണ്. ഇവർക്കു പുറമെ യൂത്ത് ഫെസ്റ്റിവലിന്റെ സുഗമമായ നടത്തിപ്പിലേക്ക് സഹായിച്ച എല്ലാവരോടും പ്രത്യേകിച്ച് എല്ലാ ബോർഡ് മെംബേഴ്സിനോടും കെ.സി.എസ്.

**ഷാജി പള്ളിവീട്ടിൽ**

എക്സിക്യൂട്ടീവിന്റെ കൃതജ്ഞത അർപ്പിച്ചുകൊള്ളുന്നു എന്ന് പ്രസിഡണ്ട് ജോസ് ആനമല മത്സരങ്ങളുടെ അവസാനം അറിയിക്കുകയുണ്ടായി.

# ചിക്കാഗോയിലെ പിറവം സംഗമം പ്രൗഢഗംഭീരമായി


**സഞ്ജു തേക്കനാട്ട്**

ചിക്കാഗോ: പിറവം നിവാസികളുടെ ആദ്യസംഗമം മാർച്ച് 21-ാം തീയതി ശനിയാഴ്ച വൈകുന്നേരം നാല് മണിക്ക് എൽമസ്റ്റണിലുള്ള സൽക്കാര റസ്റ്റോറന്റിൽ വെച്ച് ആവേശഭരിതമായി നടന്നു. പിറവത്തിന്റെ സമ്പന്നമായ പാരമ്പര്യവും നാടിനോടുള്ള ആത്മബന്ധവും പങ്കുവെക്കാൻ ചിക്കാഗോയിൽ താമസിക്കുന്ന പിറവം സ്വദേശികൾ ഒത്തുകൂടിയ ഈ സംഗമം ഏറെ നിറഞ്ഞുനിന്നു. പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിൽ മാർച്ച് മാസത്തിൽ ജന്മദിനം ആഘോഷിക്കുന്ന ലിനു റെക്സ് പടിക്കപറമ്പിൽ, ഡെയ്സി മൂത്താനിച്ചിറ, ഫെബിൻ തെക്കനാട്ട് എന്നിവർ കേക്ക് മുറിച്ച് മധുരം പങ്കുവെച്ചു. തുടർന്ന് ഓഗസ്റ്റ് മാസത്തിൽ പിക്നിക് സംഘടിപ്പിക്കാൻ തീരുമാനിച്ചു. സംഗമത്തിന്റെ രക്ഷാധികാരിയായി ബിനോയി സ്റ്റീഫൻ കിഴക്കനടിയിലിനെ തെരഞ്ഞെടുത്തു. പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായി ആനന്ദ് ആകശാല, സാബു കട്ടപ്പുറം, ഡെയ്സി മൂത്താനിച്ചിറ, സഞ്ജു തേക്കനാട്ട്, സിന്ധു ഈന്തുംകാട്ടിൽ എന്നിവരെയും ഫിനാൻസ് കോ-ഓർഡിനേറ്ററായി സണ്ണി മുള്ളൻകുഴിയെയും നിയോഗിച്ചു.



മൂത്താനിച്ചിറ ഫാമിലി ഡ്രിങ്ക്സ് സ്പോൺസർ ചെയ്തതും സൽക്കാര റെസ്റ്റോറന്റ് കേക്ക് സ്പോൺസർ ചെയ്തതും സംഗമത്തിനു കൂടുതൽ നിറം പകർന്നു. സൗഹൃദവും സ്നേഹവിരുന്നും നിറഞ്ഞ ഈ വർഷത്തെ പിറവം സംഗമം വർണാഭമായി സമാപിച്ചു.

# ഡോ. എ.സി. ജോർജ് അന്തരിച്ചു



ഡാളസ്: സതേൺ ഏഷ്യ ബൈബിൾ കോളജ് മുൻ പ്രിൻസിപ്പലും പ്രമുഖ ദൈവ ശാസ്ത്ര പണ്ഡിതനുമായ ഡോ. എ.സി. ജോർജ് (90) അന്തരിച്ചു. അമേരിക്കയിലെ ഇന്ത്യാന സംസ്ഥാനത്തുള്ള ഇവാൻസ് വില്ലിൽ വെച്ച് മാർച്ച് 21-നായിരുന്നു അന്ത്യം. ദശകങ്ങളോളം ബാംഗ്ലൂർ സതേൺ ഏഷ്യ ബൈബിൾ കോളജിന്റെ വളർച്ചയിൽ നിർണായക പങ്കുവഹിച്ച അദ്ദേഹം, ആത്മീയ- വിദ്യാഭ്യാസ മേഖലകളിൽ ശ്രദ്ധേയമായ വ്യക്തിത്വമായിരുന്നു.

**വാർത്ത: സാം മാത്യു**








# ആന്റണി പടിയറയ്ക്ക് ധീരതയ്ക്കുള്ള അംഗീകാരം

ചിക്കാഗോ: മലയാളി പോലീസ് ഉദ്യോഗസ്ഥൻ ആന്റണി പടിയറ ധീരതയ്ക്കുള്ള പോലീസ് ഡിപ്പാർട്ടുമെന്റ് അംഗീകാരത്തിന് അർഹനായി. തോക്കുമായി ഒരു വീട്ടിൽ അതിക്രമിച്ചു കയറിയ അക്രമിയെ നേരിട്ട് കീഴ്പ്പെടുത്തിയതിനാണ് ഡിപ്പാർട്ടുമെന്റ് ആന്റണിക്ക് അംഗീകാരം നല്കിയത്. ചിക്കാഗോയുടെ നോർത്ത് സബേർബായ ആർലിങ്ടൺ ഹൈറ്റ്സ് വില്ലേജ് ഹാളിൽ നടന്ന ചടങ്ങിൽ ആന്റണിയെ അംഗീകാരം നല്കി ആദരിച്ചു.

ആർലിങ്ടൺ ഹൈറ്റ്സ് പോലീസ് ഡിപ്പാർട്ടുമെന്റിൽ കഴിഞ്ഞ പന്ത്രണ്ട് വർഷക്കാലമായി ആന്റണി പടിയറ ജോലി ചെയ്തുവരികയാണ്. ഭാര്യ ഷെറിൽ. രണ്ട് മക്കളുമുണ്ട്. സെബാസ്റ്റ്യൻ പടിയറയും റോസിയുമാണ് ആന്റണിയുടെ മാതാപിതാക്കൾ.

ചിക്കാഗോയിലെ അറിയപ്പെടുന്ന ജീവകാരുണ്യ പ്രവർത്തകൻ പീറ്റർ കുളങ്ങരയുടെയും സാലിക്കുട്ടിയുടെയും മകളാണ് ഷെറിൽ. മലയാളിയായ പോലീസ് ഉദ്യോഗസ്ഥന് ലഭിച്ച ധീരതയ്ക്കുള്ള ഈ അംഗീകാരത്തിൽ ചിക്കാഗോയിലെ മലയാളിസമൂഹം ആഹ്ലാദത്തിലാണ്.













KERALA EXPRESS പ്രവാസി താളുകൾ

# ജിമ്മി ജോർജ് വോളിബോൾ ടൂർണമെന്റ് ഡാളസിൽ; കിക്കോഫ് ആവേശകരമായി

ഡാളസ്: ഡാളസ് സ്ട്രൈക്കേഴ്സ് വോളിബോൾ ക്ലബിന്റെ ആതിഥേയത്വത്തിൽ സംഘടിപ്പിക്കുന്ന 36-ാമത് ജിമ്മി ജോർജ് നാഷണൽ വോളിബോൾ ടൂർണമെന്റിന് ഡാളസിൽ വേദിയൊരുങ്ങുന്നു. ടൂർണമെന്റിന്റെ ആവേശകരമായ കിക്കോഫ് ചടങ്ങ് ഇർവിങ്ങിൽ സമുചിതമായി നടന്നു.

**മാർട്ടിൻ വിലങ്ങോലിൽ**



ഇരുനൂറിലധികം കായികപ്രേമികളുടെ സാന്നിദ്ധ്യംകൊണ്ട് പ്രൗഢഗംഭീരമായ കിക്കോഫ് ചടങ്ങ് ഡാളസിലെ വോളിബോൾ ആവേശം വാനോളമുയർത്തിയ ആഘോഷമായി മാറി.

റവ.ഫാ. ബിൻസ് ചേത്തലിൽ നിർവഹിച്ച പ്രാർത്ഥനയോടെ ചടങ്ങുകൾക്ക് തുടക്കമായി. ഇർവിങ് സിറ്റി കൗൺസിലർ ലൂയിസ് കനോസ, പ്രമുഖ മാധ്യമപ്രവർത്തകൻ ഷാജൻ സ്കറിയാ തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു. ചടങ്ങിൽ ഗ്രാൻഡ് സ്പോൺസർ ബിജു ലോസണ് ആദ്യ റാഫിൾ ടിക്കറ്റ് കൈമാറിക്കൊണ്ട് ടൂർണമെന്റിന്റെ ഔദ്യോഗിക ഉദ്ഘാടനം നിർവഹിച്ചു.

ക്ലബ് പ്രസിഡണ്ട് ഷിബു ഫിലിപ്പ് ചടങ്ങിൽ സ്വാഗതം ആശംസിച്ചു. ഡാളസ് സ്ട്രൈക്കേഴ്സ് ടീം കോച്ച് ജിനു കുടിലിൽ ടൂർണമെന്റിനായി ടീമുകൾ നടത്തുന്ന ചിട്ടയായ തയ്യാറെടുപ്പുകളെക്കുറിച്ച് വിശദീകരിച്ചു. ടൂർണമെന്റ് കോ-ഓർഡിനേറ്റർ ജോസി ജോസഫ് നന്ദി പ്രകാശിപ്പിച്ചതോടെ ആവേശകരമായ കിക്കോഫ് ചടങ്ങുകൾക്ക് സമാപനമായി.

ഇന്ത്യൻ വോളിബോൾ ഇതിഹാസം ജിമ്മി ജോർജിന്റെ സ്മരണാർത്ഥം സംഘടിപ്പിക്കുന്ന ഈ ടൂർണമെന്റ്, ഡാളസിലെ വോളിബോൾ പ്രേമികൾക്ക് പുത്തൻ ആവേശം പകരുമെന്ന് സംഘാടകർ പ്രത്യാശ പ്രകടിപ്പിച്ചു.

**ടൂർണമെന്റ് കമ്മിറ്റി:** സുനിൽ വർഗീസ്-ചെയർമാൻ, ഷിബു ഫിലിപ്പ്-ക്ലബ് പ്രസിഡണ്ട്, ജോസി തലച്ചെല്ലൂർ-സെക്രട്ടറി, മനോജ് പാപ്പൻ-ട്രഷറർ, ജിനു കുടിലിൽ-ടീം കോച്ച്, തങ്കച്ചൻ ജോസഫ്-ടീം മാനേജർ.

**മറ്റ് കമ്മിറ്റി അംഗങ്ങൾ:** ടോമി തലച്ചെല്ലൂർ, സേവി ഫിലിപ്പ്, ജോസ് തോമസ്, പ്രിൻസ് പെരുംതറ, പ്രസാദ് ഏബ്രഹാം, നെൽസൺ ജോസഫ്, റോബിൻ ജോസഫ്, സാക്ക് തോമസ്, ബിജി ജോൺ, ഷാജി മാത്യു.

# ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ വാർഷികധ്യാനം നടത്തി

**ജെയിസ് കണ്ണച്ചാൻപറമ്പിൽ**



ഡിട്രോയിറ്റ്: ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിൽ വാർഷികധ്യാനം മാർച്ച് 13, 14, 15 തീയതികളിൽ നടത്തപ്പെട്ടു. ധ്യാനം നയിച്ചത് റവ.ഫാ. ജോയി ചേറാടിയിൽ സിഎംഎഫ് ആയിരുന്നു. അനുരഞ്ജന ശുശ്രൂഷകൾക്ക് നേതൃത്വം നല്കിയത് റവ.ഫാ. ഡിജൻ മൈക്കിൾ ഒഎഫ്എം ക്യാപ്, റവ.ഫാ. ജോബിൻ ജോസഫ് കണ്ടൻകരി എന്നിവരുമായിരുന്നു.

സൺഡേസ്കൂൾ കുട്ടികൾക്കും യുവാക്കൾക്കും നടത്തിയ ധ്യാനം നയിച്ചത് റവ.ഫാ. ജോബിൻ ജോസഫ് ആയിരുന്നു. ഇടവക വികാരി റവ.ഫാ. ജോസഫ് തറയ്ക്കൽ, കൈക്കാരന്മാരായ സെബാസ്റ്റ്യൻ വഞ്ചിത്താനത്ത്, സേവ്യർ തോട്ടം എന്നിവരോടൊപ്പം പാരിഷ് കൗൺസിൽ അംഗങ്ങൾ ധ്യാനത്തിന്റെ വിജയത്തിനായി പ്രവർത്തിച്ചു.

# സിറിയക് ചാഴികാടൻ തൊടുപുഴയിൽ എൽഡിഎഫ് സ്ഥാനാർത്ഥി

കോട്ടയം: ജില്ലയിലെ വെളിയന്നൂർ പഞ്ചായത്തിൽ അരീക്കരയാണ് സ്വദേശം. എംഎൽഎമാരെക്കൊണ്ടും പൊതുപ്രവർത്തകരെക്കൊണ്ടും സമ്പന്നമായ ചാഴികാട് കുടുംബത്തിലെ അംഗം. ചാഴികാട്ട് ജോയി-ശാന്തമ്മ ദമ്പതികളുടെ സീമന്തപുത്രൻ. കേരള നിയമസഭയിലെ ഹാസ്യസമ്രാട്ടായിരുന്ന ജോസഫ് ചാഴികാടന്റെ പാരമ്പര്യമുള്ള ചാഴികാട്ടു കുടുംബത്തിലെ പുതുതലമുറയുടെ പ്രതിനിധി. കേരള യൂത്ത്ഫ്രണ്ട് എമ്മിന്റെ സംസ്ഥാന പ്രസിഡണ്ടായിരിക്കെ 1991-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ഏറ്റുമാനൂരിൽ സ്ഥാനാർത്ഥിയായിരിക്കെ ഇടിമിന്നലേറ്റ് മരണമടഞ്ഞ ബാബു ചാഴികാടന്റെയും ഏറ്റുമാനൂർ എംഎൽഎയും കോട്ടയം എംപിയുമായിരുന്ന തോമസ് ചാഴികാടന്റെയും സഹോദരപുത്രൻ.

ഉഴവൂർ ഒ.എൽ.എൽ ഹൈസ്കൂൾ, കോട്ടയം എസ്.എച്ച്. മൗണ്ട് ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ പഠനം. കോട്ടയം ബസേലിയസ് കോളജിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ ബിരുദം. എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്നും ഗാന്ധിയൻ സ്റ്റഡീസിൽ മാസ്റ്റർ ബിരുദം, പഞ്ചാബ് ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും എം.ബി.എ ബിരുദം, ഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്നും പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം ഇൻ മാനേജ്മെന്റ് (പി.ജി.പി.എം) ബിരുദം എന്നീ മൂന്ന് പോസ്റ്റ്ഗ്രാജുവേഷനുകളും കരസ്ഥമാക്കിയിട്ടുണ്ട്. കാമ്പസ് സെലക്ഷനിലൂടെ ഡൽഹി എച്ച്.ഡി.എഫ്.സി ബാങ്കിൽ ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ചു.

ഡൽഹിയിൽ വിദ്യാർത്ഥി കാലഘട്ടത്തിൽ യുവജന സംഘടനകളിൽ സജീവമായിരുന്നു. കഴിഞ്ഞ പതിനഞ്ചു വർഷത്തിൽ അധികമായി മനുഷ്യ വിഭവശേഷി പരിശീലകൻ, വിവിധ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും വേണ്ടി ഇരുപതിനായിരത്തിലധികം വിദ്യാർത്ഥികൾക്ക് തൊഴിൽ-നൈപുണ്യ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി. കോളജ് വിദ്യാർത്ഥി ആയിരുന്നപ്പോൾ തന്നെ കേരള കോൺഗ്രസ് എമ്മിന്റെ വിദ്യാർത്ഥി പ്രസ്ഥാനത്തിൽ ആകൃഷ്ടനായി പ്രവർത്തിച്ചു. കേരള വിദ്യാർത്ഥി കോൺഗ്രസ് എമ്മിന്റെ 55-ാം ജന്മദിനത്തോടനുബന്ധിച്ച് കോട്ടയം പാർലമെന്റ് മണ്ഡലത്തിലുള്ള 55 വിദ്യാലയങ്ങൾക്ക് 55 ലൈബ്രറി പുസ്തകങ്ങൾ സമ്മാനമായി നല്കുന്ന പദ്ധതിക്ക് നേതൃത്വം നല്കിയത് ആ കാലയളവിലെ വിവിധ പ്രവർത്തനങ്ങളിൽ വേറിട്ട് നിൽക്കുന്നതായിരുന്നു.

കെ.എസ്.സിയുടെ ഓഫീസ് ചാർജുള്ള സംസ്ഥാന ജനറൽ സെക്രട്ടറി, കേരള കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ സംസ്ഥാന പ്രസിഡണ്ട്, സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി, ഇന്ത്യൻ കാത്തലിക് യൂത്ത് മൂവ്മെന്റ് ദേശീയ ജനറൽ സെക്രട്ടറി, സംസ്ഥാന യുവജന ക്ഷേമ ബോർഡ് മെമ്പർ, കത്തോലിക്കാ യുവജനങ്ങളുടെ അന്താരാഷ്ട്ര സംഘടനയായ മിജാർക്കിന്റെ ദേശീയ കോ-ഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡണ്ട് ആയിരിക്കെ 20 ലക്ഷത്തിലധികം ആളുകളിലേക്ക് നേരിട്ടെത്തുന്ന വിധത്തിൽ വിഷരഹിത ഫലങ്ങൾ ആരോഗ്യമുള്ള ജനത എന്ന ആശയം മുൻനിർത്തി ഫലസമൃദ്ധി എന്ന ക്യാമ്പയിന് നേതൃത്വം നല്കുകയും



കാസർഗോഡുനിന്നും കന്യാകുമാരിയിലേക്ക് ആയിരക്കണക്കിന് യുവജനങ്ങളെ അണിനിരത്തി സമാധാന സന്ദേശയാത്ര നയിക്കുകയും ചെയ്തു.

കെ.എം. മാണി യൂത്ത് ബ്രിഗേഡിന്റെ നേതൃത്വത്തിൽ കോവിഡ് കാലഘട്ടത്തിൽ വിവിധ സന്നദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും നൂറിലധികം വിദ്യാർത്ഥികൾക്ക് സ്മാർട്ട്ഫോൺ നല്കിക്കൊണ്ട് പഠനസൗകര്യം ഒരുക്കിയത് മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രശംസ ഏറ്റുവാങ്ങിയ പദ്ധതിയാണ്.

കേരള യൂത്ത്ഫ്രണ്ട് എമ്മിന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന സിറിയക് ചാഴികാടൻ 2023 മുതൽ യൂത്ത്ഫ്രണ്ട് എമ്മിന്റെ സംസ്ഥാന അദ്ധ്യക്ഷനാണ്. കേരള കോൺഗ്രസ് എമ്മിന്റെ സംസ്ഥാന സ്റ്റിയറിംഗ് കമ്മിറ്റി അംഗവും.

കേരള യൂത്ത്ഫ്രണ്ട് എം പ്രസിഡണ്ടായ സിറിയക് ചാഴികാടന്റെ നേതൃത്വത്തിൽ കാസർഗോഡു മുതൽ തിരുവനന്തപുരം വരെതീരദേശ ജില്ലകളിലൂടെ സംഘടിപ്പിച്ച തീരദേശ സംരക്ഷണ യാത്ര ഏറെ ശ്രദ്ധേയമായിരുന്നു.

ആയിരത്തിലധികം യുവജന നേതാക്കളെ അണിനിരത്തി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ സംഘടിപ്പിച്ച ത്രിദിന മാണിസം യൂത്ത് കോൺക്ലേവ് വാർത്താപ്രാധാന്യം നേടി. വയനാട് ദുരന്തത്തിനുശേഷം കേന്ദ്രസർക്കാർ സ്വീകരിച്ച നിഷേധാത്മക നയത്തിനെതിരെ കോട്ടയത്ത് യുവരോഷാഗ്നി സംഘടിപ്പിച്ച് പ്രതിഷേധിച്ചതും പൊതുജന ശ്രദ്ധ ആകർഷിച്ചു. കേരള കോൺഗ്രസ് എമ്മിന്റെ യുവ തലമുറയിലെ വാഗ്ദാനമായ സിറിയക് ചാഴികാടന്റെ ഭാര്യ റിജ മേരി ജെയിംസ് എം.എസ്.സി നേഴ്സായി ജോലി ചെയ്യുന്നു. ജോയിമോൻ, റെസ, ചാക്കോപ്പി എന്നീ മൂന്നു മക്കൾ.

കേരളാ എക്സ്പ്രസ് KERALA EXPRESS

വഴിവിളക്കുകൾ 4

# കുഞ്ഞൂട്ടൻ



"കുഞ്ഞൂട്ടൻ എലിയെ പിടിക്കും."

"ശരിക്കും?"

"പിന്നെ എലിയെ ചുട്ടുതിന്നും."

"ചുമ്മാ പറയല്ലേ...."

"അല്ല സത്യം. കുഞ്ഞൂട്ടൻ പാമ്പിനെയും പിടിക്കും. ഉടുമ്പിനെ തിന്നും. കുഞ്ഞൂട്ടൻ മരപ്പട്ടിയെ വളർത്തുന്നുണ്ട്."

ചേട്ടൻ ഇത്ര ആധികാരികതയോടെ പറഞ്ഞതുകൊണ്ട് കുഞ്ഞൂട്ടനെ സംബന്ധിക്കുന്ന കഥകൾ (കെട്ടുകഥകൾ?) ഞാനും വിശ്വസിച്ചു.

കുന്നിൻമുകളിലെ കൊച്ചുവീട്ടിൽ ഭാര്യ, നാല് പെൺമക്കൾ, ഏക മകൻ ശശി എന്നിവരോടൊപ്പം കഴിഞ്ഞിരുന്ന കുഞ്ഞൂട്ടനെ, ഈ പുതിയ വെളിപാടിന് ശേഷം തികഞ്ഞ ഭയത്തോടെയും അത് ജനിപ്പിച്ച ഒരുതരം അത്ഭുതത്തോടെയും ആണ് ഞാൻ നോക്കിക്കണ്ടത്.

കുഞ്ഞൂട്ടൻ വഴിയെ നടന്നു പോകുമ്പോഴൊക്കെയും കുറച്ചു ദൂരെ മാറിനിന്ന്, കുഞ്ഞൂട്ടൻ പതിവായി കൊണ്ടുനടന്നിരുന്ന തുണിസഞ്ചിയിൽ എന്തായിരിക്കുമെന്ന് കണ്ടെത്താനുള്ള ശ്രമത്തിൽ ഞങ്ങൾ പതിവായി ഏർപ്പെട്ടു. പക്ഷേ, ഒരിക്കൽ പോലും ഞങ്ങളുടെ ശ്രമം വിജയിച്ചില്ല. പാമ്പിനെയോ, മരപ്പട്ടിയെയോ, ഏതെങ്കിലുമൊരു തരം ജീവിയെയോ ഞങ്ങൾ ഒരിക്കലും കണ്ടില്ല.

പക്ഷേ, പറമ്പിലെ കപ്പ എല്ലാം എലി തിന്നു തുടങ്ങിയപ്പോൾ അപ്പച്ചൻ പറയുന്നതു കേട്ടു. "ഭയങ്കര എലിശല്യം ആണല്ലോ! ആ കുഞ്ഞൂട്ടനെ വിളിക്കേണ്ടി വരും." അതോടുകൂടി കുഞ്ഞൂട്ടനെക്കുറിച്ചുള്ള എന്റെ എല്ലാ സംശയങ്ങളും അവസാനിക്കുകയും, കുഞ്ഞൂട്ടൻ എലി, പാമ്പ് തുടങ്ങിയ ജീവികളെ തിന്നുമെന്ന് സംശയലേശമന്യേ ഉറപ്പിക്കുകയും ചെയ്തു.

ഒറ്റ മുണ്ടും, മടക്കി കുത്തിയ മുണ്ടിനു പുറത്തേക്ക് നീണ്ടു നിൽക്കുന്ന അണ്ടർവെയറും, തലയിൽ കെട്ടിയ തോർത്തും- കുഞ്ഞൂട്ടന്റെ പതിവു വേഷം. കപ്പ കട്ടുതിന്നിരുന്ന എലികളെ പിടിക്കാമെന്ന് അപ്പച്ചനോട് സമ്മതിച്ച ശേഷം കുഞ്ഞൂട്ടൻ പാതി അടർന്ന മുൻവശത്തെ പല്ലുകൾ കാട്ടി ചിരിച്ചുകൊണ്ട് നീങ്ങി. അപ്പോഴാണ് അമ്മയുടെ വക പുതിയ വെളിപാട്, കുഞ്ഞൂട്ടൻ പതിവായി വീട്ടിൽ ചാരായം വാറ്റുന്നുണ്ടെന്നാണ് നാട്ടിലൊക്കെ സംസാരമെന്ന്. ഞങ്ങളുടെ ചിതറിയ അറിവുകളെ ഒക്കെ ക്രോഡീകരിച്ച് മനസ്സിലാകുന്ന രൂപത്തിൽ ആക്കി തന്നത് വീട്ടിൽ ജോലിക്ക് വന്നിരുന്ന ശങ്കരൻ ചേട്ടനാണ്. അതിങ്ങനെയാണ്- കുഞ്ഞൂട്ടൻ നാട്ടിൽ അറിയപ്പെടുന്ന ചാരായം വാറ്റുകാരനാണ്. പാമ്പ്, എലി തുടങ്ങിയ ജീവികളെ കൂടി ചേർത്ത് കുഞ്ഞൂട്ടൻ സവിശേഷമായ രീതിയിൽ ചാരായം വാറ്റാറുണ്ട്. അത്തരം പ്രത്യേക ചാരായത്തിന് വൻ ഡിമാൻഡാണ്.

കേട്ട കഥകളിലെ അതിക്രൂരന്മാരായ വില്ലൻ കഥാപാത്രങ്ങളോട് ചേർത്ത് ഞാൻ കുഞ്ഞൂട്ടനെയും പ്രതിഷ്ഠിച്ചു. കുഞ്ഞൂട്ടനെ ദൂരെ വച്ച് കാണുമ്പോഴേ ഉള്ളിൽ ഭയം നിറയാൻ തുടങ്ങി. ഞങ്ങളെ കാണുമ്പോഴൊക്കെയും കുഞ്ഞൂട്ടൻ കറ പിടിച്ച പല്ലുകൾ കാട്ടി ചിരിച്ചിരുന്നെങ്കിലും, തിരിച്ചു ചിരിക്കാൻ ഉള്ള ധൈര്യം ഞങ്ങൾക്ക് ഒരിക്കലും ഇല്ലായിരുന്നു. കുഞ്ഞൂട്ടന്റെ ഭാര്യയും നാല് പെൺമക്കളും മകനും എല്ലാം വളരെ സാധാരണക്കാരായ മനുഷ്യരായിരുന്നിട്ടും, കുഞ്ഞൂട്ടന്റെ വീട്ടിൽ താമസിക്കുന്നവർ എന്ന നിലയിൽ അവരെയും ഒരല്പം സംശയത്തോടു കൂടിയാണ് ഞങ്ങൾ നോക്കി കണ്ടത്.

നല്ല തണുപ്പുള്ള ഒരു ഡിസംബർ മാസം രാവിലെ ഞങ്ങളുടെ വീടിന് രണ്ട് പറമ്പ് അപ്പുറത്തുള്ള കുഞ്ഞൂട്ടന്റെ വീടിനു താഴെയുള്ള റബ്ബർ തോട്ടത്തിലേക്ക് ആളുകൾ കൂട്ടത്തോടെ ഓടി. ഞങ്ങൾ കുട്ടികളെ പുറത്തേക്ക് പോകാനും കാഴ്ച കാണാനും വീട്ടിൽനിന്ന് സമ്മതിച്ചില്ല. എങ്കിലും വിവരങ്ങൾ എല്ലാം വളരെ കൃത്യമായി ഞങ്ങളറിഞ്ഞു. റബ്ബർതോട്ടത്തിന് നടുവിൽ ഒരു മരത്തിൽ കുഞ്ഞൂട്ടന്റെ ഏക മകൻ ശശിയുടെ ശവം തൂങ്ങിയാടുന്നു- ആത്മഹത്യ! നാട്ടുകാരും പത്രക്കാരും പോലീസുകാരും. ബഹളങ്ങൾ എല്ലാം അടങ്ങിയപ്പോൾ ഞങ്ങളുടെ പറമ്പിന്റെ അതിരിൽ നിന്ന് ഞാനാ റബ്ബർതോട്ടത്തിലേക്ക് ഒന്നു പാളിനോക്കി. ആളുകൾ എല്ലാം പിരിഞ്ഞു പോയിരുന്നു. അവിടെ ഒരു റബ്ബർമരത്തിനു ചുവട്ടിൽ കുഞ്ഞൂട്ടൻ ഇരിക്കുന്നു- കുഞ്ഞൂട്ടൻ മാത്രം. ആകെ തളർന്ന്, അവശനായി, കരയാൻ കൂടി ത്രാണിയില്ലാതെ ഒരു പാവം മനുഷ്യൻ. മനസ്സു വരച്ചുകൂട്ടിയ വില്ലന്റെ തൊങ്ങലുകൾ ഒക്കെ പൊടുന്നനെ അപ്രത്യക്ഷമായി. മണ്ണിൽ തൊട്ടിരിക്കുന്ന ഒരു പച്ചമനുഷ്യനും കടലാഴം ഉള്ള അയാളുടെ വേദനയും.

ഇനി കുഞ്ഞൂട്ടനെ കാണുമ്പോൾ ഞാൻ ഒഴിഞ്ഞുമാറില്ല, മുഖത്തു നോക്കും. പുഞ്ചിരിക്കാൻ സാധിക്കുമെങ്കിൽ ഒന്ന് ചിരിക്കും! വിളറിയതെങ്കിലും, നേർത്തതെങ്കിലും ഒരു ചിരി!!!



ആൻസി സിറിയക് ഇലക്കാട്ട്

**(ആൻസി സിറിയക് ഇലക്കാട്ട് (കോട്ടയം ബിസിഎം കോളജ് ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക) രചിച്ച്, മഷിക്കൂട്ട് പബ്ലീഷേഴ്സ് പ്രസിദ്ധീകരിച്ച, നാട്ടുവഴിയിലെ വിളക്കുമരങ്ങൾ എന്ന പുസ്തകത്തിൽ നിന്ന്)**

# 'പകർന്നാട്ടം' മൂന്നാം പതിപ്പ് പ്രകാശിപ്പിച്ചു

തൃശൂർ: കറന്റ് ബുക്സ് പ്രസിദ്ധീകരിച്ച ഷാജൻ ആനിത്തോട്ടത്തിന്റെ പ്രഥമ നോവൽ 'പകർന്നാട്ടം' മൂന്നാം പതിപ്പിന്റെ പ്രകാശനം തൃശൂരിൽ നടന്നു. ഹോട്ടൽ ഗരുഡയിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ പ്രശസ്ത കവിയും ചലച്ചിത്ര ഗാനരചയിതാവുമായ റഫീക്ക് അഹമ്മദ് കേന്ദ്ര സാഹിത്യ അക്കാഡമി യുവ അവാർഡ് ജേതാവും കവയിത്രിയുമായ ലോപമുദ്രയ്ക്ക് പുസ്തകത്തിന്റെ കോപ്പി നല്കിയാണ് പ്രകാശനം നിർവ്വഹിച്ചത്. തൃശൂർ സി.എം.എസ്. ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ഫ്രാൻസിസ് ആളൂർ, കറന്റ് ബുക്സ് തൃശൂർ മാനേജർ കെ.ജെ. ജോണി, സെന്റ് തോമസ് കോളജ് പ്രൊഫസറും എഴുത്തുകാരനുമായ ശ്യാം സുധാകർ, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജ് പ്രൊഫസറും സാഹിത്യകാരനുമായ ടിറ്റോ വർഗ്ഗീസ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.



അമേരിക്കയിലെ ആദ്യകാല കുടിയേറ്റ നേഴ്സുമാരും അവരുടെ കുടുംബങ്ങളും അനുഭവിച്ച ജീവിത, തൊഴിൽ പ്രതിസന്ധികളെ സത്യസന്ധമായും തീക്ഷണവുമായി വർണ്ണിച്ചിരിക്കുന്ന മനോഹരമായൊരു സർഗ്ഗസൃഷ്ടിയാണ് പകർന്നാട്ടം. ഹൈറേഞ്ചിലെ കമ്പിളികണ്ടം എന്ന ഗ്രാമത്തിൽ നിന്നും ചിക്കാഗോയിലേക്ക് കുടിയേറിയ ഒരു നേഴ്സാണ് നോവലിലെ നായിക. തമിഴ്നാട്ടിലും പോണ്ടിച്ചേരിയിലുമായി നടന്ന വിദ്യാഭ്യാസ കാലയളവിലും തുടർന്നങ്ങോട്ട് ജീവിതത്തിലും നേരിട്ട വെല്ലുവിളികളുടെയും വൈകാരിക മുഹൂർത്തങ്ങളുടെയും ആകർഷകമായ ആവിഷ്ക്കാരമാണ് മികച്ച വായനാസുഖം നല്കുന്ന ഈ നോവൽ. ഇന്ത്യയിലെ അടിയന്തരാവസ്ഥ മുതൽ അമേരിക്കൻ പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പുകളുൾപ്പെടെ ആയിരത്തിത്തൊള്ളായിരത്തിയറുപത്തിയെട്ട് മുതൽ രണ്ടായിരത്തിപതിനെട്ട് വരെയുള്ള അര നൂറ്റാണ്ട് കാലയളവിൽ ഇരു രാജ്യങ്ങളിലും നടന്ന പല സാമൂഹിക, രാഷ്ട്രീയ വിഷയങ്ങളും നോവലിൽ പ്രതിപാദിക്കുന്നുണ്ട്; ഒപ്പം മലബാറിലെ ഉൾനാടൻ ഗ്രാമങ്ങളും മയ്യഴിപ്പുഴയും ലദീഞ്ഞത്തുമ്പികളും വെള്ളിയാങ്കല്ലിൽ വിശ്രമിക്കുന്ന പരേതാത്മാക്കളും.




പ്രശസ്ത എഴുത്തുകാരായ സി. രാധാകൃഷ്ണൻ, സക്കറിയ, പെരുമ്പടവം ശ്രീധരൻ എന്നിവരുടെ ആസ്വാദനക്കുറിപ്പുകൾ പുസ്തകത്തിന്റെ പ്രൗഢി വിളിച്ചോതുന്നുണ്ട്.

ഹിച്ച്ഹൈക്കർ (കഥാസമാഹാരം), പൊലിക്കറ്റ (കവിതകൾ), ഒറ്റപ്പയറ്റ് (ലേഖനസമാഹാരം), ഹിമ (ചെറുകഥകളുടെ സമാഹാരം) എന്നിവയാണ് ഷാജൻ ആനിത്തോട്ടത്തിന്റെ പ്രസിദ്ധീകരിക്കപ്പെട്ട മറ്റ് പുസ്തകങ്ങൾ. കറന്റ് ബുക്സിന്റെ ശാഖകളിൽ നിന്നോ ആമസോൺ (ഇന്ത്യ), കറന്റ് ബുക്സ് ഓൺലൈൻ എന്നിവിടങ്ങളിൽ നിന്നോ 'പകർന്നാട്ടം' ലഭ്യമാണ്. വില: അഞ്ഞൂറ് രൂപ.

# കൊപ്പേൽ സെ. അൽഫോൻസാ ഇടവകയിൽ 25 കുട്ടികൾ അൾത്താര ശുശ്രൂഷയിലേക്ക്

ഡാളസ്: കൊപ്പേൽ സെ. അൽഫോൻസാ സീറോ മലബാർ ഇടവകയിൽ ആത്മീയചൈതന്യം തുളുമ്പുന്ന വേളയിൽ 25 ബാലന്മാർ പുതുതായി അൾത്താര ശുശ്രൂഷയിലേക്ക് പ്രവേശിച്ചു.





2001 മാർച്ച് 13-ന് പരിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപത ഔദ്യോഗികമായി സ്ഥാപിച്ചതിന്റെ കൃത്യം 25-ാം വാർഷിക ദിനത്തിലാണ് ഈ ശുശ്രൂഷാ സ്വീകരണം നടന്നത് എന്നത് ഏറെ സവിശേഷമായി. രൂപതയുടെ രജതജൂബിലി ദിനത്തിൽ ഒരു ഇടവകയിൽ നിന്ന് തന്നെ 25 കുട്ടികൾ ഒരേസമയം ശുശ്രൂഷാപദവിയിലേക്ക് ഉയർത്തപ്പെട്ടത് ചരിത്രമുഹൂർത്തമായി മാറി.

മാർച്ച് 13-ന് വെള്ളിയാഴ്ച ഇടവക ദേവാലയത്തിൽ നടന്ന പ്രത്യേക തിരുക്കർമ്മങ്ങൾക്ക് വികാരി ഫാ. മാത്യൂസ് കുര്യൻ മുഞ്ഞനാട്ട്, അസി. വികാരി ഫാ. ജിമ്മി എടക്കുളത്തൂർ എന്നിവർ മുഖ്യകാർമ്മികത്വം വഹിച്ചു.

വിശുദ്ധ കുർബാനയ്ക്കു മുന്നോടിയായി നടന്ന ചടങ്ങിൽ വൈദികർ കുട്ടികളെ ആശീർവദിക്കുകയും കൊത്തീനയും തിരുവസ്ത്രങ്ങളും നല്കി മദ്ബഹായിലേക്ക് ആനയിക്കുകയും ചെയ്തു. മദ്ബഹാ ശുശ്രൂഷകരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ ബെർക്കുമാൻസിന്റെ ജന്മദിനം കൂടിയായ മാർച്ച് 13-നു തന്നെ ഈ ശുശ്രൂഷാ സ്വീകരണം നടന്നത് കുട്ടികളിലും മാതാപിതാക്കളിലും വലിയ ആവേശം പകർന്നു.

രൂപതയുടെ സ്ഥാപനദിനത്തിൽ തന്നെ 25 കുട്ടികൾ അൾത്താര സേവനത്തിനായി സമർപ്പിതരായത് ഇടവകയ്ക്ക് ഇരട്ടിമധുരമായി. വിശുദ്ധ അൽഫോൻസാമ്മയുടെ നാമത്തിലുള്ള വെള്ളവസ്ത്രങ്ങൾ അണിഞ്ഞ്, ശുഭ്രധാരികളായി 25 ബാലന്മാരും പുരോഹിതരോടൊപ്പം ബലിപീഠത്തി

മാർട്ടിൻ വിലങ്ങോലിൽ

ലേക്ക് ചുവടുവെച്ചപ്പോൾ വിശ്വാസിസമൂഹം പ്രാർത്ഥനയോടെ ആ നിമിഷത്തിന് സാക്ഷ്യം വഹിച്ചു.

വരുംതലമുറയിൽ ദൈവവിളി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വൈദികരുടെ നേതൃത്വത്തിൽ കുട്ടികളെ പ്രത്യേകമായി ഒരുക്കിയെടുത്താണ് ഈ ശുശ്രൂഷാ പദവിയിലേക്ക് എത്തിച്ചത്.

ക്രിസ്തുവിന്റെ പ്രതിപുരുഷനായ വൈദികനെ ബലിപീഠത്തിൽ സഹായിക്കുന്നതിലൂടെ ഈ കുട്ടികൾ യേശുക്രിസ്തുവിനോടും അവിടുത്തെ പരിശുദ്ധ സിംഹാസനത്തോടും കൂടുതൽ അടുക്കുവാനുള്ള ഭാഗ്യമാണ് നേടിയതെന്ന് വികാരി അനുസ്മരിച്ചു.

ജോർജ് ജോസഫ്, ലിയോൺ തോമസ് എന്നിവരുടെ നേതൃത്വത്തിലാണ് കുട്ടികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നല്കിയത്. സഭയുടെയും രൂപതയുടെയും വളർച്ചയിൽ പങ്കുചേരാൻ സന്നദ്ധരായ ഈ കൊച്ചു ശുശ്രൂഷകരെ ഇടവക സമൂഹം അഭിനന്ദിച്ചു.

# വേൾഡ് പീസ് മിഷന്റെ ഗ്ലോബൽ ക്ലോത്ത് ബാങ്ക് പദ്ധതി ആയിരങ്ങൾക്ക് സഹായമാകുന്നു

അറ്റ്ലാന്റ: നിർദ്ധനരായ ആയിരക്കണക്കിന് ആളുകളുടെ ജീവിതത്തിന് സഹായമാകുന്ന അന്താരാഷ്ട്ര സേവനപ്രവർത്തനമാണ് വേൾഡ് പീസ് മിഷന്റെ 'ഗ്ലോബൽ ക്ലോത്ത് ബാങ്ക്' പദ്ധതി.

യുഎസ്എ, യുകെ, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ സമൂഹങ്ങൾ ചേർന്ന് ഉപയോഗയോഗ്യമായ പഴയ വസ്ത്രങ്ങൾ ശേഖരിച്ച് ഗ്ലോബൽ ക്ലോ

സ്നേഹ ബാബു

ത്ത് ബാങ്ക് എന്ന പദ്ധതിയിലൂടെ ഇന്ത്യയിലും ആഫ്രിക്കയിലും എത്തിച്ച് പിന്നാക്ക വിഭാഗങ്ങളെസഹായിക്കുന്നതാണ് ഈ പദ്ധതി.

കരുണയും ആഗോള ഉത്തരവാദിത്വ ബോധവും പ്രചോദനമാക്കി അതത് രാജ്യങ്ങളിലെ വേൾഡ് പീസ് മിഷൻ സന്നദ്ധപ്രവർത്തകരും ദാതാക്കളും ഉപയോഗിക്കാവുന്ന വസ്ത്രങ്ങൾ സംഭാവന ചെയ്യുന്നത് ശേഖരിക്കുന്നു.

വസ്ത്രങ്ങൾ നന്നായി തിരിച്ച് ക്രമീകരിച്ച് പായ്ക്ക് ചെയ്ത് ഇന്ത്യയിലേക്കും ആഫ്രിക്കയിലേക്കും അയയ്ക്കുന്നു. ഇവ ആവശ്യക്കാരായ സമൂഹങ്ങൾക്ക് ക്രമബദ്ധമായി വിതരണം ചെയ്യുന്ന പദ്ധതിയാണിത്.

ഇന്ന് ഈ സേവനപ്രവർത്തനത്തിന്റെ പരിധി അതിർത്തികൾ കടന്ന് വ്യാപിക്കുകയാണ്. ഈ പദ്ധതി ഐക്യത്തിന്റെയും ആഗോളസാഹോദര്യത്തിന്റെയും പ്രതീകമാണ്. ഒരു സ്ഥലത്ത് ചെറുതായി തോന്നുന്ന സഹായം മറ്റൊരിടത്ത് വലിയ ആശ്വാസവും മാന്യതയും നല്കുന്ന ഒന്നായി മാറുന്നുവെന്ന് വേൾഡ് പീസ് മിഷൻ ചെയർമാൻ ഡോ. സണ്ണി സ്റ്റീഫൻ അഭിപ്രായപ്പെട്ടു.

2009-ൽ വേൾഡ് പീസ് മിഷൻ യുകെയിൽ ആരംഭിച്ച ഈ പദ്ധതി തുടർന്ന് 2011 മുതൽ ഓസ്ട്രേലിയയിലും തുടർന്ന് 2023 മുതൽ യുഎസിലും ആരംഭിച്ചു. ഇന്ന് യുഎസ് വേൾഡ് പീസ് മിഷന്റെ നേതൃത്വത്തിൽ വിപുലമായി ഈ പദ്ധതി നടത്തപ്പെടുന്നു.

യുഎസ് വേൾഡ് പീസ് മിഷൻ പ്രസിഡണ്ട് ഏബ്രഹാം മാത്യു, വൈസ് പ്രസിഡണ്ട് ഷേർളി ബിജു, ജനറൽ സെക്രട്ടറി താര കുര്യൻ, ഡോ. അജു ഡാനിയൽ, മാത്യു ചാക്കോ സിപിഎ, എ. റോണി, തോമസ് സ്കറിയ എന്നിവരാണ് ഈ പദ്ധതിക്ക് ഇപ്പോൾ നേതൃത്വം നല്കുന്നത്.









കൂടുതൽ വിവരങ്ങൾക്ക്: ഏബ്രഹാം മാത്യു (678) 866 5336, ഷേർളി ബിജു (512) 773 6888, താര കുര്യൻ (423) 316 8272, എ. റോണി (919) 949 4464, മാത്യു ചാക്കോസിപിഎ (512) 785 6495, ഡോ. അജു ഡാനിയൽ (508) 762 8359, തോമസ് സ്കറിയ(623) 986 2461.

E-mail: wpmissionoffical@gmail.com, Website: www.worldpeacemission.net

# ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് ഒഷ്യാനിയ കൺവൻഷൻ പൈതൃകം 2026 ഒരുക്കങ്ങൾ പൂർത്തിയായി


മാർ ജോസഫ് പണ്ടാരശ്ശേരിൽ


മാർ ജോൺ പനന്തോട്ടത്തിൽ


ബാബു പറമ്പടത്ത് മലയിൽ


ജോസ് ഏബ്രഹാം ചക്കാലപറമ്പിൽ


ബേബി ജോസഫ് പാറ്റാകുടിലിൽ

**ജോസ് ഏബ്രഹാം ചക്കാലപറമ്പിൽ**

ഫെബ്രുവരിമാസം 28-ന് സ്റ്റിയറിങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കൺവൻഷന്റെ മെയിൻ വേദിയായ വില്യം ഇംഗ്ലീസ് ഹോട്ടൽ സന്ദർശിച്ച് ഒരുക്കങ്ങൾ നേരിട്ടു കണ്ട് വിലയിരുത്തി.

ഓസ്ട്രേലിയ, ന്യൂസിലൻഡ്, സിംഗപ്പൂർ എന്നീ രാജ്യങ്ങളിൽ വസിക്കുന്ന ക്നാനായ കത്തോലിക്കരുടെ പൊതു സംഘടനയായ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് ഒഷ്യാനിയ(KCCO)യുടെ കൺവൻഷൻ പൈതൃകം 2026-ന്റെ ഒരുക്കങ്ങൾ പൂർത്തിയായി. എല്ലാ രണ്ടു വർഷങ്ങൾ കൂടുമ്പോൾ നടത്തപ്പെടുന്ന കൺവൻഷൻ ഈ പ്രാവശ്യം ഓസ്ട്രേലിയയിലെ സിഡ്നിയിലാണ് ഏപ്രിൽ 10, 11, 12 തീയതികളിൽ നടത്തപ്പെടുന്നത്. ഹോട്ടൽ വില്യം ഇംഗ്ലീസ് ആണ് പ്രധാന വേദി. ഒഷ്യാനിയയിലെ എല്ലാ പ്രദേശങ്ങളിൽ നിന്നു 1700 ക്നാനായ കുടുംബാംഗങ്ങൾ കൺവൻഷനിൽ പങ്കെടുക്കും. എല്ലാവരുടെയും താമസ സൗകര്യത്തിനായി നാല് ഫൈവ് സ്റ്റാർ ഹോട്ടലുകൾ പൂർണമായും ബുക്ക് ചെയ്തുകഴിഞ്ഞു. ഈ പ്രാവശ്യത്തെ കൺവൻഷന് ആതിഥേയത്വം വഹിക്കുന്നത് സിഡ്നി ക്നാനായ കാത്തലിക് അസോസിയേഷനാണ്. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിയാണ് മുഖ്യാതിഥി. ക്നാനായ മിഷനുകളിലെ വൈദികർ, ക്നാനായ കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട് ബാബു പറമ്പടത്ത് മലയിൽ തുടങ്ങി സമുദായ നേതാക്കളും പങ്കെടുക്കും.

എല്ലാ ദിവസവും ദിവ്യബലിയോടു കൂടി ആയിരിക്കും പരിപാടികൾ ആരംഭിക്കുന്നത്. ക്നാനായ പാരമ്പര്യവും സംസ്കാരവും തനിമയും വിശ്വാസവും ഉയർത്തിപ്പിടിക്കുന്ന വിവിധ കലാപരിപാടികൾ, റാലി, സ്പോർട്സ്, ഗെയിംസ്, യുവജനങ്ങൾക്കായി Mr & Ms ക്നാനായ മത്സരം, കുട്ടികൾക്കായി art competition, മാതാപിതാക്കൾക്കായി സെമിനാറുകൾ തുടങ്ങി മൂന്നു ദിനരാത്രങ്ങൾ ഒഷ്യാനിയ ക്നാനായ മക്കൾ സിഡ്നിയിലെ കൺവൻഷൻ പൈതൃകം 2026 മനോഹരമാക്കും. ഈ കൺവൻഷന് നേതൃത്വം നല്കുന്നത് KCCO പ്രസിഡണ്ട് ജോസ് ഏബ്രഹാം ചക്കാലപറമ്പിൽ കരിപ്പാടം കാൻബറ, സിഡ്നി ക്നാനായ കാത്തലിക് അസോസിയേഷൻ പ്രസിഡണ്ടും കൺവൻഷൻ ചെയർമാനുമായ ബേബി ജോസഫ് പാറ്റാകുടിലിൽ അലക്സ്നഗർ എന്നിവർ നയിക്കുന്ന സ്റ്റിയറിങ് കമ്മിറ്റിയാണ്.








# ഫോമാ തെരഞ്ഞെടുപ്പ് സുതാര്യമാക്കും: മാത്യു ചെരുവിൽ (ഫോമാ ഇലക്ഷൻ കമ്മീഷണർ)

അമേരിക്കൻ മലയാളി സംഘടനകളുടെ ചരിത്രത്തിൽ അതിന്റെ തെരഞ്ഞെടുപ്പുകൾക്ക് വലിയ പ്രാധാന്യമുണ്ട്. പുതിയ ഭരണകർത്താക്കളുടെ കടന്നു വരവ് മാത്രമല്ല, മറിച്ച് ഒരു ജനാധിപത്യ പ്രക്രിയയിലെ പൗരന്റെ അവകാശമായ 'വോട്ട്' എന്ന അവകാശത്തെ കൃത്യമായി ഉപയോഗിക്കുവാനും അതിന്റെ പിന്നിലെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും, സൗഹൃദം പങ്കുവെയ്ക്കാനും ഒന്നിച്ച് കൂടുവാനും ലഭിക്കുന്ന അസുലഭ നിമിഷം. തെരഞ്ഞെടുപ്പും അതിന്റെ ജയാപജയങ്ങളും സംഘടനകൾക്ക് ഹരമാണെങ്കിലും സദാ ജാഗരൂഗരായി ഈ പ്രക്രിയയെ നിയന്ത്രിക്കുന്ന ഒരു ഘടകവും നിഷ്പക്ഷരായ ചില മനുഷ്യരും ഇവിടെ ഉണ്ട്. അതാണ് ഇലക്ഷൻ കമ്മീഷനും അവയെ നിയന്ത്രിക്കുന്ന ഇലക്ഷൻ കമ്മീഷണർമാരും.

അമേരിക്കൻ മലയാളി സംഘടനകളുടെ സംഘടനയായ ഫോമായുടെ വാർഷിക തെരഞ്ഞെടുപ്പ് ഫോമാ അന്തർദ്ദേശീയ കൺവൻഷൻ ഹൂസ്റ്റണിൽ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുമ്പോൾ ഫോമാ തെരഞ്ഞെടുപ്പ് രംഗവും സജീവമാണ്. മാസങ്ങൾക്ക് മുൻപേ ഇവിടെയും പ്രചാരണ രംഗം ചൂടുപിടിച്ചു കഴിഞ്ഞു. ഫോമാ ഇത്തവണ ഇലക്ഷൻ കമ്മീഷൻ ചെയർമാനായി തെരഞ്ഞെടുത്തിരിക്കുന്നത് ഫോമായുടെ സൗമ്യ സാന്നിദ്ധ്യവും ഫോമായുടെ തുടക്കം മുതൽ സന്തത സഹചാരിയും സംഘടനയുടെ നിരവധി പദവികൾ അലങ്കരിക്കുകയും ഫോമായെ കുറിച്ച് വിശാലമായ

കാഴ്ചപ്പാടുമുള്ളതുമായ മാത്യു ചെരുവിൽ ആണ്. തന്റെ ആശയങ്ങളും കാഴ്ചപ്പാടുകളും കേരളാ എക്സ്പ്രസ്സുമായി അദ്ദേഹം പങ്കു വെയ്ക്കുന്നു.

**ചോദ്യം: ഒരു സംഘടനയുടെ ഏറ്റവും ചർച്ച ചെയ്യപ്പെടുന്നതും ഏറെ ശ്രദ്ധിക്കപ്പെടുന്നതുമായ ഭാഗം ആ സംഘടനയുടെ തെരഞ്ഞെടുപ്പാണ്.**

**ഫോമായുടെ ഇലക്ഷൻ കമ്മീഷണറായി തെരഞ്ഞെടുത്തുവല്ലോ? എന്തുതോന്നുന്നു?**

അഭിമാനം തോന്നുന്ന നിമിഷമാണ് ഇതെല്ലാം. കാരണം ഫോമായുടെ ഇലക്ഷൻ കമ്മീഷണർ ആയി പ്രവർത്തിക്കുക എന്നത് നിർണ്ണായകമായതും, ഉത്തരവാദിത്വം കൂടുതൽ ഉള്ള ഒരു പദവിയായിട്ടാണ് ഞാൻ കാണുന്നത്. ഞാനും ഒപ്പമുള്ള സഹപ്രവർത്തകരും ഫോമായുടെ പ്രവർത്തനങ്ങളിലൂടെ കടന്നുവന്നവരാണ്. ഒരു തെരഞ്ഞെടുപ്പ് നടത്തുക എന്നത് അത്ര നിസ്സാര കാര്യമല്ല എന്ന് മുൻ തെരഞ്ഞെടുപ്പുകളെ വിലയിരുത്തി ഞങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഏറ്റവും സുതാര്യമായ രീതിയിൽ ഫോമാ തെരഞ്ഞെടുപ്പ് നടത്തുക എന്നതാണ് ഇലക്ഷൻ കമ്മീഷന്റെ ദൗത്യം. പരാതികൾ ഉണ്ടാകുമ്പോഴാണ് പല തെരഞ്ഞെടുപ്പുകളും കേസുകളിലേക്കും മറ്റും പോകുന്നത്. അത്തരം സംഭവങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കുകയാണ് പ്രധാനം. എങ്കിൽ മാത്രമേ ഞാൻ പറഞ്ഞതു പോലെ സുതാര്യമായ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുവാൻ സാധിക്കുകയുള്ളു. ഫോമായെ സംബന്ധിച്ചിടത്തോളം

അഭിമുഖം



അനിൽ പെണ്ണുക്കര

ആരംഭകാലം മുതൽ ഒത്തൊരുമയോടു കൂടിയ പ്രവർത്തനവും മികച്ച സംഘാടനവും ഈ സംഘടനയെ ലോകത്തിലെ തന്നെ അറിയപ്പെടുന്ന സംഘടനയാക്കി മാറ്റിയിട്ടുണ്ട്.

**ചോദ്യം: ആരംഭം മുതലുള്ള ഫോമായുടെ പ്രവർത്തനങ്ങളെ എങ്ങനെ വിലയിരുത്തുന്നു?**

ഒരു സംഘാടകൻ എന്ന നിലയിലും, ഫോമായുടെ ഭാഗമായ പ്രവർത്തകൻ എന്ന നിലയിലും ഫോമാ ഏവർക്കും മാതൃകയായ സംഘടനയാണ്. അമേരിക്കൻ മലയാളികളുടെ സംഘടനകളുടെ ഫെഡറേഷൻ എന്ന നിലയിൽ സ്ഥാപക പ്രസിഡന്റ് ശശിധരൻ നായരുടെ നേതൃത്വം മുതൽ ഇപ്പോൾ ബേബി മണക്കുന്നേൽ വരെ ഉള്ളവരുടെ നേതൃത്വം ഈ സംഘടനയ്ക്ക് നൽകിയ ശക്തി ചെറുതല്ല. ഫോമാ അമേരിക്കയിലും കേരളത്തിലും മലയാളികളുടെ ജീവൽ പ്രശ്നങ്ങളിൽ കൃത്യമായി ഇടപെട്ടിട്ടുണ്ട്. കേരളത്തിലെ ജീവകാരുണ്യ പ്രവർത്തന രംഗത്ത് നൽകിയ സംഭാവനകൾ ചെറുതല്ല. വിവിധ കാലങ്ങളിലായി കേരളത്തിൽ പാർപ്പിടം ഇല്ലാത്ത സാധാരണ ജനങ്ങൾക്ക് ഫോമാ നൽകിയ വീടുകൾ ഇന്നും അവർക്ക് തണലായി നിലകൊള്ളുന്നു. ജോൺ ടൈറ്റസ് പ്രസിഡന്റായിരുന്ന സമയത്ത് നൽകിയ 35 ഓളം വീടുകൾ, പിന്നീട് കേരളത്തിലെ മഹാ പ്രളയത്തിന് ശേഷം ഫിലിപ്പ് ചാമത്തിൽ പ്രസിഡന്റായ സമയത്ത് തിരുവല്ല പുളിക്കീഴ് നിർമ്മിച്ച ഫോമാ വില്ലേജ് പ്രോജക്ട് ഒക്കെ ഫോമായെ അടയാളപ്പെടുത്തിയ ജീവകാരുണ്യ പ്രവർത്തനങ്ങളാണ്. അത് കൂടാതെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, രണ്ട് വർഷത്തിനിടയിൽ കേരളത്തിൽ ഫോമാ സംഘടിപ്പിക്കുന്ന മെഡിക്കൽ ക്യാമ്പുകൾ, മറ്റ് ജീവകാരുണ്യ പ്രവർത്തനങ്ങൾ എല്ലാം ഫോമാ എന്ന അമേരിക്കൻ പ്രവാസി സംഘടനയ്ക്ക് കേരള സമൂഹത്തിലും അമേരിക്കൻ മലയാളി സമൂഹത്തിലും ലഭിച്ച അംഗീകാരം വളരെ വലുതാണ്. ഇതിനെല്ലാം കാരണമായത് ഫോമായുടെ തുടക്കം മുതൽ ഇന്നുവരെ ലഭിച്ച ജനപിന്തുണയാണ് എന്നതിൽ സംശയമില്ല.




















**ചോദ്യം: ബേബി മണക്കുന്നേൽ ടീമിന്റെ പ്രവർത്തനങ്ങളെ എങ്ങനെ നോക്കിക്കാണുന്നു?**

ബേബി മണക്കുന്നേൽ മികച്ച സംഘാടകനാണ് എന്നതിന്റെ തെളിവാണ് കഴിഞ്ഞ രണ്ട് വർഷത്തെ അദ്ദേഹത്തിന്റെ ടീമിന്റെ പ്രവർത്തനങ്ങൾ. എനിക്ക് ഏറെ ഫലവത്തായി തോന്നിയ ഒരു പ്രവർത്തനം കേരളത്തിൽ വിവിധ ഹോസ്പിറ്റലുകളിൽ നടപ്പിലാക്കിയ ഹെൽത്ത് കാർഡ് പ്രോജക്ട് ആണ്. ഫോമാ പ്രവർത്തകർക്കും അവരുടെ ബന്ധുക്കൾക്കും കേരളത്തിലെ ആശുപത്രികളിൽ വിവിധ ചികിത്സകൾക്ക് ലഭിക്കുന്ന ഡിസ്കൗണ്ട് ഒരു ചെറിയ കാര്യമല്ല. അമേരിക്കൻ മലയാളികളെ സംബന്ധിച്ചിടത്തോളം സാമ്പത്തികമായ സുരക്ഷിതത്വം ഉണ്ടെങ്കിലും ചില ചികിത്സകൾക്ക് നാട്ടിലെ ആശുപത്രികളെ സമീപിച്ചാൽ ഒരു ചെറിയ ശതമാനമെങ്കിലും ഡിസ്കൗണ്ട് ലഭിക്കുന്നത് വലിയ കാര്യമാണ്. നാട്ടിലുള്ള ഫോമായുടെ ബന്ധുക്കൾക്കും ഈ ആനുകൂല്യം ലഭിക്കുന്നതും ആശാവഹം തന്നെ.

പിറവത്ത് ഫോമാ നേതൃത്വം സംഘടിപ്പിച്ച അമ്മയോടൊപ്പം എന്ന പരിപാടി അമേരിക്കൻ മലയാളി സംഘടനകൾ ഇതുവരെ സംഘടിപ്പിക്കാത്ത ഒരു പരിപാടിയായി എനിക്ക് തോന്നി. ആയിരത്തോളം അമ്മമാർക്ക് മെഡിക്കൽ കിറ്റും, ധാന്യ കിറ്റും, സാമ്പത്തിക സഹായവും നൽകുന്ന പരിപാടി ഏവർക്കും മാതൃകയായായ പദ്ധതിയായി മാറി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അമ്മമാർക്ക് തണലാവുക എന്നത് കടന്നു വന്ന വഴി മറക്കാതിരിക്കുക എന്ന വലിയ സങ്കൽപ്പം കൂടി ഈ ചിന്തയ്ക്ക് പിന്നിലുണ്ട് എന്ന് പുതിയ തലമുറയെ ഓർമ്മപ്പെടുത്താനും ഈ പരിപാടി കൊണ്ട് ബേബിക്കും ടീമിനും സാധിച്ചു. ബേബി ഇത് വർഷങ്ങളായി പിറവത്ത് സംഘടിപ്പിക്കുന്നു എന്നറിഞ്ഞതിൽ അദ്ദേഹത്തോട് ആദരവ് കൂടി എന്ന് വേണം പറയാൻ. ഒരു അമേരിക്കൻ മലയാളി സംഘടന ഒരു പക്ഷേ, ഇത്തരം ഒരു പദ്ധതി കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നത് ഫോമാ ആയിരിക്കും എന്നത് അഭിമാനകരമാണ്.

**ചോദ്യം: അമേരിക്കയിലെ അറിയപ്പെടുന്ന കായിക മാമാങ്കമായ ജിമ്മി ജോർജ് നാഷണൽ വോളിബോൾ ടൂർണമെന്റ് 36-ാം വർഷത്തിലേക്ക് കടക്കുകയാണല്ലോ.? അതിന്റെ തുടക്കം താങ്കളിൽ നിന്നാണെന്ന് കേട്ടിട്ടുണ്ട്?**

ചെറുപ്പം മുതൽക്കേ വോളിബോൾ വലിയ ഇഷ്ടമാണ്. ഏത് കായിക വിനോദവും നമുക്ക് വലിയ മാനസിക ശക്തി തരും എന്നാണ് എന്റെ വിശ്വാസം. ഈ ചിന്തയുടെ അടിസ്ഥാനത്തിൽ ഡിട്രോയിറ്റിൽ 1993-ൽ ഒരു വോളിബോൾ ടീം ഉണ്ടാക്കി. ഡിട്രോയിറ് ഈഗിൾസ് എന്നായിരുന്നു അതിന്റെ പേര്. നിരവധി ചെറുപ്പക്കാരെ ഈ ടീമിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ക്രമേണ ഈ സംഘം മലയാളികളുടെ ഒരു കൂട്ടായ്മ കൂടിയായി മാറി. എനിക്കറിയാവുന്ന എല്ലാ ചെറുപ്പക്കാരെയും ഒരുമിച്ച് നിർത്തി കുടുംബ ബന്ധങ്ങൾ ഊട്ടി ഉറപ്പിക്കാനും, ശനി, ഞായർ ദിവസങ്ങളിൽ കോച്ചിംഗ് നടത്തി ചെറുപ്പക്കാർ തമ്മിൽ ഒരു ബന്ധം ഉണ്ടാക്കുവാനും സാധിച്ചു. അങ്ങനെ അന്തർദ്ദേശീയ ജിമ്മി ജോർജ് വോളിബോൾ മത്സരം എന്ന വലിയ പ്രസ്ഥാനത്തിലേക്ക് വളർത്തുവാൻ ഒരു ചെറിയ കൈത്താങ്ങാകുവാൻ സാധിച്ചു. നോർത്ത് അമേരിക്കയിലെ ചെറുപ്പക്കാരായ മലയാളികളെ ഒരു കുടക്കീഴിൽ അണിനിരത്തുവാൻ അമേരിക്ക മുഴുവൻ ഉള്ള വോളിബോൾ ടീമുകളെ ഉൾപ്പെടുത്തി നടത്തുന്ന കേരളാ വോളിബോൾ ലീഗ് ഓഫ് നോർത്ത് അമേരിക്ക എന്ന സംഘടനയ്ക്ക് രൂപം നൽകുവാൻ സാധിച്ചു. കെ.വി.എൽ.എൻ.എയുടെ നേതൃത്വത്തിലാണ് ദേശീയ ജിമ്മി ജോർജ് വോളിബോൾ മത്സരം നടത്തുന്നത് എന്നതും എനിക്ക് ഏറെ സന്തോഷം നൽകുന്നുണ്ട് ഇപ്പോൾ.

**ചോദ്യം: അതുപോലെ തന്നെ നമ്മുടെയൊക്കെ ഗ്രാമങ്ങളേയും, വീടുകളേയും ഒക്കെ സജീവമാക്കിയ ചീട്ടുകളി ഒരു ദേശീയ മത്സരമാക്കി ഉയർത്തുന്നതിൽ ചില പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടല്ലോ?**

കേരളം വിട്ടു പോകുമ്പോൾ പല കാര്യങ്ങളും നമുക്ക് നൊസ്റ്റാൾജിയ ആയി മാറും. ചീട്ടുകളിയും അങ്ങനെ തന്നെ. സമയം പോകാൻ ഉള്ള ഒരു വിനോദം എന്നതിനപ്പുറത്ത് ഒരു സ്നേഹബന്ധം പരസ്പരം ഉണ്ടാക്കിയെടുക്കാൻ ഇതിന് കഴിയും എന്നതാണ് സത്യം. ഇപ്പോഴും അമേരിക്കൻ മലയാളികൾക്കിടയിലെ ഏറ്റവുംവലിയ ഒരു വിനോദമാണ് ചീട്ടുകളി. 1998-ൽ 56 ചീട്ടുകളി സംഘം ഡിട്രോയിറ്റിൽ തുടങ്ങി. വെറുതെ സമയം കളയാൻ വേണ്ടി തുടങ്ങിയ ചീട്ടുകളി പിന്നീട് ടൂർണമെന്റായി വളർന്നു. 56 ചീട്ടുകളി ഇന്റർനാഷണൽ ടൂർണമെന്റുകൾ വിവിധയിടങ്ങളിൽ സംഘടിപ്പിച്ചു. 1998-ൽ ചീട്ടുകളി മത്സരം ദേശീയ തലത്തിൽ വരെ തുടങ്ങി. അന്ന് ആകെ 16 ടീം ഉണ്ടായിരുന്നു മത്സരത്തിന്. ഇന്നിപ്പോൾ 100-ഓളം ടീം വരെയുണ്ട്. ഒരു കളി എന്നതിനുമപ്പുറം വലിയ കൂട്ടായ്മ വളർത്തുക എന്നതായിരുന്നു അപ്പോഴത്തെ ലക്ഷ്യം. ജീവിതത്തിൽ എന്തെങ്കിലും എപ്പോഴും ചെയ്ത് കൊണ്ടിരിക്കുക എന്നാണ് ഞാൻ ചിന്തിക്കുന്നത്. എപ്പോഴും ആക്ടീവായിരിക്കുക, എപ്പോഴും ബിസിയാവുക ഇതാണ് എന്റെ രീതി.

കോട്ടയം ജില്ലയിലെ കൂടല്ലൂരിൽ നിന്ന് കണ്ണൂർ പയ്യാവൂരിലേക്ക് കുടിയേറിയ അദ്ദേഹം പഠിച്ച് എയർഫോഴ്സ് ഉദ്യോഗസ്ഥനായും, പിന്നീട് ഭാരത് പ്രെട്രോളിയത്തിലേക്കും അവിടെ നിന്ന് അമേരിക്കയിലേക്ക് വരികയും അദ്ധ്യാപകനായും പിന്നീട് ബിസിനസുകാരനായി മാറുകയും ചെയ്തു. മാത്യു ചെരുവിൽ ഏർപ്പെട്ട മേഖലകളില്ലൊം വിജയം വരിച്ച വ്യക്തിത്വമാണ്. 1983-ൽ ഡിട്രോയിറ്റിൽ ഭാര്യ മേഴ്സിക്കൊപ്പം എത്തുകയും ജീവിതത്തിന്റെ പച്ചപ്പിലേക്ക് ചേക്കേറുകയും ചെയ്ത അദ്ദേഹം 1984 മുതൽ ഡിട്രോയിറ്റ് മലയാളി അസ്സോസിയേഷനിൽ പ്രവർത്തനം തുടരുകയും 1987-ൽ പ്രസിഡന്റാവുകയും തുടർന്ന് 4 തവണ ഇതേ സ്ഥാനം വഹിക്കുകയും 5 തവണ സെക്രട്ടറിയായും വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. 1992-ൽ ഫൊക്കാനയിൽ പ്രവർത്തനം തുടങ്ങി 1996 ജോ. സെക്രട്ടറി, 2002 - 2004 കാലയളവിൽ ഫൊക്കാന ജനറൽ സെക്രട്ടറി, 2004 - 2006-ൽ ഫൊക്കാന ട്രസ്റ്റി ബോർഡ് വൈസ് ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചു. ഫൊക്കാനയുടെ പിളർപ്പോടെ ഫോമായിലേക്ക്. ആദ്യത്തെ ഫോമാ അഡ്വൈസറി കൗൺസിൽ ചെയർമാനായി. 2019 മുതൽ ജുഡീഷ്യൽ കൗൺസിൽ ചെയർമാനായി പ്രവർത്തിച്ചു. ഇപ്പോൾ ഫോമാ ചീഫ് ഇലക്ഷൻ കമ്മീഷണർ ആയി പ്രവർത്തിക്കുമ്പോഴും അദ്ദേഹത്തെ മറ്റു വ്യക്തികളിൽ നിന്ന് വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ സൗമ്യഭാവമാണ്. സംഘടനാരംഗത്തും ഈ സൗമ്യത സൂക്ഷിക്കാൻ കഴിയുന്നത് തന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ അദ്ദേഹത്തിന് സാധിക്കും. ആശംസകൾ.

# ഫോമാ സെൻട്രൽ റീജിയൻ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

ബിജു മുണ്ടക്കൽ

ചിക്കാഗോ: സാങ്കേതിക വിദ്യയും സോഷ്യൽ മീഡിയയും ലോകത്തെ കൈയടക്കിയിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഫോമാ സെൻട്രൽ റീജിയൻ വെബ്സൈറ്റ് ആരംഭിച്ചു. ഫെബ്രുവരി 10-ന് ചിക്കാഗോയിൽ നടന്ന ചടങ്ങിൽ ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ പ്രസിഡണ്ട് റവ. ബിജു യോഹന്നാൻ വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടനപ്രസംഗത്തിൽ റവ. ബിജു യോഹന്നാൻ അച്ചൻ ഫോമാ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും സമൂഹത്തിന്റെ സമഗ്ര നന്മയും ഐക്യവും ലക്ഷ്യമാക്കിയുള്ളതാകണമെന്ന് ഓർമ്മിപ്പിച്ചു. ഫോമാ സെൻട്രൽ റീജിയൻ കൈക്കൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിക്കുകയും ഭാവിയിലും ഇത്തരം സേവനപ്രവർത്തനങ്ങൾ തുടരണമെന്ന് ആശംസിക്കുകയും ചെയ്തു.



ഫോമാ സെൻട്രൽ റീജിയൻ പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ, വെബ്സൈറ്റ് യാഥാർത്ഥ്യമാക്കാൻ പരിശ്രമിച്ച വെബ്സൈറ്റ് കമ്മിറ്റി ചെയർമാൻ പ്രേംജിത്ത് വില്യംസിനെയും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച എല്ലാ കമ്മിറ്റി അംഗങ്ങളെയും അഭിനന്ദിക്കുകയും നന്ദി രേഖപ്പെടുത്തുകയും ചെയ്തു. അവരുടെ കൂട്ടായ പരിശ്രമം ഈ സംരംഭത്തിന് ശക്തമായ അടിത്തറയായതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

ചടങ്ങിൽ ഫോമാ സെൻട്രൽ റീജിയൻ ചെയർമാൻ ആന്റോ കവലക്കൽ, സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു, ട്രഷറർ രാജൻ തലവടി, കമ്മിറ്റി അംഗങ്ങളായ ജാസ്മിൻ ഇമ്മാനുവേൽ, ജെയിംസ് പുന്നപുരയിൽ, ജോർജ് മാത്യു, ഡെൽസി മാത്യു, ബെഞ്ചമിൻ തോമസ്, രഞ്ജു ചെറിയാൻ എന്നിവർ പങ്കെടുത്തു.

വെബ്സൈറ്റ് ലോഞ്ചിങ്ങിൽ പങ്കെടുത്ത എല്ലാവർക്കും സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു നന്ദി രേഖപ്പെടുത്തി.

പുതിയ ഈ ഡിജിറ്റൽ വേദി ഫോമായുടെ പ്രവർത്തനങ്ങളെ കൂടുതൽ വ്യാപിപ്പിക്കുകയും സമൂഹത്തോടുള്ള ബന്ധങ്ങളെ കൂടുതൽ ദൃഢമാക്കുകയും ചെയ്യുന്ന ഒരു ശക്തമായ മാധ്യമമാകുമെന്ന പ്രതീക്ഷ എല്ലാവരും പങ്കുവെച്ചു. വെബ്സൈറ്റ്: fomaacentral-region.org


## അഭ്യർത്ഥന



സ്നേഹമുള്ളവരെ,

ഈ വരുന്ന തെരഞ്ഞെടുപ്പിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ യുഡിഎഫ് സ്ഥാനാർത്ഥിയായി ഞാൻ ജനവിധി തേടുകയാണ്. നമ്മുടെ നാടിന്റെ സമഗ്ര വികസനത്തിനായും നമ്മുടെ നാട് നേരിടുന്ന നിരവധിയായ പ്രശ്നങ്ങളുടെ പരിഹാരത്തിനായും എന്നും നിങ്ങളുടെ ഒപ്പമുണ്ടാകുമെന്ന ഉറപ്പ് ഞാൻ ആദ്യമേ നല്കട്ടെ.

കാഞ്ഞങ്ങാടിന്റെ വികസന സ്വപ്നങ്ങൾക്ക് കഴിഞ്ഞ കുറെ വർഷങ്ങളായി അർഹമായ പരിഗണന ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം നമുക്കു മുന്നിലുണ്ട്. ഇച്ഛാശക്തിയില്ലാത്ത ഭരണനേതൃത്വങ്ങളുടെ അവഗണനയാണ് നമ്മുടെ നാടും നാട്ടുകാരും അനുഭവിക്കുന്ന പിന്നാക്കാവസ്ഥയ്ക്കു പ്രധാന കാരണം. അടിസ്ഥാന സൗകര്യ വികസനത്തിലും ആരോഗ്യ-വിദ്യാഭ്യാസ-ടൂറിസം മേഖലകളിലും കാഞ്ഞങ്ങാടിന് പുതിയൊരു കുതിച്ചുചാട്ടം അനിവാര്യമാണ്.

നമ്മുടെ നാട് മാറണം... നമ്മൾ മാറണം...

സാധാരണക്കാരന്റെ നീറുന്ന പ്രശ്നങ്ങളിൽ ഇടപെടാനായി കാഞ്ഞങ്ങാടിന്റെ നല്ല നാളേയ്ക്കായുള്ള പോരാട്ടത്തിൽ നിങ്ങൾക്കൊപ്പം എന്നും ഞാനുണ്ടാകും.

നമ്മുടെ നാടിന്റെ സമഗ്ര മാറ്റത്തിനായി, വികസനത്തിനായി നിങ്ങളോരോരുത്തരുടേയും വിലയേറിയ വോട്ട് ഓട്ടോറിക്ഷ ചിഹ്നത്തിൽ രേഖപ്പെടുത്തി എന്നെ വിജയിപ്പിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഷൈജി ഓട്ടപ്പള്ളിൽ

(കാഞ്ഞങ്ങാട് നിയോജകമണ്ഡലം യുഡിഎഫ് സ്ഥാനാർത്ഥി)

* നാടറിഞ്ഞു * നാടിനൊപ്പം * കാഞ്ഞങ്ങാട് * യുഡിഎഫ് *


# വേൾഡ് പീസ് മിഷന്റെ പത്താമത് ഭവനം പത്തനംതിട്ടയിൽ

സ്നേഹ സാബു

പത്തനംതിട്ട: വേൾഡ് പീസ് മിഷൻ നിർമ്മിച്ച പത്താമത് ഭവനം പത്തനംതിട്ടയിൽ പൂർത്തിയായി. അതിദരിദ്രരായ വിധവകൾക്ക് സംരക്ഷണ സഹായമായി കേരളത്തിലെ 14 ജില്ലകളിലും 10 വീടുകൾ വീതം 140 വീടുകളാണ് പണിത് നല്കുന്നത്. വേൾഡ് പീസ്മിഷൻ അംഗങ്ങളും കുടുംബയോഗങ്ങളും അഭ്യുദയകാംക്ഷികളും സ്പോൺസർ ചെയ്താണ് ഓരോ വീടുകളും നിർമ്മിക്കുന്നത്. കഴിഞ്ഞവർഷം മാർച്ചിൽ തിരുവനന്തപുരം കാട്ടാക്കടയിലാണ് ആദ്യഭവനത്തിന്റെ നിർമ്മാണം ആരംഭിച്ചത്.



വേൾഡ് പീസ് മിഷൻ ട്രസ്റ്റി ബിജോയ് ചെറിയാൻ ശ്രീമതി ദീപയ്ക്ക് താക്കോൽ നല്കി ഭവനം കൈമാറി. വേൾഡ് പീസ്മിഷൻ ചെയർമാൻ ഡോ. സണ്ണി സ്റ്റീഫനും പത്തനംതിട്ട മുൻ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി റോസ്‌ലിൻ സന്തോഷും ചേർന്ന് ഭവനപ്രവേശന കർമ്മം നിർവഹിച്ച് ദീപം തെളിച്ചു.

അമേരിക്കയിലെ പ്രമുഖ വ്യവസായിയും ഫോമ മുൻ പ്രസിഡണ്ടും അറിയപ്പെടുന്ന ജീവകാരുണ്യ പ്രവർത്തകനും ഈ വർഷത്തെ വേൾഡ് പീസ് അക്കാദമി അവാർഡ് ജേതാവുമായ (ഹ്യൂമാനിറ്റേറിയൻ) ജോൺ ടൈറ്റസും കുസുമം ടൈറ്റസുമാണ് നിർമ്മാണച്ചെലവുകൾ സ്പോൺസർ ചെയ്തത്.



വേൾഡ് പീസ് മിഷന്റെ പതിനൊന്നാമത് ഭവനത്തിന് ആലപ്പുഴ ജില്ലയിലെ മാമ്പുഴക്കരിയിൽ ഏപ്രിൽ 9-ന് തറക്കല്ലിടും.

E-mail: wpmissionoffical@gmail.com

(Mob)+91 944 715 4999,

Website: www.worldpeacemission.net



# സീറോമലബാർ ജൂബിലി കൺവൻഷൻ: സിയാറ്റിലിൽ കിക്കോഫ് മാർ ജോയി ആലപ്പാട്ട് നിർവഹിച്ചു





ചിക്കാഗോ: ഇന്ത്യക്ക് പുറത്ത് സീറോമലബാർ സഭയ്ക്ക് ആദ്യമായി ലഭിച്ച രൂപതയായ ചിക്കാഗോ സീറോമലബാർ രൂപതയുടെ രൂപീകരണത്തിന്റെ 25 വർഷം പൂർത്തിയാകുന്ന ഈയവസരത്തിൽ ജൂബിലി ആഘോഷങ്ങളുടെ പരിസമാപ്തിയായി സംഘടിപ്പിക്കുന്ന മഹത്തായ സിൽവർ ജൂബിലി കൺവൻഷന്റെ ഔദ്യോഗിക കിക്കോഫ് സിയാറ്റിലിൽ സ്ഥിതി ചെയ്യുന്ന ഹോളി ഫാമിലി സീറോമലബാർ ദേവാലയത്തിൽ ആത്മീയ ഉണർവോടെയും ആഘോഷപൂർവമായ അന്തരീക്ഷത്തോടെയും നടന്നു. രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ നേതൃത്വത്തിലായിരുന്നു കിക്കോഫ് ചടങ്ങുകൾ.

**ബീനാ വള്ളിക്കളം**

രൂപതാദ്ധ്യക്ഷനെയും കൺവൻഷൻ ഫെസിലിറ്റി ചെയർമാൻ ജോണി വടക്കുംചേരി, രജിസ്ട്രേഷൻ കോ-ഓർഡിനേറ്റർ ജേക്കബ് തോമസ് എന്നിവരെയും ഇടവക വികാരി ഫാ. റാഫേൽ അമ്പാടന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങളും ഭാരവാഹികളും ചേർന്ന് സ്നേഹപൂർവവും ഊഷ്മളവുമായ സ്വീകരണം നല്കി. കൺവൻഷൻ ഇടവക പ്രതിനിധികളായ സോണി മോൻ, ബെറ്റി ടോം, ബിജു മാത്യു (ട്രസ്റ്റി), ബിനീഷ് മാത്യു എന്നിവരും ട്രസ്റ്റിമാരായ ലിസ് ജോർജ്, റോബിൻ പോൾ എന്നിവരോടൊപ്പം ടോം ചെമ്പനാനിക്കലും കിക്കോഫ് പരിപാടികളുടെ ക്രമീകരണങ്ങളിലും അവതരണങ്ങളിലും സജീവ പങ്കാളികളായി.

കിക്കോഫ് സമ്മേളനത്തിന്റെ ഭാഗമായി നടത്തിയ മുഖ്യസന്ദേശത്തിൽ മാർ ജോയി ആലപ്പാട്ട്, സീറോമലബാർ സഭയുടെ അമേരിക്കയിലെ വളർച്ചയും ദൗത്യപരമായ മുന്നേറ്റവും ഓർമ്മിപ്പിച്ചു. വിശ്വാസസംരക്ഷണം, കുടുംബമൂല്യങ്ങൾ, യുവജനങ്ങളുടെ പങ്കാളിത്തം, സഭാഐക്യം എന്നിവശക്തിപ്പെടുത്തുന്നതിനുള്ള അപൂർവ അവസരമാണ് ഈ സിൽവർ ജൂബിലി കൺവൻഷനെന്ന് പിതാവ് വിശദീകരിച്ചു. വിശ്വാസവും അറിവും സൗഹൃദവും പങ്കുവെക്കുന്ന ഒരു അനുഗൃഹീത വേദിയായ ഈ കൺവൻഷനെ കാണണമെന്നും പ്രത്യേകിച്ച് യുവജനങ്ങളെയും പുതുതലമുറയെയും ഇതിലേക്ക് ആകർഷിക്കേണ്ടത് സഭയുടെ ഉത്തരവാദിത്വമാണെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. ഇടവക വികാരി ഫാ. റാഫേൽ അമ്പാടൻ പരിപൂർണ്ണ സഹകരണം വാഗ്ദാനം ചെയ്തു.

തുടർന്ന് കൺവൻഷൻ ഭാരവാഹികളായ ജോണിയും ജേക്കബും കൺവൻഷന്റെ ദർശനം, ലക്ഷ്യങ്ങൾ, രജിസ്ട്രേഷൻ സംവിധാനങ്ങൾ, സ്പോൺസർഷിപ്പ് സാദ്ധ്യതകൾ, വിവിധ സെഷനുകളുടെയും പരിപാടികളുടെയും ഘടന എന്നിവ വിശദമായി അവതരിപ്പിച്ചു. ഈ മഹാകൺവൻഷനോടനുബന്ധിച്ച് രൂപതയുടെ പ്രഥമ ഇടയനായ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മെത്രാഭിഷേക ജൂബിലിയും ആഘോഷിക്കുന്നുവെന്നത് ഈ സമ്മേളനത്തിന്റെ പ്രത്യേക ആകർഷണമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

2026 ജൂലൈ 9 മുതൽ 12 വരെ ലോകപ്രസിദ്ധമായ ചിക്കാഗോ നഗരഹൃദയത്തിൽ സ്ഥിതിചെയ്യുന്ന അതിപ്രശസ്തമായ മക്കോർമിക് പ്ലേസ് കൺവൻഷൻ സെന്ററും അതിനോട് ചേർന്ന മൂന്ന് പ്രധാന ഹോട്ടലുകളും വേദിയാക്കി ആയിരക്കണക്കിന് വിശ്വാസികളെ ഉൾക്കൊള്ളുന്ന രീതിയിൽ ഈ മഹാസംഗമം സംഘടിപ്പിക്കപ്പെടും. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ വേദികൾ ആത്മീയവും സാംസ്കാരികവുമായ ഒരു അപൂർവ അനുഭവം വിശ്വാസികൾക്കു സമ്മാനിക്കുമെന്ന് വിശ്വസിക്കുന്നതായി കൺവൻഷൻ ഭാരവാഹികൾ പറയുകയുണ്ടായി.

രൂപതയിലെ വിവിധ ഇടവകകളിൽ കൺവൻഷൻ ടീം നേരിട്ട് സന്ദർശനം നടത്തി രജിസ്ട്രേഷനും പരിപാടികളുമായി ബന്ധപ്പെട്ട വിശദമായ അവതരണങ്ങൾ നടത്തിയിരുന്നു. ഇത്തരം നേരിട്ടുള്ള സന്ദർശനങ്ങളും ആശയവിനിമയങ്ങളും ഇടവകകളിൽ വലിയ ഉത്സാഹവും പങ്കാളിത്ത മനോഭാവവും സൃഷ്ടിച്ചതായി രൂപതയിലെ ഇടവക വികാരിമാരും പ്രതിനിധികളും അഭിപ്രായപ്പെട്ടു.

വിശ്വാസസംരക്ഷണത്തിനും ആത്മീയ വളർച്ചയ്ക്കും സഭാ ഐക്യത്തിനും സൗഹൃദ കൂട്ടായ്മകൾക്കും ഊന്നൽ നല്കി കൺവൻഷൻ പരിപാടികൾ രൂപകല്പന ചെയ്തിരിക്കുന്നു. ദിവസേനയുള്ള ദിവ്യബലി, ആരാധനകൾ, ധ്യാനങ്ങൾ എന്നിവയ്ക്കൊപ്പം വൈവിധ്യമാർന്ന വിഷയാവതരണങ്ങൾ, സംഘടനാ സംഗമങ്ങൾ, കുടുംബ സെഷനുകൾ, യുവജന സമ്മേളനങ്ങൾ, കലാപരിപാടികൾ, മത്സരങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം ട്രാക്കുകളിലായി പരിപാടികൾ ഒരുക്കിയിരിക്കുന്നതും ഈ കൺവൻഷന്റെ മറ്റൊരു സവിശേഷതയാണ്.

അമേരിക്കയിലെ സീറോമലബാർ വിശ്വാസികളുടെ ഏറ്റവും വലിയ ആത്മീയ-സാംസ്കാരിക സംഗമമായ ഈ സിൽവർ ജൂബിലി കൺവൻഷനിൽ പങ്കാളികളാകുവാൻ അവരെയും കൺവൻഷൻ ടീം ഹൃദയപൂർവം ക്ഷണിച്ചു. സിയാറ്റിലിൽ ദേവാലയത്തിലെ വികാരിയച്ചന്റെയും ഇടവകാംഗങ്ങളുടെയും ഹൃദ്യമായ സ്വീകരണത്തിനും സമഗ്ര സഹകരണത്തിനും കൺവൻഷൻ ടീം പ്രത്യേകം നന്ദി രേഖപ്പെടുത്തി. കൺവൻഷന്റെ കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും www.-Syroconvention.org എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.

# ചിക്കാഗോ സെ. മേരീസിൽ വി. യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചു

**റോയി ചേലമലയിൽ**

ചിക്കാഗോ: മോർട്ടൻഗ്രോവ് സെ. മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ വി. യൗസേപ്പ് പിതാവിന്റെ മരണ തിരുനാൾ ഭക്തിപൂർവം ആചരിച്ചു. മാർച്ച് 19-ന് വ്യാഴാഴ്ച വൈകുന്നേരം 7 മണിക്ക് നടന്ന തിരുനാൾ കുർബാന, രൂപം വെഞ്ചരിക്കൽ, ലദീഞ്ഞ് എന്നിവയ്ക്കു വികാരി ഫാ. സിജു മുടക്കോടിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് ജോസഫ് നാമധാരികളായ വിശ്വാസികൾക്ക് സിജു അച്ചൻ പൂക്കൾ നല്കി നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു. തുടർന്ന് വിശ്വാസികൾക്ക് കഴുന്ന് എടുക്കാനും നേർച്ച കാഴ്കൾ സമർപ്പിക്കുന്നതിനും അവസരം ഉണ്ടായിരുന്നു. ഇതോടൊപ്പം വിശ്വാസികൾക്ക് പാച്ചോർ നേർച്ചയും ഉണ്ടായിരുന്നു. തിരുനാളിന്റെ ക്രമീകരണങ്ങൾക്ക് സിസ്റ്റർ ശാലോം, സിസ്റ്റർ സിൽവേറിയൂസ്, സിസ്റ്റർ അനീറ്റ, കൈക്കാരന്മാരായ സേവ്യർ നടുപ്പറമ്പിൽ, ജോബി പോളക്കൽ, മജോ കുന്നശ്ശേരി, ഫെലിക്സ് പാലകൻ എന്നിവരും അനിൽ മറ്റത്തിക്കുന്നേലിന്റെ നേതൃത്വത്തിലുള്ള ഗായകസംഘവും നേതൃത്വം നല്കി.



# ചില കുട്ടിക്കാല ഓർമ്മകൾ



ജൂബി ഡോൺ പതിപ്ലാക്കിൽ

എന്റെ ബാല്യകാലം എന്നു പറയുമ്പോൾ ഒരു ഇരുപത് ഇരുപത്തഞ്ച് വർഷം പുറകോട്ടു പോകണം. 90s കിഡ്സിന്റെ കുട്ടിക്കാലം അതായിരുന്നു. ഏറ്റവും നല്ലകാലം ബ്ലാക്ക് ആൻഡ് വൈറ്റ് ടിവി പോലും വിരളം ആയിരുന്ന കാലം. കേബിൾ, മൊബൈൽഫോൺ, വീഡിയോ ഗെയിംസ് ഒക്കെ കേട്ടുകേൾവി പോലും ഇല്ലാത്ത കാലം, ഒരു നാട്ടിലെ പിള്ളേർ എല്ലാവരും ഒരേ സ്കൂളിൽ പഠിച്ച കാലം. കൂട്ടം കൂട്ടമായി നടന്നു സ്കൂളിൽ പോയിരുന്ന കാലം, എല്ലാർക്കും എല്ലാരേയും അറിയാമായിരുന്ന കാലം... അങ്ങനെ ഒരു കാലഘട്ടത്തിലെ ചില ഓർമ്മകളാണ് ഇവിടെ കുത്തിക്കുറിക്കുന്നത്.



എന്റെ ബാല്യകാലത്തിനു മാമ്പഴത്തിന്റെയും ആഞ്ഞിലിക്കാ വിളയുടേം പാടത്തെ ചേറിന്റെയും ചക്കപ്പഴത്തിന്റെയും ഒക്കെ മണം ആണ്. അവധിയെന്നു വെച്ചാൽ അമ്മവീടാണ്. പള്ളിക്കൂടം അടയ്ക്കുമ്പോഴേ കുറെ തുണി ഒക്കെ വാരിക്കെട്ടി അനിയനെയും കൂട്ടി അമ്മയുടെ കൂടെ പാലാ-കല്ലറ ഒറ്റ ബസിൽ കയറി ഉള്ള യാത്ര എന്റെ നാട്ടിൽനിന്നും രണ്ട് സ്റ്റോപ്പ് കഴിയുമ്പോളേക്കും എനിക്ക് ഓക്കാനം വന്നു തുടങ്ങും. ഛർദ്ദി ഒഴിവാക്കാനായി എന്നെ ഡ്രൈവറുടെ നേരെ ഏറ്റവും മുമ്പിലുള്ള പെട്ടിപ്പുറത്ത് കൊണ്ടുപോയി ഇരുത്തും. ഇടയ്ക്കൊക്കെ തിരിഞ്ഞുനോക്കി അമ്മ പുറകിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയാണ് യാത്ര. അങ്ങനെ മുന്നിലെ കാഴ്ചകൾ കണ്ട്, ഏറ്റുമാനൂർ, കാരിസ്ഭവൻ, പ്രാവട്ടം കഴിഞ്ഞ് നീണ്ടൂർ എത്തും. അമ്മയുടെ അമ്മവീട് അവിടെയാണ്. അമ്മേടെ അപ്പച്ചനെയും അമ്മച്ചിയേയും ചെറിയ ഓർമ്മയേ ഉള്ളൂ. പക്ഷേ, കല്ലറയ്ക്കു പോകുന്ന വഴി എപ്പോഴും അവിടെ ഇറങ്ങുമാരുന്നു. അവിടെ അപ്പച്ചനേയും അമ്മച്ചിയേയും അമ്മായിയേയും മറ്റു ബന്ധുക്കളെയും ഒക്കെ കണ്ട് ചെറിയ സൽക്കാരം ഒക്കെ സ്വീകരിച്ചു വീണ്ടും ബസ് സ്റ്റോപ്പിലേക്ക്.

അടുത്ത് കോട്ടയം വൈക്കം റൂട്ടിൽ ഓടുന്ന ഏതെങ്കിലും ബസിൽ കയറി 3, 4 സ്റ്റോപ്പ് കഴിഞ്ഞാൽ കല്ലറ ആയി. നീണ്ടൂർ കല്ലറ റൂട്ട് മുഴുവൻ പാടശേഖരങ്ങളും തോടും പാലങ്ങളും ആമ്പൽ കുളങ്ങളുമാണ്. എന്റെ അനിയന് ബസ് പാലത്തിൽ കയറുമ്പോൾ ഭയങ്കര പേടിയാരുന്നു. അവൻ കണ്ണ് ഇറുക്കിപ്പിടിച്ച് ഇരിക്കും.

അങ്ങനെ കല്ലറ പഴയ പള്ളി കവലയിൽ വണ്ടി ഇറങ്ങി. ഇനി ഒന്ന് ഒന്നര നടപ്പാണ്. ഓട്ടോറിക്ഷ പിടിച്ചു പോകാം. പക്ഷേ, പിശുക്കിയും ആരോഗ്യവതിയുമായ എന്റെ മാതാവ് നടന്നേ പോകൂ. അതിന്റെ പ്രധാന കാരണം ഇനി അങ്ങോട്ട് കണ്ണിൽ കണ്ട നാട്ടുകാരോടെല്ലാം വർത്തമാനം പറയാം, സ്വന്തം നാടിന്റെ ഭംഗി ആസ്വദിക്കാം, നീണ്ടൂർ നിന്നും കഴിച്ച ആഹാരം ദഹിപ്പിക്കാം. എന്നാലേ സ്വന്തം വീട്ടിൽ ചെന്ന് വീണ്ടും കഴിക്കാൻ പറ്റൂ!

ഒരു പത്തു പതിനഞ്ചു മിനിറ്റ് നടന്നുകഴിഞ്ഞാൽ ഒരു മൂന്നുംകൂടിയ കവല വരും. ഇന്ന് ആ വഴി ആലപ്പുഴ കോട്ടയം ഹൈവേ ആണ്. നേരെ വഴിയേ പോയാൽ സമയം കൂടുതൽ എടുക്കും. അതുകൊണ്ട് മാതാവ് വേറെ കണ്ടംവഴി ഇറങ്ങി നടക്കും. ഞങ്ങൾ വെച്ച്പിടിച്ചു പുറകേ പോണം. ഇടയ്ക്ക് തോട് ചാടി കടക്കണം. കയ്യാല ചാടണം, നീർക്കോലിയെ കണ്ടു പകച്ചു നിക്കണം. പുല്ലു മേയുന്ന പശുക്കളുടെ കുത്തു കൊള്ളാതെ നോക്കണം. അതിന് ഇടയ്ക്ക് കാണുന്ന നാട്ടുകാരോട് എല്ലാം മാതാവ് കത്തിവെച്ച് കഴിയുന്ന വരെ അക്ഷമരായി കാത്തു നിൽക്കണം.

അങ്ങനെ ഒരുവിധം ഒരു കുന്നിൻ ചെരുവിൽ എത്തും. ശാസ്താവ് കുന്നുപുറം എന്നാണ് അറിയപ്പെടുന്നത് ആ കുന്നിന്റെ മുകളിൽ ഒരു കുഞ്ഞ് അമ്പലം, ആൽത്തറ ഒക്കെ ഉണ്ട്. ഈ കുന്നിൻപുറം കഴിഞ്ഞാൽ അമ്മവീട്ടിലേക്ക് പത്തു മിനിറ്റ് പോലും ഇല്ല. പക്ഷേ, ഈ വഴി ഒന്ന് കടന്നു കിട്ടാൻ ആണ് ഏറ്റവും പാട്. മാതാവിന്റെ സ്വന്തം തട്ടകം ആണ്. എല്ലാ വീടിന്റെയും മുന്നിൽ ചെന്ന് നിന്ന് കലപില വർത്തമാനമാ. അമ്മയുടെ കൂട്ടുകാരുടെ, ബന്ധുക്കാരുടെ, അയൽക്കാരുടെ വീടുകൾ.

കുറെ കഴിഞ്ഞു ക്ഷമ നശിച്ചു ഞാനും അനിയനും ഒറ്റ ഓട്ടം. അങ്ങനെ അമ്മവീട്ടിൽ എത്തി. ഇപ്പോൾ ഏകദേശം നട്ടുച്ച ആയിട്ടുണ്ടാകും. ആരുടെ വീട്ടിലും ഫോൺ ഇല്ല. അമ്മച്ചിക്ക് ഞങ്ങൾ വരുമെന്ന് അറിഞ്ഞുകൂടാ. പക്ഷേ, അമ്മച്ചിയുടെ ആറാം ഇന്ദ്രിയം പ്രവർത്തിക്കും. അമ്മച്ചി എങ്ങനെയോ കൃത്യമായി ഊഹിക്കും. കൃത്യം ചക്കക്കുരു മാങ്ങയോ ചെമ്മീനും മാങ്ങയോ കടുക് താളിച്ച് ഇറക്കുമ്പോൾ ആയിരിക്കും ഞങ്ങളുടെ വരവ്. ആ കൂട്ടത്തിൽ മീൻ വറുത്തതും മീൻ കറിയും ചീര തോരനും ഉറപ്പായും കാണും. മാതാവിനെ കാണുമ്പോൾ അപ്പച്ചനും അമ്മച്ചിക്കും ഭയങ്കര സന്തോഷം. കുറച്ചുനേരം വിശേഷങ്ങൾ ഒക്കെ പറഞ്ഞു വിശാലമായ ഊണ്. ഇത്രേ കറി ഒക്കെ ഉണ്ടെങ്കിലും അമ്മച്ചി അതിന്റെ കൂടെ താറാവിന്റെ മുട്ട പൊരിച്ചതും അച്ചാറും കൂടെ വിളമ്പും. ആ ഊണിന്റെ രുചിയൊക്കെ ഇപ്പോളും നാവിൻതുമ്പത്ത് ഉള്ളതുപോലെ.

ഊണു കഴിഞ്ഞ് ഉടുപ്പൊക്കെ മാറി പിന്നെ സന്ദർശനം തുടങ്ങുകയായി. ആദ്യം കന്നുകാലി കൂട്, ആട്ടിൻകൂട്. ഉറപ്പായും പുതിയ പശുക്കിടാവും ആട്ടിൻകുട്ടികളും ഉണ്ടാകും. അവരാണ് നമ്മുടെ കളിപ്പാട്ടങ്ങൾ. കുറെനേരം അതിങ്ങളെ ഇട്ടു ഓടിച്ചശേഷം താഴെ പറമ്പിൽ തോടിന്റെ അരികത്തു പോകും. അവിടെ അപ്പച്ചന്റെ വള്ളം ഉണ്ട്. വള്ളത്തിൽ കേറി കുറച്ചുനേരം അങ്ങോട്ടും ഇങ്ങോട്ടും ഊന്നുകഴിഞ്ഞു തിരിച്ചു വീട്ടിലേക്ക്.

അന്ന് വീടിന്റെ മുകളിൽ കയറാൻ ടെറസ് ഇല്ലാരുന്നു. ടെറസ്സിലേക്ക് ചാന്നു നിൽക്കുന്ന വലിയ ഒരു പേരമരം ഉണ്ട്. മൂത്തതും പൊക്കം കൂടിയതും ആയ ഞാൻ പേര വഴി വലിഞ്ഞു മുകളിൽ ടെറസിൽ കയറി പേരക്ക ഒക്കെ പറിച്ചു തിന്നും. ഇടയ്ക്കു താഴെ നിൽക്കുന്ന ഇളയവനും കുഞ്ഞനും ആയ അനിയന് ഇട്ടുകൊടുക്കും. പിന്നീട് വലുതായപ്പോൾ അവനും മരം കയറ്റം പഠിച്ചു.

ഈ നേരംകൊണ്ട് അമ്മയും അമ്മച്ചിയും കൂടി പഴംപുരാണം, പരദൂഷണം, വിശേഷം എല്ലാം പറഞ്ഞ് കഴിഞ്ഞിട്ടുണ്ടാകും. ഒരു മയക്കം കഴിഞ്ഞ അപ്പച്ചൻ പശുക്കളെ കറക്കാൻ പോകുന്നു. അമ്മച്ചി ആടിനെ കറക്കാൻ പോകുന്നു. ഞങ്ങൾ പുല്ലും പ്ലാവിലയും ഒക്കെ കൊടുത്ത് പശുക്കളെയും ആടിനെയും ഒക്കെ പ്രോത്സാഹിപ്പിക്കുന്നു. നല്ല കറവ ഉള്ള പശുക്കളാണ്. വീട്ടിലെ ആവശ്യം കഴിഞ്ഞും പാൽ ഉള്ളതുകൊണ്ട് കുറെ പാല് സൊസൈറ്റിയിൽ കൊടുക്കണം. വലിയ സ്റ്റീലിന്റെ കുറ്റി കഴുകി അപ്പച്ചൻ പാല് നിറയ്ക്കും. ഞങ്ങളും അപ്പച്ചന്റെ കൂടെ പാല് കൊടുക്കാൻ നടന്നു പോകും. ഈ വഴി അപ്പച്ചൻ പഴ കഥകളും മക്കളുടെ കാര്യങ്ങളും അപ്പച്ചന്റെ ചെറുപ്പത്തിലെ കാര്യങ്ങളും ഒക്കെ പറയും. പോകുന്ന വഴി നാട്ടുകാരെ കാണുമ്പോൾ മോളിയുടെ മക്കളാണെന്ന് അഭിമാനത്തോടെ പരിചയപ്പെടുത്തി കൊടുക്കും.

പാല് കൊടുത്ത് വരുന്ന വഴി അപ്പച്ചന്റെ തറവാട് ഉണ്ട്. അവിടെ ഒരു മിന്നൽ സന്ദർശനം നടത്തി തിരിച്ചു വീട്ടിലേക്ക്. ഇനിം എല്ലാ ദിവസം അവരെ കാണാല്ലോ. തിരിച്ചു വീട്ടിൽ വരുമ്പോൾ നല്ല ആട്ടിൻ പാലൊഴിച്ച ചായ, അവലു വിളയിച്ചത്, അരിയുണ്ട, പുഴുങ്ങിയ മുട്ട ഒക്കെ ഉണ്ടാകും.

ഇതോടെ സമയം ഏകദേശം അഞ്ചു മണി. അടുത്ത ഒറ്റബസ് അഞ്ചരക്ക് ആണ്. അമ്മ പോകാൻ തയ്യാറാകുന്നു. അതാകുമ്പോൾ ആറര ആകുമ്പോൾ അമ്മക്ക് വീട്ടിൽ ചെല്ലാം. എന്നിട്ട് വേണം കോഴികളെയും പശുവിനെയും ഒക്കെ കൂട്ടിൽ കയറ്റാൻ. ഞങ്ങളെ അമ്മവീട്ടിൽ ആക്കിയിട്ടു അമ്മ തിരിച്ചുപോകുന്നു. മടക്കം നല്ല റോഡിൽ കൂടേ ആണ്. കാരണം കൈയിൽ അത്യാവശ്യത്തിനു കനം ഉണ്ട്.

താറാമുട്ട, മീനു, തേങ്ങാ, ഏത്തക്ക അങ്ങനെ എന്തൊക്കെയോ അമ്മച്ചി കെട്ടിപ്പെറിക്കി കൊടുത്തുവിടും. മെയിൻ റോഡിൽ കൂടെ പോയാൽ വല്ല ഓട്ടോറിക്ഷ കിട്ടും. ഇനി രണ്ടുമാസം തകർത്ത് ആഘോഷം. ഒന്ന് രണ്ട് ദിവസത്തിനകം അമ്മയുടെ ചേച്ചിയുടേം അനിയത്തിയുടേയും മക്കൾ വരും. ഇനി അവർക്ക് വേണ്ടി ഉള്ള കാത്തിരിപ്പാണ്...

# ഐകെസിസി ഗോൾഡൻ ജൂബിലി മെഗാ ചെണ്ടമേളം

സാബു തടിപ്പുഴ

ന്യൂയോർക്ക്: ന്യൂയോർക്കിലെ ഇന്ത്യൻ ക്നാനായ കത്തോലിക്കാ കമ്യൂണിറ്റിയുടെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് മെഗാ ചെണ്ടമേളം അരങ്ങേറുന്നു. ഏപ്രിൽ 18-ന് ശനിയാഴ്ച നടക്കുന്ന ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഗ്രെയ്റ്റർ ന്യൂയോർക്കിലെ വിവിധ റീജിയനിൽ നിന്നുള്ളവരുടെ മെഗാ ചെണ്ടമേളവും താളലയവും അരങ്ങേറുന്നു.

ചെണ്ടമേളത്തിനു കൊഴുപ്പേകാൻ ഫിലാഡൽഫിയ ക്നാനായ അസോസിയേഷന്റെ ക്നാനായ യുവജനങ്ങൾ കടന്നുവരുന്നു.

പ്രിൻസ് തടത്തിൽ, ജോണിച്ചൻ കുസുമാലയം, റോയ് മറ്റപ്പള്ളി, ജോമോൻ കളരിക്കൽ, നിജിൻ ചക്കലയിൽ, മീര ഉറുമ്പേത്, മനു കാരികാട്ട്, ജാനറ്റ് താമരത്ത്, ഷാജി വളോത്തിൽ എന്നിവർ നേതൃത്വം നല്കും.



# KERALA ELECTIONS: FIVE YEARS LOST AND THREE WEEKS LEFT

It is quite disheartening, if not outright amusing, to witness the ongoing charade in Delhi at the AICC over candidate selection and the intense jockeying for favored nominees. The Congress party had five full years to prepare for these elections. Yet, even after the election date has been announced, the party is still struggling to finalize the candidate list.

As things stand, the UDF appears to retain an edge in the upcoming elections not because of any extraordinary effort by its leadership, but largely due to growing public fatigue with the governance of the Pinarayi administration. However, the current infighting and public discord once again expose the party's persistent weakness: the inability to rise above individual agendas and personal interests.

I have previously emphasized the importance of introducing new candidates, particularly those not rooted in a given constituency, well in advance, so they can meaningfully engage with local voters and understand regional dynamics. At this late stage, with barely three weeks left in the campaign, such preparation is simply impossible. This is, frankly, a sad reflection of the party's organizational state.

It is becoming increasingly evident that sections of the leadership are more focused on securing tickets for their close associates and allies than on identifying candidates with strong credentials and a genuine chance of winning. Such an approach risks serious electoral setbacks. The priority should have been strengthening the party and its organizational machinery, not advancing individual ambitions, including those tied to the contest for the Chief Minister's post.

The party may also be failing to select candidates who embody



George Abraham

integrity, competence, and a deep commitment to the party's principles. There was an opportunity to look beyond the usual circles and bring in capable individuals from academia and other professional fields; people who could contribute experience, credibility, and fresh energy to the party. That opportunity appears to have been largely overlooked.

Equally troubling is the rise of opportunistic entrants who lack firm convictions and shift allegiances for personal gain. There are credible accounts of individuals negotiating with one party and, upon failing to secure favorable terms, switching to another. It is deeply unfair that such individuals are rewarded, while long-standing party workers, many of whom have dedicated decades of service, are sidelined. A reasonable expectation would be that any crossover politician should serve the party for a minimum period, perhaps five years, before being considered for a ticket. Organizational discipline and commitment must be non-negotiable.

Amid all this internal discord, developments like the SIR process (Special Intensive Revisions of Electoral Rolls) may be quietly reshaping the electoral landscape in Kerala. During my visit in January, I personally received a notice requiring me to appear at the village office or risk removal from the voter rolls. When I questioned this after having voted in the last three consecutive elections, I was told that the verification was being conducted based on the 2002 voter rolls. If such practices are widespread, many legitimate voters could be excluded, potentially creating serious challenges, particularly for UDF candidates in regions like Central Travancore.

Another concerning trend is the apparent convergence of interests between the CPM and the BJP on several fronts. The early announcement of the election date, coupled with the CPM's immediate campaign readiness, stands in stark contrast to the Congress party's continued disarray. In the last parliamentary elections, the BJP led in multiple assembly segments. Any tacit understanding between the CPM and BJP to field weaker candidates in select constituencies, thereby facilitating each other's victories, should be a matter of serious concern.

There have also been allegations of EVM-related irregularities in past elections in certain regions of the country. One hopes that Kerala will remain free from such controversies and that the integrity of the electoral process will be fully upheld. The party must remain vigilant in this regard.

At this critical juncture, one can only hope that the candidate list is finalized without further delay and that the party unites, setting aside internal divisions, to present a cohesive and credible challenge. Unity, discipline, and a renewed commitment to core principles are essential if the goal is to decisively defeat the incumbent and corrupt Pinarayi government.

## ഡാളസ് ഇടവകയിൽ നോമ്പ്കാല വാർഷികധ്യാനം നടത്തി

ജോക്കുട്ടി മേലേടത്ത്

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവകയിൽ നോമ്പ്കാല വാർഷികധ്യാനം മാർച്ച് 13-ന് വെള്ളിയാഴ്ച വൈകുന്നേരം 5 മുതൽ 15-ന് ഞായർ വൈകിട്ട് 5 വരെ നടത്തപ്പെട്ടു. മാർച്ച് 14, 15 തീയതികളിൽ കുട്ടികൾക്കായി പ്രത്യേക ടീം അംഗങ്ങൾ ധ്യാനം നയിക്കുകയും മുതിർന്നവർക്കായി ഫാ. ബിനോജ് മുളവൊരിക്കൽ ധ്യാന ശുശ്രൂഷയ്ക്ക് നേതൃത്വം വഹിക്കുകയും ചെയ്തു. മാർച്ച് 14-ന് ശനിയാഴ്ച എല്ലാവർക്കും അനുതാപ ശുശ്രൂഷയ്ക്കുള്ള അവസരമൊരുക്കി. പ്രയർ ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിലാണ് ഒരുക്കങ്ങൾ നടത്തപ്പെട്ടത്. 'സ്പ്രിങ് വിത്ത് കിങ്' എന്നപേരിൽ നടത്തപ്പെട്ട ഇടവകധ്യാനം വിശ്വാസികളുടെ പങ്കാളിത്തം കൊണ്ട് ഏറെ അനുഗൃഹീതമായി.







Citywide Mortgage of America Corp.

Servicing Illinois, Florida, California, and Indiana

We can provide you a PRE-APPROVAL IN MINUTES

Purchase · Jumbo Loan · Refinance · Cashout

WWW.CITYWIDEMA.COM

EQUAL HOUSING LENDER · Illinois Residential Mortgage Licensee

Joseph Mullappallil
Mortgage Broker/Owner
joemcitywide@gmail.com
773-908-8296

4323 W. Irving Park Unit 1B Chicago, IL 60641 | NMLS: 255253

Mullappallil Law Group



Shijo Mullappallil
Attorney at Law
smullapp23@gmail.com
Cell: 847-650-8241

General Practice including: Real Estate Law, Wills, Trust Estate Planning, and Contracts

# എന്റെ മകനേ നീ എന്തിന് ഓടുന്നു?

**ഏലിയാമ്മ ലൂക്കോസ്**

വിശുദ്ധ ബൈബിളിൽ നിന്നെടുത്ത ഒരു ചോദ്യമാണിത്. ഈ ചോദ്യം നമ്മോടും മറ്റനേകരോടും ദൈവം ചോദിക്കുന്നു. എല്ലാവരും മുമ്പോട്ടോടുകയാണ്. വലിയ ഓട്ടക്കാരുണ്ട്, മന്ദം മന്ദം ഓടുന്നവരും ട്രാക്ക് തെറ്റി ഓടുന്നവരുമുണ്ട്. ഏതു വിധത്തിൽ ഓടിയാലും മരിച്ചുകഴിയുമ്പോൾ 'ഞാൻ നല്ല പോർ പൊരുതി ഓട്ടം തികച്ചു' എന്നെഴുതിവെക്കും. മരിച്ചയാളല്ലല്ലോ എഴുതുന്നത്. മറ്റുള്ളവർ എഴുതും. അവർ എന്തറിയുന്നു.

നമ്മുടെ ജീവിതയാത്രയിൽ ഒരു ലക്ഷ്യമുണ്ടായിരിക്കണം. ഉന്നതമായ ഒരു ലക്ഷ്യം. സ്വർഗ്ഗരാജ്യമെന്ന നിത്യഭവനത്തിൽ എത്തിച്ചേരണമെന്ന ഒരു ആത്മദാഹം ഉണ്ടായിരിക്കേണം. അനേകർ ഓടി ലക്ഷ്യത്തിലെത്തി. പലരും നന്നായി ഓടിക്കൊണ്ടിരിക്കുന്നു. അനേകരും ലക്ഷ്യബോധമില്ലാതെ ഓടുന്നു, നേടുന്നു, കൊല്ലുന്നു, കൊടുക്കുന്നു.

ഇന്നു നാം ആകുലചിന്തയോടെയാണ് സമയം ചെലവിടുന്നത്. യുദ്ധം നമ്മെയെല്ലാം പേടിപ്പെടുത്തുന്നു. നാളെ എന്തെന്നു നമുക്കറിഞ്ഞുകൂടാ. യുദ്ധം അവസാനിക്കുമോ? അതോ ഒരു മൂന്നാം ലോകമഹാ യുദ്ധത്തിലേക്കിറങ്ങിപ്പോകുമോ? ദൈവം അറിയുന്നു. 'യുദ്ധങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ ചഞ്ചലപ്പെടാതിരിപ്പിൻ' എന്നു യേശുതമ്പുരാൻ കല്പിച്ചിട്ടുണ്ട്. നമ്മുടെ ഹൃദയം കലങ്ങിപ്പോകരുത്. ഇവയെല്ലാം സംഭവിക്കേണ്ടതാണ്. അന്ത്യകാലത്ത് ഇവയെല്ലാം നിശ്ചയമാണ്. ആദികാലങ്ങളിലും യുദ്ധം ഉണ്ടായിരുന്നല്ലോ. ഇപ്പോഴത്തെ ഈ യുദ്ധം അവസാനിച്ച് ലോകത്തിനു ശാന്തിയും സമാധാനവും ലഭിക്കേണ്ടതിനു നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം. പ്രാർത്ഥന കേൾക്കുന്ന ഒരു ദൈവം നമുക്കുണ്ട്.



ലേഖിക

അനേക ദൈവഭക്തന്മാർ ഓടി വഴിയിൽവെച്ചു പട്ടു പോയിട്ടുണ്ട്. "രാജാക്കന്മാരെ ബുദ്ധി പഠിപ്പിൻ, ന്യായാധിപന്മാരെ ഉപദേശം കൈക്കൊൾവിൻ" സങ്കീർത്തനത്തിൽ നാമിപ്രകാരം വായിക്കുന്നു. വഴിയിൽ വെച്ച് നശിക്കാതിരിപ്പാൻ പുത്രനെ ചുംബിപ്പിൻ എന്ന് വായിക്കുന്നു. ദൈവപുത്രനായ യേശുവിനെ സ്വീകരിപ്പിനെന്നാണതിന്റെ അർത്ഥം. യേശുവിനോട് ആലോചന ചോദിച്ചു കാലുകൾ മുമ്പോട്ടു വെക്കുന്നവൻ തളരാതെ ഓടും. ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരും. ദൈവകല്പനകൾ നാം അനുസരിച്ചു പാലിക്കണം. ജ്ഞാനികളിൽ ജ്ഞാനിയായിരുന്ന ശലോമോന് ദൈവം രണ്ടുപ്രാവശ്യം പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തെ ദൈവം വളരെ അനുഗ്രഹിച്ചു. സമ്പൽസമൃദ്ധികൾ നല്കി. എന്നാൽ, അവൻ ദൈവകല്പനകൾ ആദ്യമാദ്യം അനുസരിച്ചു നടന്നുവെങ്കിലും അവന് പിന്നെ തെറ്റിപ്പോയി. അനേകം ഭാര്യമാരെ സ്വീകരിച്ചു. മിസ്രയീമ്യനായ ഫറവോന്റെ മകൾ തൊട്ട് അമ്മോന്യ സ്ത്രീയായ നയമാ വരെ അവന്റെ ഭാര്യമാരായിരുന്നു. എന്നാൽ, അവന് നയമായിൽ നിന്നു രെഹബയാം എന്നൊരു മകനും രണ്ട് പെൺമക്കളും മാത്രമേ തലമുറയായി ഉണ്ടായിരുന്നുള്ളൂ. ശലോമോൻ ഭാര്യമാർക്കു വേണ്ടി വിഗ്രഹങ്ങൾ നിർമ്മിച്ചുകൊടുത്തു, അവയെ ആരാധിച്ചു. യഹോവയെ പൂർണമായി അനുസരിക്കാതെ ദൈവത്തിന് അനിഷ്ടമായുള്ളതു ചെയ്തു. മോവബ്യരുടെയും അമോന്യരുടെയും ദേവന്മാർക്കു പൂജാഗിരികൾ പണികഴിപ്പിക്കുകയും ധൂപം കാട്ടിയും ബലികഴിക്കുകയും ചെയ്തു. 'എന്റെ മകനെ നീ എന്തിന് ഓടുന്നു' എന്ന ചോദ്യം ഇവിടെ അന്വർത്ഥമായിരിക്കുന്നു. ശലോമോൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായിപ്പോയി. വിശ്വാസവീരന്മാരുടെ പട്ടികയിൽ ശലോമോൻ ഇല്ലായെന്നത് എത്ര ദുഃഖകരമായ കാര്യമാണ്. നമുക്ക് ഇതൊരു പാഠമാകട്ടെ.

യിസ്രായേലിന്റെ ആദ്യത്തെ രാജാവായിരുന്ന ശൗൽ വളരെ താഴ്മയോടെ രംഗപ്രവേശം ചെയ്തവനാണ്. സമർത്ഥനും കോമളനും ബുദ്ധിമാനും പരാക്രമശാലിയുമായിരുന്നു. ദൈവത്തെ അനുസരിക്കാതെ ശമുവേൽ വരാൻ താമസിച്ചപ്പോൾ ഹോമയാഗം കഴിച്ചു. യാഗം കഴിക്കേണ്ടത് രാജാക്കന്മാരല്ല, പുരോഹിതന്മാരാണ്. അനുസരണക്കേ ഏറ്റവും വലിയ പാപമാണ്. ദൈവം ശൗലിനെ തള്ളിക്കളഞ്ഞു. വഴിയിൽ വെച്ച് പട്ടുപോയവരിൽ ശൗലും പെടുന്നു. രാജാവായിരുന്ന ഉസ്സിയാവിനു കുഷ്ഠം പിടിപെട്ടു പട്ടുപോകാനിടയായതും ധൂപം കാട്ടി നിഗളിച്ചതുകൊണ്ടാണ്.

ഇന്നും അനേകർ മിടുക്കന്മാരായി ധനം സമ്പാദിച്ചും ദൈവത്തെ മറന്നും ഓട്ടം ഓടുന്നവരുണ്ട്. 'എന്റെ മകനെ നിന്റെ ഓട്ടം എന്തിനുവേണ്ടി' നീ ഓടുന്നത് നാശത്തിലേക്ക് അല്ലയോ. ദാവീദിന്റെ മകനായ അബ്ശാലോം കൊല്ലപ്പെട്ട വിവരം സാദോക്കിന്റെ മകനായ അഹീമാസു ദാവീദിനെ അറിയിക്കാൻ ഓടുകയാണ്. ആ ഓട്ടം മരണത്തിലേക്കാണെന്നു യോവാബിനറിയാമായിരുന്നു. അഹീമാസു ദാവീദിനെ സ്നേഹിച്ചിരുന്നു. ദാവീദും അഹീമാസിനെ സ്നേഹിച്ചിരുന്നു. എന്നാൽ, തന്റെ മകന്റെ മരണവാർത്ത ഒരിക്കലും സന്തോഷമായില്ല.

നാമും ഓട്ടക്കളത്തിലാണ്. ദൈവേഷ്ടം അറിയാമല്ലോ. വാഗ്ദത്തം പ്രാപിപ്പാൻ തക്കവണ്ണം നാം ഓടണം. വഴിയിൽവെച്ച് നശിച്ചുപോകാതെ ദൈവകല്പനകൾ നാം പാലിക്കണം. ലോകത്തിൽ അനേകം ദൈവങ്ങളുണ്ടെങ്കിലും യഥാർത്ഥ ദൈവം, സത്യദൈവം ഏതെന്നു മനസ്സിലാക്കി സത്യത്തിലും ആത്മാവിലും അവനെ ആരാധിച്ച്, അവനെ പ്രസാദിപ്പിച്ച് മുന്നോട്ട് നമുക്കും ഓടാം.

ലക്ഷ്യം തെറ്റാതെ, ട്രാക്ക് തെറ്റാതെ സ്വർഗ്ഗത്തിലെത്താൻ ഒരു വഴി മാത്രമേയുള്ളൂ. മറ്റനേകം വഴികൾ നാശത്തിലേക്കാണ്. ഞാൻ തന്നെ വഴിയും സത്യവും ജീവനും എന്നു കല്പിച്ച കരുണാനിധിയായ യേശുവിനെ പിൻപറ്റിക്കൊണ്ട് ഓട്ടംഓടാം. അപ്പോൾ നാം നിത്യരാജ്യമായ സ്വർഗ്ഗത്തിലെത്തും.

# ഡാളസ് സിറ്റി– വൈഡ് പ്രവർത്തനങ്ങൾക്ക് തുടക്കമായി

**രാജു തരകൻ**

ഡാളസ്:ഡാളസ് പട്ടണത്തിലെ മലയാളി പെന്തെക്കോസ്തൽ സഭകളുടെ ഐക്യവേദിയായ ഡാളസ് സിറ്റി-വൈഡ് ഫെലോഷിപ്പിന്റെ (ഡിസിഎഫ്) പ്രവർത്തനോദ്ഘാടനം മാർച്ച് 14-ന് ശനിയാഴ്ച രാവിലെ 10 മുതൽ 12.30 വരെ ശാരോൻ ഫെലോഷിപ് സഭയിൽ വെച്ച് ഡാളസ് പട്ടണത്തിലെ സഭാ ശുശ്രൂഷകന്മാരുടെയും വിശ്വാസി സമൂഹത്തിന്റെയും സാന്നിദ്ധ്യത്തിൽ നടന്നു.



'ദൈവരാജ്യത്തിനായി ഐക്യപ്പെടുക' എന്നതായിരുന്നു സെമിനാറിന്റെ മുഖ്യവിഷയം. കഴിഞ്ഞ ചില വർഷങ്ങളായി സിറ്റി-വൈഡിന് നേതൃത്വം ന്കിയ പാസ്റ്റർ മാത്യു ശാമുവലായിരുന്നു യോഗത്തിന് അദ്ധ്യക്ഷത വഹിച്ചത്. ഡാളസ് പട്ടണത്തിലെ സഭകളെ ഒരു കുടക്കീഴിൽ നിർത്തുവാൻ ഡാളസ് സിറ്റി-വൈഡിന് കഴിഞ്ഞ കാലങ്ങളിൽ നേതൃത്വം നല്കിയ നേതൃത്വത്തെയും കഴിഞ്ഞ നാല്പതു വർഷമായി ചെയ്തുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹം എടുത്തുപറയുകയുണ്ടായി.

തുടർന്ന് ഡിസിഎഫിന്റെ ചെയർമാനായി ഈ വർഷം ചുമതലയേറ്റ പാസ്റ്റർ തോമസ് മുല്ലയ്ക്കൽ ഉദ്ഘാടന പ്രസംഗം നടത്തുകയുണ്ടായി. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ സംഘടനാപരമായി ചെയ്ത പ്രവർത്തനങ്ങളെക്കുറിച്ച് താൻ വിവരിക്കുകയുണ്ടായി. ആദ്യമായി ഡിസിഎഫ് ടെക്സസിൽ രജിസ്റ്റർ ചെയ്തതും ക്രമീകൃതമായ പ്രവർത്തനങ്ങൾക്കായി പതിനൊന്നംഗ കമ്മിറ്റിയെ തെരഞ്ഞെടുത്തതും ഈ വർഷത്തെ വിവിധ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തിയതും വലിയ ആവേശത്തോടെയാണ് തിങ്ങിനിറഞ്ഞ സദസ്സ് ഏറ്റെടുത്തത്.

പാസ്റ്റർ സ്റ്റീഫൻ വർഗീസ് 'ക്രിസ്തുവിൽ നാം ആരാണ്' എന്ന വിഷയത്തെ ആധാരമാക്കി ഐക്യത എന്താണെന്നും അതു നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കേണ്ട ചലനങ്ങൾ എന്താണെന്നും താൻ വിവരിച്ചു. ഒരേ വിശ്വാസം പുലർത്തുന്ന സഭകൾ ഒരുമിച്ചു നിൽക്കുമ്പോൾ അത് ഒരു ആത്മീയമായ ഒരു മാറ്റത്തിലേക്ക് നയിക്കേണം എന്ന ആഹ്വാനം അദ്ദേഹം നല്കുകയുണ്ടായി. തുടർന്ന് സിറ്റി-വൈഡ് കോ-ചെയർമാനും കൗൺസിലിംഗ് രംഗത്ത് വിശ്വാസിസമൂഹത്തിൽ പ്രശസ്തനുമായ ഡോ. തോമസ് ഇടിക്കുള 'നമുക്ക് ഒരുമിച്ചു ചെയ്യാനാകുന്നത് എന്ത്' എന്ന വിഷയത്തിൽ നടത്തിയ പ്രഭാഷണം കേഴ്‌വിക്കാർക്ക് പുതിയൊരു അനുഭവമായി. ചരിത്രത്തിലെ ഏതൊരു ആത്മീയ ഉണർവിന്റെയും പിന്നിൽ ഐക്യത ഒരു അനിവാര്യ ഘടകമായിരുന്നു എന്ന് വിവിധ സ്റ്റാറ്റിസ്റ്റിക്കുകൾ ചൂണ്ടിക്കാട്ടി താൻ വ്യക്തമാക്കുകയുണ്ടായി.

ഷാരോൺ മാത്യു, ബ്ലെസ്സൻ എന്നിവരുടെ നേതൃത്വത്തിൽ ഷാരോൺ ചർച്ച് ക്വയർ ജനത്തെ ആരാധനയുടെ അനുഭവത്തിലേക്ക് നയിക്കുകയുണ്ടായി. മ്യൂസിക് കോ-ഓർഡിനേറ്റർ ജോസ്പ്രകാശ് കരിമ്പിനേത്ത് ആലപിച്ച മനോഹരമായ ഗാനവും പാസ്റ്റർ വി.ടി. സാംകുട്ടി, പാസ്റ്റർ ചാക്കോ ജോർജ് എന്നിവരുടെ പ്രാർത്ഥനയുംയോഗത്തിന് അനുഗ്രഹമായി.

എസ്.പി. ജെയിംസ് (സെക്രട്ടറി) അറിയിപ്പുകൾ നടത്തുകയും തോമസ് ചെല്ലേത്ത് (ട്രഷറർ) നന്ദി അറിയിക്കുകയും ചെയ്തു. പാസ്റ്റർ ജോൺസൺ സഖറിയായുടെ പ്രാർത്ഥനാ ആശീർവാദങ്ങളോടെ സമാപിച്ച യോഗത്തിൽ ജോസ്പ്രകാശ് കരിമ്പിനേത്ത് (മ്യൂസിക് കോ-ഓർഡിനേറ്റർ), അന്നമ്മ വില്യംസ് (സിസ്റ്റേഴ്സ് കോ-ഓർഡിനേറ്റർ), രാജു തരകൻ (മീഡിയ കോ-ഓർഡിനേറ്റർ) എന്നിവരെ കൂടാതെ പാസ്റ്റർ മാത്യു ശാമുവേൽ, പാസ്റ്റർ ഏബ്രഹാം തോമസ്, ഷാജി മണിയാറ്റ്, വർഗീസ് വർഗീസ് എന്നിവർ നേതൃത്വം നല്കുകയുണ്ടായി.

കൂടുതൽ വിവരങ്ങൾക്ക് സന്ദർശിക്കുക: DallasCitywide.org

# തെരഞ്ഞെടുപ്പ് നിയന്ത്രിക്കാൻ 25 ലക്ഷം ഉദ്യോഗസ്ഥർ


ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിലേക്ക് 25 ലക്ഷത്തിലധികം ഉദ്യോഗസ്ഥരെ വിന്യസിച്ച് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച കേരളമുൾപ്പെടെ നാല് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരിയിലും 17.4 കോടി വോട്ടർമാർ ഉണ്ടെന്നാണ് കമ്മീഷന്റെ കണക്ക്. ഇതനുസരിച്ച് 70 വോട്ടർമാർക്ക് ഒരു തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ എന്ന നിലയിലാണ് വിന്യാസം. 15 ലക്ഷം പോളിംഗ് ഉദ്യോഗസ്ഥർ, 8.5 ലക്ഷം സുരക്ഷാ ഉദ്യോഗസ്ഥർ, 40,000 കൗണ്ടിംഗ് ഉദ്യോഗസ്ഥർ, 49,000സൂക്ഷ്മ നിരീക്ഷകർ, 21,000സെക്ടർ ഓഫീസർമാർ, വോട്ടെണ്ണലിന് 15,000 സൂക്ഷ്മ നിരീക്ഷകർ എന്നിങ്ങനെയാണ് 25 ലക്ഷം ഉദ്യോഗസ്ഥരെ കമ്മീഷൻ നിയമിച്ചിരിക്കുന്നത്.

ഇതോടൊപ്പം തെരഞ്ഞെടുപ്പ് നടക്കുന്ന 832 നിയമസഭാ മണ്ഡലങ്ങളിൽ 1111 കേന്ദ്രനിരീക്ഷകരെയും കമ്മീഷൻ നിയമിച്ചിട്ടുണ്ട്. ഇതിൽ 557 ഉദ്യോഗസ്ഥർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പൊതുനിർദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കും. 188 പേർ പോലീസ് ഓഫീസർമാരാണ്. 366 ഉദ്യോഗസ്ഥർ തെരഞ്ഞെടുപ്പ് സംബന്ധമായ ചെലവുകൾ നിരീക്ഷിക്കും. ഈ ഉദ്യോഗസ്ഥർ ഇതിനോടകം അതത് നിയോജകമണ്ഡലങ്ങളിൽ ചുമതല ഏറ്റെടുത്തതായി തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി.


THANNIKKARY VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 346-632-6716
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


K.O. JOSE & ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


PARADISE AUDIO MINISTRIES FLORIDA - USA
Presents...
SUSAN B JOHN FLORIDA
(LYRICS, MUSIC & PRODUCER)
വാഗ്ദത്തം ചെയ്ത പരൻ
LYRICS, MUSIC & PRODUCER - SUSAN B JOHN FLORIDA
VOX - NILA JOSEPH I ORCHESTRATION - SERHA COMPANY
MIXED AND MASTERED BY KAY ESS @ SS DIGITAL STUDIOS, THIRUVANANTHAPURAM
CHORUS- SERHA PRAMOD, ANGEL SP JOHANA PRAMOD,
VIJIN S JOSEPH,ROSHINI, NELSON JOHN
··· COMING SOON ···


DOULOS INT. MINISTRIES,INC.
RECOGNIZED BY IPC GENERAL COUNCIL
ACCREDITED BY GATE
WWW.DULOSCOLLEGE.ORG
'കാൽ നൂറ്റാണ്ട് പിന്നിടുന്ന
അനുഭവ സമ്പത്തുമായി
DOULOS
BIBLICAL SEMINARY
P.O BOX:2, VECHOOCHIRA, RANNY PTA.DT.
ZOOM
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
Register Now
ENGLISH & MALAYALAM MEDIUM
C.Th. B.Th. M.Div.
(CLASSES STARTING FROM DECEMBER 15)
FOUNDER PRESIDENT
PR. DR. V. P. JOSE
PRINCIPAL
PR. DR. JOHN. K. MATHEW
VICE. PRINCIPAL
PR. ANIL KODITHOTTAM
DIRECTOR BOARD
Pr. Reji Mooledam (ACADEMIC DEAN),Evg. Benny Kochuvadakel (ADMINISTRATOR)
Pr. Sajan Samuel (CO-ORDINATOR), Bro. Rajan Ariyappally
(OVERSEAS MANAGER), Br. Peter Mathew Vallyath
CONTACT : +91 916460 3370
OVERSEAS +966-508577968 +91 949595 4289
26 YEARS IN CHRISTIAN MINISTRY

# വിമോചനസമരം: ചരിത്രത്തിന്റെ ബാല്യകാല സ്മരണകൾ

സി.വി. സാമുവൽ, ഡിട്രോയിറ്റ്

അടുത്തിടെ മക്കളിലൊരാൾ ചോദിച്ച ഈ ലളിതമായ ചോദ്യം എന്നെ കൊണ്ടുപോയത് ആറ് പതിറ്റാണ്ടുകൾക്കു പിന്നിലേക്കാണ്. കാലപ്പഴക്കത്തിൽ പല ഓർമ്മകളും മാഞ്ഞുപോയെങ്കിലും കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തെ മാറ്റിമറിച്ച 1958-59 കാലഘട്ടം ഇന്നും എന്റെ മനസ്സിൽ ഒരു കൗമാരക്കാരന്റെ കൗതുകത്തോടെയും ഗൗരവത്തോടെയും തെളിഞ്ഞു നിൽക്കുന്നു.

1959 ജൂലൈ 31. കേരളത്തിലെ കമ്യൂണിസ്റ്റ് സർക്കാരിനെ പിരിച്ചുവിട്ട് കേന്ദ്രസർക്കാർ രാഷ്ട്രപതിഭരണം ഏർപ്പെടുത്തുമ്പോൾ എനിക്ക് പതിനഞ്ച് വയസ്സായിരുന്നു. ഹൈസ്കൂൾ ഒന്നാംവർഷ വിദ്യാർത്ഥിയായിരുന്ന ഞാൻ, ചരിത്രം എന്നത് വെറും പുസ്തകങ്ങളിൽ വായിക്കാനുള്ളതല്ലെന്നും അത് നമുക്കു ചുറ്റും ജീവസ്സുറ്റ രീതിയിൽ സംഭവിക്കുന്നതാണെന്നും തിരിച്ചറിഞ്ഞ നിമിഷമായിരുന്നു അത്.

1957-ൽ ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കേരളത്തിൽ ഒരു കമ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നത് ലോകശ്രദ്ധയാകർഷിച്ച സംഭവമായിരുന്നു. ബാലറ്റിലൂടെ അധികാരത്തിലെത്തിയ ആദ്യ കമ്യൂണിസ്റ്റ് സർക്കാരുകളിൽ ഒന്നായിരുന്നു അത്. സമത്വത്തിലധിഷ്ഠിതമായ ഒരു സമൂഹമായിരുന്നു അവരുടെ വാഗ്ദാനം. എന്നാൽ, ആ ആവേശം അധികകാലം നീണ്ടുനിന്നില്ല.

1957 ജൂലൈയിൽ അവതരിപ്പിക്കപ്പെട്ട വിദ്യാഭ്യാസ ബില്ലായിരുന്നു എല്ലാ മാറ്റങ്ങൾക്കും തുടക്കമിട്ടത്. അന്ന് കേരളത്തിലെ ഭൂരിഭാഗം സ്കൂളുകളും നിയന്ത്രിച്ചിരുന്നത് ക്രിസ്തീയ സഭകളും സമുദായ സംഘടനകളുമായിരുന്നു. സർക്കാരിന്റെ പുതിയ പരിഷ്കരണങ്ങൾ തങ്ങളുടെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റമാണെന്ന ബോധം ഇവരിലുണ്ടായി. ഇതോടെ രാഷ്ട്രീയവും മതപരവും സാമൂഹികവുമായ സംഘടനകൾ കൈകോർത്ത് തെരുവിലിറങ്ങി. ഇതിനെയാണ് കേരളചരിത്രം 'വിമോചനസമരം' എന്ന് രേഖപ്പെടുത്തിയത്.



ലേഖകൻ

മല്ലപ്പള്ളിയിലെ ഗവൺമെന്റ് എഡ്യൂക്കേഷൻ ഓഫീസിനു മുന്നിൽ നടന്ന ഒരു പ്രതിഷേധം എന്റെ ഓർമ്മയിൽ ഇന്നും പച്ചപിടിച്ചു നിൽക്കുന്നു. സഹപാഠികളുടെ ആവേശത്തിനൊപ്പം സമരത്തിൽ പങ്കുചേരാൻ ഞാനും തീരുമാനിച്ചു. എന്നാൽ, എന്നെ അത്ഭുതപ്പെടുത്തിയത് മറ്റൊന്നാണ്. രാഷ്ട്രീയത്തിൽ ഒട്ടും താല്പര്യമില്ലാത്ത ശാന്തസ്വഭാവക്കാരിയായ എന്റെ അമ്മയും ആ സമരത്തിൽ വരാൻ തയ്യാറായി.

അന്ന് 54 വയസ്സുള്ള അമ്മ ഞങ്ങളുടെ വീട്ടിൽ നിന്നും മൈലുകളോളം നടന്നാണ് സമരസ്ഥലത്തെത്തിയത്. സമരത്തിനിടെ ഞങ്ങളുടെ വിദ്യാർത്ഥി നേതാവിനെ പോലീസ് അറസ്റ്റ് ചെയ്തു. ആ നിമിഷം ഉണ്ടായ ബഹളവും മുദ്രാവാക്യങ്ങളും പിന്നീട് വന്ന ഭയാനകമായ നിശബ്ദതയും എന്നെ വല്ലാതെ സ്വാധീനിച്ചു. രാഷ്ട്രീയം എന്നത് വെറും ചർച്ചയല്ലെന്നും അതിൽ ത്യാഗങ്ങളും അപകടങ്ങളും ഉണ്ടെന്നും അന്ന് ഞാൻ മനസ്സിലാക്കി.

മാസങ്ങൾ നീണ്ട സമരങ്ങൾക്കൊടുവിൽ ഭരണഘടനയുടെ 356-ാം വകുപ്പു പ്രകാരം കേന്ദ്ര സർക്കാർ കേരള സർക്കാരിനെ പിരിച്ചുവിട്ടു. ജനാധിപത്യപരമായ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ഇത്തരത്തിൽ പുറത്താക്കപ്പെടുന്നത് ഇന്ത്യയിൽ ആദ്യമായിട്ടായിരുന്നു. രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇത് ഇന്നും ചർച്ച ചെയ്യപ്പെടുന്ന വലിയൊരു രാഷ്ട്രീയ തീരുമാനമായിരുന്നു.

ആ സംഭവങ്ങൾക്കു ശേഷം അറുപതിലധികം വർഷങ്ങൾ കടന്നുപോയി. ഉത്തരേന്ത്യയിലെ ദൈവശാസ്ത്ര പഠനവും മിഷൻ പ്രവർത്തനങ്ങളും കഴിഞ്ഞ് അഞ്ച് പതിറ്റാണ്ടോളമായി ഞാൻ അമേരിക്കയിലെ ഡിട്രോയിറ്റിലാണ്. ലോകവും കേരളവും ഒരുപാട് മാറി. എങ്കിലും ആ പഴയ സമരവീഥിയിലെ മുദ്രാവാക്യങ്ങൾ ഇന്നും ചെവിയിൽ മുഴങ്ങുന്നുണ്ട്.

ഇന്ന് തിരിഞ്ഞുനോക്കുമ്പോൾ, ആ കാലഘട്ടത്തെ ഞാൻ ഒരു രാഷ്ട്രീയ പോരാട്ടമായി മാത്രമല്ല കാണുന്നത്. സാധാരണക്കാരുടെ ശബ്ദം ചരിത്രത്തെ എങ്ങനെ സ്വാധീനിക്കുന്നു എന്നതിന്റെ വലിയൊരു പാഠമായിട്ടാണ്. ഒരു കൗമാരക്കാരനും അവന്റെ അമ്മയും ഒരു രാജ്യത്തിന്റെ വലിയ ചരിത്രത്തിന്റെ ഭാഗമായ ആ നിമിഷം -അതായിരുന്നു എന്റെ ജീവിതത്തിലെ ആദ്യത്തെ വലിയ 'വാർത്ത'!

## ഗീതാമണ്ഡലം വിഷു ആഘോഷം ഏപ്രിൽ പതിനൊന്നിന്

ബൈജു എസ്. മേനോൻ

ചിക്കാഗോ: ഗീതാമണ്ഡലം സംഘടിപ്പിക്കുന്ന വിഷു ആഘോഷം കേരളത്തിന്റെ സമ്പന്നമായ പാരമ്പര്യവും ആത്മീയ-സാംസ്കാരിക മൂല്യങ്ങളും ഒരുമിച്ച് അനുഭവിപ്പിക്കുന്ന ഒരു ഹൃദയസ്പർശിയായ സംഗമമായിരിക്കും. ഉണ്ണിക്കണ്ണന്റെ സന്നിധിയിൽ ഒരുക്കുന്ന വിഷുക്കണി ഭക്തിനിറഞ്ഞ അന്തരീക്ഷം സൃഷ്ടിക്കുമ്പോൾ, വിഷുകൈനീട്ടം സ്നേഹത്തിന്റെയും പങ്കിടലിന്റെയും സന്ദേശം പകരും. കുട്ടികൾ നയിക്കുന്ന ഭജനകളും നാരായണീയ പാരായണവും ചടങ്ങുകൾക്ക് ആത്മീയത നല്കും. കുട്ടികളുടെയും സ്ത്രീകളുടെയും കലാപരിപാടികൾ ആഘോഷത്തിന് നിറവും ചൈതന്യവും കൂട്ടിച്ചേർക്കും. വിഭവസമൃദ്ധമായ വിഷുസദ്യയും പാരമ്പര്യ ആചാരങ്ങളും ചേർന്ന് ഈ വിഷു ആഘോഷം എല്ലാ പ്രായക്കാരുടെയും ഹൃദയത്തിൽ നിലനിൽക്കുന്ന ദിവ്യവും സ്മരണീയവുമായ അനുഭവമായി മാറും.




# ലെവിടൗൺ സെ. തോമസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്

ജിനേഷ് തമ്പി

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷന് ലെവിടൗൺ സെ. തോമസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്ജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരിക്കുന്നത്. കൃപയുടെ പാത്രങ്ങൾ എന്നതാണ് ചിന്താവിഷയം. കോൺഫറൻസ് പ്രചാരണത്തിന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി ലെവിടൗൺ സെ. തോമസ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ ജെയ്സൺ തോമസ്, ആശ ജോർജ്, ഈതൻ കൂട്ടുമാത, ഐറിൻ പോൾ, പ്രേസി ജോൺ, ഫിയോണ ജോൺ, ജൂവൽ ജോൺ, ഇവാൻ കൂട്ടുമാത എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.



ദേവാലയ വികാരി ഫാ.ഡോ. എബി ജോർജ് കോൺഫറൻസ് ടീമിനെ ഊഷ്മളമായി സ്വാഗതം ചെയ്തു. റവ. ഡി. ഷോജിൽ ഏബ്രഹാമും സന്നിഹിതനായിരുന്നു. ജെയ്സൺ തോമസ് കോൺഫറൻസ് ടീമിനെ ഇടവകാംഗങ്ങൾക്കു പരിചയപ്പെടുത്തി.

ആശ ജോർജ് കോൺഫറൻസ് തീയതി, സമയം, സ്ഥലം, തീം, പ്രഭാഷകർ, രജിസ്ട്രേഷൻ നിരക്കുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ചു. റാഫിൾ പ്രോഗ്രാമിനെയും സമ്മാനങ്ങളെയുംകുറിച്ച് ഇവാൻ കൂട്ടുമാത സംസാരിച്ചു. കോൺഫറൻസിനെ പിന്തുണയ്ക്കുന്നതിനുള്ള സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഈതൻ കൂട്ടുമാത നല്കി. സുവനീറിലേക്ക് ലേഖനങ്ങൾ അയയ്ക്കാൻ ഐറിൻ പോൾ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും വിവിധ വ്യക്തിഗത ബിസിനസ് നിരക്കുകളെക്കുറിച്ച് വിശദമായി പറയുകയും ചെയ്തു.

മുൻവർഷങ്ങളിൽ കോൺഫറൻസിൽ പങ്കെടുത്തതിന്റെ അനുഭവങ്ങളെക്കുറിച്ച് ഫിയോണ ജോൺ സംസാരിക്കുകയും ഈ വർഷത്തെ കോൺഫറൻസിൽ പങ്കെടുക്കാൻ എല്ലാ ഇടവക അംഗങ്ങളെയും പ്രത്യേകിച്ച് ഇടവകയിലെ യുവാക്കളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സൈറ്റ് ആൻഡ് സൗണ്ട് ഷോ, വെബ്സൈറ്റ്, കോൺഫറൻസിലേക്ക് പോകാനും വരുവാനുമുള്ള ബസ് സൗകര്യം എന്നിവ ജെയ്സൺ എടുത്തുകാട്ടി. ഈ വർഷത്തെ കോൺഫറൻസിനുള്ള ഗായകസംഘം ഫാ. ജോൺ തോമസിന്റെ നേതൃത്വത്തിൽ ലോങ് ഐലൻഡ് ഏരിയ നയിക്കുമെന്നും ഇടവകക്കാരെ ഗായകസംഘത്തിൽ ചേരാൻ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം എടുത്തു പറഞ്ഞു.

രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത ഫാ. ഡോ. എബി ജോർജ് കോൺഫറൻസിൽ പങ്കെടുക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസിനു വേണ്ടിയുള്ള ടീമിന്റെ സമർപ്പണത്തിനും പരിശ്രമത്തിനും നന്ദി പറയുകയും ചെയ്തു.

കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെ പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക. ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.

# യോങ്കേഴ്സ് സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കിക്കോഫ്

യോങ്കേഴ്സ്: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിന്റെ വാർഷിക ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ രജിസ്ട്രേഷൻ യോങ്കേഴ്സ് സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ ഉജ്വല തുടക്കം.

2026 ജൂലൈ 15 മുതൽ 18 വരെ പെൻസിൽവേനിയയിലെ ലാങ്കസ്റ്ററിലാണ് കോൺഫറൻസ് സംഘടിപ്പിച്ചിരി

ജിനേഷ് തമ്പി

ക്കുന്നത്. 'കൃപയുടെ പാത്രങ്ങൾ' എന്നതാണ് ചിന്താവിഷയം.

കോൺഫറൻസ് പ്രൊമോഷന്റെയും രജിസ്ട്രേഷന്റെയും ഭാഗമായി യോങ്കേഴ്സ് സെ. തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ ആശാ ജോർജ്, അക്സ വർഗീസ്, ഡോ. റെബേക്ക പോത്തൻ, സജി പോത്തൻ എന്നിവരുൾപ്പെടുന്ന കോൺഫറൻസ് ടീം സന്ദർശനം നടത്തി.

ദേവാലയ വികാരി റവ. ജോബ്സൺ കോട്ടപ്പുറത്ത്, സെക്രട്ടറി ജോസി മാത്യു, ട്രഷറർ മാത്യു ജോർജ് എന്നിവരോടൊപ്പം ഇടവകാംഗങ്ങളും കോൺഫറൻസ് ടീമിനെ ഹൃദ്യമായി സ്വാഗതം ചെയ്തു. പള്ളി ഭദ്രാസന അസംബ്ലി അംഗം ഏബ്രഹാം കെ. തോമസ്, മലങ്കര അസോസിയേഷൻ അംഗങ്ങൾ കുര്യാക്കോസ് വർഗീസ്, വർഗീസ് പാപ്പഞ്ചിറ എന്നിവരും സന്നിഹിതരായിരുന്നു.

ആശ ജോർജ് ടീമിനെ പരിചയപ്പെടുത്തുകയും വരാനിരിക്കുന്ന കോൺഫറൻസിനെക്കുറിച്ചുള്ള തീയതി, സ്ഥലം, തീം, പ്രഭാഷകർ, രജിസ്ട്രേഷൻ എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പങ്കുവെച്ചു.

ഡോ. തോമസ് മാർ അത്തനാസിയോസ് (കണ്ടനാട് ഈസ്റ്റ് ഭദ്രാസന മെത്രാപ്പോലീത്ത), ഹൈറോമോങ്ക് വാസിലിയോസ് (സെയിന്റ് ഡയനീഷ്യസ് മൊണാസ്ട്രി), ഫാ.ഡോ. എബി ജോർജ് (ലോങ് ഐലൻഡ് സെന്റ് തോമസ് ഇടവക വികാരി), ലിജിൻ തോമസ് (സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനം) എന്നിവരാണ് പ്രധാന പ്രഭാഷകർ.

രജിസ്ട്രേഷൻ നിരക്കുകളെക്കുറിച്ചും സ്പോൺസർഷിപ്പിനെക്കുറിച്ചും അക്സ വർഗീസ് സംസാരിച്ചു. സുവനീറിലേക്ക് ലേഖനങ്ങൾ അയയ്ക്കാൻ ഡോ. റെബേക്ക പോത്തൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും സൈറ്റ് & സൗണ്ട് ഷോയെക്കുറിച്ച് വിശദമായി പറയുകയും ചെയ്തു. രജിസ്ട്രേഷൻ കിക്കോഫ് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്ത ഫാ. ജോബ്സൺ കോട്ടപ്പുറത്ത് കോൺഫറൻസിൽ പങ്കെടുക്കാൻ ഇടവകാംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും കോൺഫറൻസ് ടീമിന്റെ സമർപ്പണത്തിനും പരിശ്രമത്തിനും നന്ദി പറയുകയും ചെയ്തു. കൂടുതൽ വിവരങ്ങൾക്കായി https://fycnead.org/ സന്ദർശിക്കുകയോ താഴെപ്പറഞ്ഞിരിക്കുന്ന ഭാരവാഹികളെ ബന്ധപ്പെടുകയോ ചെയ്യുക: ഫാ. അലക്സ് കെ. ജോയ് (കോൺഫറൻസ് കോ-ഓർഡിനേറ്റർ) 973-489-6440, ജെയ്സൺ തോമസ് (കോൺഫറൻസ് സെക്രട്ടറി) 917-612-8832, ജോൺ താമരവേലിൽ (കോൺഫറൻസ് ട്രഷറർ) 917-533-3566.









## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 93.89 |
| യൂറോ | 108.18 |
| സ്റ്റെർലിംഗ്പൗണ്ട് | 125.08 |
| സ്വിസ് ഫ്രാങ്ക് | 118.13 |
| സിംഗപ്പൂർ ഡോളർ | 73.46 |
| കനേഡിയൻ ഡോളർ | 68.30 |
| ഒമാൻ റിയാൽ | 244.76 |
| ബഹ്റൈൻ ദിനാർ | 249.16 |
| സൗദി റിയാൽ | 25.02 |
| യു.എ.ഇ. ദിർഹം | 25.53 |
| കുവൈത്ത് ദിനാർ | 308.09 |




# മലയാളി സന്യാസിനി സംഗമം ചിക്കാഗോയിൽ; ഒരുക്കങ്ങൾ പൂർത്തിയാകുന്നു

ചിക്കാഗോ: സെന്റ് തോമസ് സീറോമലബാർ രൂപതാ സ്ഥാപനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികത്തിന്റെയും അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേക രജത ജൂബിലിയുടെയും ഭാഗമായി ചിക്കാഗോയിൽ സംഘടിപ്പിക്കുന്ന മലയാളി സിസ്റ്റേഴ്സിന്റെ സംഗമത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്തി. അമേരിക്ക

**റോയി ചേലമലയിൽ**

യിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ മലയാളി സിസ്റ്റേഴ്സിന്റെയും ഈ സംഗമം ചിക്കാഗോ ബെൻസൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ വെച്ച് ഏപ്രിൽ 17, 18 (വെള്ളി, ശനി) തീയതികളിലാണ് നടക്കുക. ചിക്കാഗോയിലെ സീറോമലബാർ കത്തീഡ്രൽ ഇടവകയുടെയും സേക്രഡ് ഹാർട്ട് സെന്റ് മേരീസ് ക്നാനായ ഇടവകകളുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന ഈ സംഗമത്തിന്റെ ഒരുക്കങ്ങൾ മാർച്ച് 19-ന് ബെൻസൻവിൽ ദേവാലയത്തിൽ നടന്ന സ്വാഗതസംഘം വിലയിരുത്തി.

വികാരി ജനറാൾമാർ ആയ ഫാ. തോമസ് മുളവനാൽ, ഫാ. ജോൺ മേലേപ്പുറത്ത്, വികാരി ജനറാളും കത്തീഡ്രൽ പള്ളി വികാരിയുമായ ഫാ. തോമസ് കടുകപ്പള്ളിൽ, രൂപതാ ചാൻസലർ ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, ബെൻസൻവിൽ സേക്രട്ട് ഹാർട്ട് പള്ളി വികാരി ഫാ. ഏബ്രഹാം കളരിക്കൽ, മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് വികാരി ഫാ. സിജു മുടക്കോടിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ, ജനറൽ കോ- ഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളി എന്നിവരും വിവിധ കമ്മിറ്റി അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. അമേരിക്കയിലെ വിവിധ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന സിസ്റ്റേഴ്സിൽ നിന്നും വലിയ പങ്കാളിത്തം പ്രതീക്ഷിക്കുന്ന ഈ സംഗമത്തിൽ ഇതുവരെ ഏകദേശം 225 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വികാരി ജനറൽ ഫാ. തോമസ്



മുളവനാൽ അറിയിച്ചു.

ഏപ്രിൽ 17-ന് വെള്ളിയാഴ്ച രാവിലെ 11 മണിക്ക് ആരംഭിക്കുന്ന പ്രോഗ്രാം വൈകുന്നേരം അഞ്ചുമണിക്കു നടക്കും. പതിനെട്ടാം തീയതി ശനിയാഴ്ച ഉച്ചയോടെ സമ്മേളനം അവസാനിക്കും. വെള്ളിയാഴ്ച വൈകുന്നേരം നടക്കുന്ന സമൂഹബലിയിലും പൊതുസമ്മേളനത്തിലും ... ത്ത മലയാളികളായ സമർപ്പിത സന്യാസിനി സമൂഹാംഗങ്ങൾ രജിസ്റ്റർ ചെയ്ത് ഈ സംഗമത്തിൽ പങ്കാളികൾ ആകണമെന്ന് സംഘാടക സമിതി



ള്ള സമൂഹബലിയോടെ ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെടും. തുടർന്ന് വിശിഷ്ട അതിഥികളുടെ മഹനീയ സാന്നിദ്ധ്യത്തിൽ പൊതുസമ്മേളനം സമ്മേളനത്തിലും തുടർന്നുള്ള കലാപരിപാടിയിലും ജനങ്ങൾക്ക് പങ്കെടുക്കാവുന്നതാണ്.

ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാ... സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. രജിസ്ട്രേഷന് ജയിംസ് മന്നാകുളം (312 622 3326), സി. ലിസ്സാ (281 919 9583) എന്നിവരെ ബന്ധപ്പെടുക.

# രാഷ്ട്രീയകേരളം ഉറ്റുനോക്കുന്ന കാഞ്ഞങ്ങാട്

കാസർഗോഡ്: കേരളം നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആവേശത്തിലേക്ക് കടക്കുമ്പോൾ രാഷ്ട്രീയകേരളം ഉറ്റുനോക്കുന്ന ഒരു മണ്ഡലമുണ്ട്-കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്. പതിറ്റാണ്ടുകളായി ഇടതുപക്ഷത്തിന്റെ പ്രത്യേകിച്ച് സിപിഐയുടെ ഉരുക്കുകോട്ടയായി അറിയപ്പെടുന്ന മണ്ഡലം. എന്നാൽ, ഇത്തവണ കാഞ്ഞങ്ങാട്ടെ കാറ്റ് മാറി വീശുകയാണോ? ചുവപ്പു കോട്ടയിൽ വിള്ളൽ വീഴ്ത്തി യു



ഡിഎഫ് ചരിത്രം തിരുത്തിക്കുറിക്കുമോ എന്ന് നമുക്കു പരിശോധിക്കാം.

ചരിത്രം പരിശോധിച്ചാൽ കാഞ്ഞങ്ങാട് എന്നും ഇടതിനൊപ്പമാണ്. കഴിഞ്ഞ മൂന്ന് തവണയും സിപിഐയുടെ ഇ. ചന്ദ്രശേഖരൻ വമ്പിച്ച ഭൂരിപക്ഷത്തിനാണ് ഇവിടെ ജയിച്ചുകയറിയത്. 2011-ൽ 12,178 വോട്ടായിരുന്നു ഭൂരിപക്ഷം. 2021-ൽ എത്തിയപ്പോൾ 27,139 ആയി ഉയർന്നു. വോട്ട് വിഹിതത്തിൽ യുഡിഎഫിനേക്കാൾ 10 മുതൽ 17 ശതമാനം വരെ മുന്നിലാണ് എൽഡിഎഫ്. എന്നാൽ, ഈ കണക്കുകൾക്ക് പുറത്തൊരു രാഷ്ട്രീയ അടിയൊഴുക്ക് ഇത്തവണ മണ്ഡലത്തിലുണ്ട്.

ഇത്തവണ കാഞ്ഞങ്ങാട്ടെ പോരാട്ടം പുതിയ മുഖങ്ങൾ തമ്മിലാണ്. എൽഡിഎഫിനായി സിപിഐ മണ്ഡലം നിലനിർത്താൻ ഗോവിന്ദൻ പള്ളിക്കാപ്പിലിനെയാണ് രംഗത്തിറക്കിയിരിക്കുന്നത്. ഈ കോട്ട തകർക്കാൻ യുഡിഎഫ് നിരയിലുള്ളത് കേരള കോൺഗ്രസിന്റെ ഷൈജി ഓട്ടപ്പള്ളിയാണ്. ഇവിടെയാണ് മറ്റൊരു നിർണ്ണായക വഴിത്തിരിവ്. മുൻപ് കെ. സുരേന്ദ്രനെപ്പോലുള്ള കരുത്തരെ ഇറക്കിയ ബിജെപി ഇത്തവണ എം. ബാൽരാജിനെയാണ് മത്സരിപ്പിക്കുന്നത്. എൻഡിഎ സഖ്യത്തിലെ ബിഡിജെഎസ് ഘടകവും ഇത്തവണത്തെ വോട്ട് വിഭജനത്തിൽ വലിയൊരു ഘടകമാകും.

എന്തുകൊണ്ടാണ് ഇത്തവണ യുഡിഎഫ് അട്ടിമറി പ്രതീക്ഷിക്കുന്നത്? പ്രധാനമായും മൂന്ന് കാര്യങ്ങളാണ് രാഷ്ട്രീയ നിരീക്ഷകർ ചൂണ്ടിക്കാണിക്കുന്നത്. ഒന്നാമതായി ഭരണവിരുദ്ധ വികാരം ഇടതുകോട്ടകളിലെ വോട്ടർമാരെപ്പോലും മാറ്റി ചിന്തിപ്പിക്കുന്നു എന്നതാണ്. വർഷങ്ങളായി എൽഡിഎഫിന് വോട്ട് ചെയ്യുന്ന വലിയൊരു വിഭാഗം ഇത്തവണ മാറ്റം ആഗ്രഹിക്കുന്നു എന്നതും അവർ യുഡിഎഫിന് അനുകൂലമായി വോട്ട് ചെയ്യാനുള്ള സാദ്ധ്യതയും മണ്ഡലത്തിൽ ദൃശ്യമാണ്. കൂടാതെ ബിജെപി വോട്ടുകളിൽ ഉണ്ടാകുന്ന നേരിയ ചോർച്ച പോലും കാഞ്ഞങ്ങാട് പോലുള്ള മണ്ഡലത്തിൽ യുഡിഎഫിന് വലിയ മുൻതൂക്കം നല്കിയേക്കാം.

അതെ, കണക്കുകൾ എൽഡിഎഫിന് ഒപ്പമാണെങ്കിലും ജനമനസ്സിലെ വികാരം യുഡിഎഫിന് അനുകൂലമാണെന്ന ശുഭപ്രതീക്ഷയിലാണ് വലതു മുന്നണി. വെറും രണ്ട് തവണ മാത്രം കോൺഗ്രസിനെ തുണച്ച കാഞ്ഞങ്ങാട് ഇത്തവണ ചരിത്രം തിരുത്തി ഷൈജി ഓട്ടപ്പള്ളിയെ നിയമസഭയിലേക്ക് അയയ്ക്കുമോ അതോ ഗോവിന്ദൻ പള്ളിക്കാപ്പിലിലൂടെ ചുവപ്പ് കോട്ട ഭദ്രമായിരിക്കുമോ? ഫലം വരുന്നതുവരെ നമുക്ക് കാത്തിരിക്കാം.

# ബെൻസൻവിൽ ഇടവകയിൽ യുവജന ആത്മീയസംഗമം

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ഇടവകയിലെ യങ് അഡൽറ്റ്സിനും യുവജനങ്ങൾക്കുമായി നോമ്പിനോടനുബന്ധിച്ച് ആത്മീയ ഉണർവേകുന്ന ലെൻഫൻ റിഫ്ളക്ഷൻ സം

**ലിൻസ് താന്നിച്ചുവട്ടിൽ**

ല്കിയത്. നാല്പതോളം യുവജനങ്ങളുടെ പങ്കാളിത്തംകൊണ്ട് അനുഗൃഹീതമായ ഈ സംഗമം ഇടവക കേന്ദ്രീ യിൽ നിർണായക പങ്കുവഹിക്കാൻ യുവജനങ്ങളെ ഇതു പ്രാപ്തരാക്കട്ടെയെന്ന് വികാരി ഫാ. ഏബ്രഹാം കളരിക്കൽ ആശംസിച്ചു. യൂത്ത് ട്രസ്റ്റി എബിൻ കുളത്തിൽകരോട്ട്, ജെൻസൻ




ഘടിപ്പിച്ചു. നേപ്പർവിൽ സെ. റാഫേൽ കത്തോലിക്കാ ദേവാലയത്തിലെ വൈദികനായ ഫാ. അലക്സ് ലോറാങ് ആണ് ഈ റിഫ്ളക്ഷന് നേതൃത്വം ന കൃതമായ ആത്മീയ ഉണർവിന് യുവജനങ്ങളെ സജ്ജരാക്കി.

നോമ്പിന്റെ ഈ നാളുകളിലും വരുംദിനങ്ങളിലും ഇടവകയുടെ വളർച്ച ഐക്കരപ്പറമ്പിൽ, ഷെറിൽ താന്നിക്കുഴുപ്പിൽ, മെലിൻഡ നെല്ലിക്കാട്ടിൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി.

# SEEKING BRIDEGROOM

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

Visit Our Website:
www.keralaexpress.com
for Matrimonial Advt.

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

# SEEKING BRIDE

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to **alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at **rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

## SEEKING BRIDEGROOM CONTD.....

Visit Our Website:
www.keralaexpress.com
for Matrimonial Advt.

## പി.വി. ജോസഫ്

**പാറമ്പുഴ:** റിട്ട. ഹെഡ്കോൺസ്റ്റബിൾ കുരുവിടത്ത് പുത്തൻപുരയ്ക്കൽ പി.വി. ജോസഫ് (കൊച്ചി-87) അന്തരിച്ചു. ഭാര്യ അതിരമ്പുഴ കിടങ്ങയിൽ മേരി ജോസഫ്. മക്കൾ: ആൻസി (യുഎസ്), ജാൻസി (ഡൽഹി), റീന (യുകെ). മരുമക്കൾ: ഷാജു മലയാറ്റിൽ (തൃശൂർ), ബിജു പ്രക്കാട്ട്മന്നം (നെടുങ്കുന്നം), റോബി പുല്ലുകാലായിൽ (ഏറ്റുമാനൂർ).

**ഉഴവൂർ:** കപ്പിലുമാക്കിൽ അഗ്രിക്കൾച്ചർ വകുപ്പ് റിട്ട. ഉദ്യോഗസ്ഥൻ പി.എം. മത്തായി (88) അന്തരിച്ചു.

## മറിയാമ്മ യോഹന്നാൻ

**ശാസ്താംകോട്ട:** മുതുപിലക്കാട്ട് വേടന്റയ്യത്ത് കുടുംബാംഗം മുഖത്തലത്തുണ്ടിൽ പരേതനായ യോഹന്നാന്റെ ഭാര്യ മറിയാമ്മ (ഗ്രേസിക്കുട്ടി-93) അന്തരിച്ചു. കടമ്പനാട് തെരുവത്ത് വടക്കേതിൽ കുടുംബാംഗമാണ്. മക്കൾ: പ്രഫ. ജോർജുകുട്ടി (യുഎസ്, റിട്ട. പ്രഫ. മാർ ഈവാനിയോസ് കോളജ്), കുരുവിള (തിരുവനന്തപുരം), വൈ. ജോൺ, ഡെയ്സി ചാക്കോ (ബെംഗളൂരു). മരുമക്കൾ: മറിയാമ്മ ഫിലിപ്പോസ് (യുഎസ്), മായ മാത്യു, പി.കെ. ചാക്കോ ഇരുട്ടി (ബെംഗളൂരു).

## പോത്തൻ ജോസഫ്

**പുറമറ്റം:** അടങ്ങപുറത്ത് പടപ്പുറമ്പിൽ പോത്തൻ ജോസഫ് (മോൻ-75) യുഎസിൽ അന്തരിച്ചു. ഭാര്യ വള്ളംകുളം മുരിങ്ങശേലിൽ അന്ന ജോസഫ്. മക്കൾ: എബി, മെറി. മരുമക്കൾ: അമൻഡ, പോൾ (എല്ലാവരും യുഎസ്).

**കൂരോപ്പട:** ഇടുക്കി പുഷ്പകണ്ടം ഗവ. എൽപിഎസ് മുൻ പ്രധാനാദ്ധ്യാപകൻ വാളിപ്ലാക്കൽ കുടുംബാംഗമായ താന്നിക്കൽ ടി.വി. ആന്ത്രയോസ് (ജോർജ്-67) അന്തരിച്ചു.

**അതിരമ്പുഴ:** കൊച്ചുപറയിൽ (ഉധിച്ചുമുകളിൽ) സെബാസ്റ്റ്യൻ ജോർജ് (തങ്കച്ചൻ -66) അന്തരിച്ചു.

## തിയോബാൾഡ് പെരേര



**ന്യൂയോർക്ക്:** ന്യൂയോർക്കിലെ ആദ്യകാല മലയാളികളിലൊരാളായ തിയോബാൾഡ് പെരേര (91) ലോങ് ഐൻഡിൽ അന്തരിച്ചു. ഭാര്യ സൂസൻ. മക്കൾ: സുതി, സീമ. മരുമക്കൾ: സാജു സൈമൺ, ജോസഫ് പാൽമെർസൺ. അമേരിക്കൻ മലയാളി ക്രൈസ്തവരുടെ ആദ്യ സംഘടനകളിൽ ഒന്നായ ഇന്ത്യ കാത്തലിക് അസോസിയേഷന്റെ ആദ്യകാല അംഗവും ഇന്ത്യൻ ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ സ്ഥാപകനേതാവും ന്യൂയോർക്ക് കേരള സമാജത്തിന്റെ ആദ്യകാല സഹായിയും ന്യൂയോർക്ക് സീറോ മലങ്കര കമ്യൂണിറ്റിയുടെ സഹകാരിയുമായിരുന്നു പരേതൻ.

**വടവാതൂർ:** തേമ്പ്രവാൽക്കടവ് വാലുപറമ്പിൽ വിദ്യാധിരാജാ വിദ്യാഭവൻ റിട്ട. അദ്ധ്യാപിക പി.എം. റോസക്കുട്ടി (78) അന്തരിച്ചു.


## പ്രമോദ് എം. ജോസ്

**ഇല്ലിക്കൽ:** വേളൂർകുട്ടച്ചാറയിൽ പരേതനായ വി.പി. ജോസഫിന്റെയും അമ്മിണി ജോസഫിന്റെയും മകൻ പ്രമോദ് എം. ജോസ് (കൊച്ചുമോൻ-59) അന്തരിച്ചു. മകൻ ബെൻ ജോസഫ് പ്രമോദ് (യുഎസ്).

**മല്ലപ്പള്ളി:** റിട്ട. അദ്ധ്യാപിക ആനിക്കാട് കൊച്ചുവടക്കേൽ മാവുങ്കൽ പി.കെ. അന്നക്കുട്ടി (തങ്കമ്മ-90) അന്തരിച്ചു.

**മണങ്ങല്ലൂർ:** കാരയ്ക്കാട്ട് ജോസഫ് തോമസ് (75) അന്തരിച്ചു.

## സാംജി ജോൺ അന്തരിച്ചു



**കാനഡ:** സെന്റ് തോമസ് മാർത്തോമാ ഇടവകാംഗം സാംജി ജോൺ (66) വാൻകൂവറിൽ അന്തരിച്ചു. ഭാര്യ: ഷേർലി സാംജി. മക്കൾ: ശിൽപ സാംജി (വാൻകൂവർ), ഷാരോൺ സാംജി (സിഡ്നി). സാംജി ജോൺ നോർത്ത് അമേരിക്ക മാർത്തോമാ ഭദ്രാസന സൺഡേ സ്കൂൾ സെക്രട്ടറി (2026-2029) കാലയളവിലേക്ക് അടുത്തിടെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മാർത്തോമാ സഭയുടെയും സൺഡേ സ്കൂൾ മിനിസ്ട്രിയുടെയും പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവ സാന്നിദ്ധ്യമായിരുന്നു. വിവിധ മേഖലകളിൽ അദ്ദേഹം നല്കിയ സേവനങ്ങൾ അവിസ്മരണീയമാണ്. വെസ്റ്റേൺ കാനഡ സെന്റർ സ്കൂൾ സെക്രട്ടറി (2023-2026), സെന്റ് തോമസ് മാർത്തോമാ സൺഡേ സ്കൂൾ സൂപ്രണ്ട് (വാൻകൂവർ), നിലവിൽ 11.12 ക്ലാസുകളിലെ വിദ്യാർത്ഥികളെ പഠിപ്പിച്ചുവരികയായിരുന്നു.

## ഏലിക്കുട്ടി ചാക്കോ

**വടുതല:** പോസ്റ്റ്ഓഫീസ് റോഡിൽ തെന്നശേരിൽ റിട്ട. ഗവ. നേഴ്സ് ഏലിക്കുട്ടി ചാക്കോ (86) അന്തരിച്ചു. ഭർത്താവ് പരേതനായ ടി.സി. ചാക്കോ. മക്കൾ: മിനി സാമുവൽ, അനു പുലിയമ്പള്ളിൽ, മനോജ് ചാക്കോ (എല്ലാവരും യുഎസ്). മരുമക്കൾ: മാത്യു സാമുവൽ, ചാക്കോ ജോസ് പുലിയമ്പള്ളിൽ, ഫീബി മനോജ്.

## എം.പി. ജോസഫ്

**തൊടുപുഴ:** റിട്ട.ആർമി ഉദ്യോഗസ്ഥൻ ചിറ്റൂർ മണിമലക്കണ്ടത്തിൽ എം.പി. ജോസഫ് (93) അന്തരിച്ചു. ഭാര്യ വാഴക്കുളം നീറമ്പുഴ പരേതയായ ലില്ലി ജോസഫ് (റിട്ട. അദ്ധ്യാപിക). മക്കൾ: അനില ഷാജൻ (റിട്ട. അദ്ധ്യാപിക), അനുജി ബെന്നി (റിട്ട. അദ്ധ്യാപിക), അബീഷ് ജോസഫ് (മർച്ചന്റ് നേവി), അനീഷ് ജോസഫ് (ഓസ്ട്രേലിയ), അനുരഞ്ജ് ജോസഫ് (യുഎസ്). മരുമക്കൾ: തിരുവാങ്കുളം പുളിക്കൽ ഷാജൻ പി. ജോർജ്, ചേർത്തല പനക്കൽ ബെന്നി തോമസ്, മുരിക്കാശേരി വാളികുളത്ത് ജെസ്സി അബീഷ്, കദളിക്കാട് നിരപ്പത്ത് സിനി അനീഷ് (ഓസ്ട്രേലിയ), കാഞ്ഞിരപ്പുഴ വട്ടുകുന്നേൽ സോളി അനുരഞ്ജ് (യുഎസ്).

## പി.യു. വർഗീസ്

**വെമ്പള്ളി:** പുന്നപ്ര കാർമൽ പോളി ടെക്നിക് കോളജ് റിട്ട. പ്രിൻസിപ്പൽ കാളികാവ് പാവറട്ടി പുലിക്കോട്ടിൽ മത്തായിപ്പറമ്പിൽ പി.യു. വർഗീസ് (94) അന്തരിച്ചു. ഭാര്യ ആലപ്പുഴ കളപ്പുരയ്ക്കൽ ഗെറ്റി വർഗീസ് (റിട്ട. അദ്ധ്യാപിക, സെ. ജോസഫ് ഹയർ സെക്കൻഡറി സ്കൂൾ ആലപ്പുഴ). മകൾ: സുമ ജോൺ (യുഎസ്). മരുമകൻ: ജോൺ അടപ്പൂർ.

## അന്നക്കുട്ടി ജോർജ്

**അരുവിത്തുറ:** ഈരാറ്റുപേട്ട ഗവ. എച്ച്.എസ്.എസ് റിട്ട. അദ്ധ്യാപിക പെരുന്നിലം കിഴവഞ്ചിയിൽ അന്നക്കുട്ടി ജോർജ് (78) അന്തരിച്ചു. പെരുന്നിലം മുഴിയാങ്കൽ കുടുംബാംഗമാണ്. ഭർത്താവ് കെ.ജെ. ജോർജ്. മക്കൾ: ആശ, ഉഷ (യുഎസ്). മരുമക്കൾ: സതീഷ് തോമസ് തോട്ടപ്പള്ളിൽ മൂന്നിലവ് (യുഎസ്), ഷൈൻ പോൾവെട്ടുകല്ലുങ്കൽ ശാന്തിപുരം (അദ്ധ്യാപകൻ ഗവ. എച്ച്.എസ്.എസ് ചേളാരി, മലപ്പുറം).

**തൃക്കൊടിത്താനം:** കിടങ്ങറ ചേരീത്ര വീട്ടിൽ എം.എം. ജോസ് ((എം.എം. ദേവകുമാർ -74) അന്തരിച്ചു.

**കോട്ടയം:** പള്ളം വള്ളിപ്പുരയ്ക്കൽ ചിറയിൽ സി.സി. ജേക്കബ് (കുഞ്ഞ്-91) (ബസേലിയോസ് കോളജ് റിട്ട. ഓഫീസ് സൂപ്രണ്ട്) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** ടിബി റോഡിൽ കൊച്ചുപറമ്പിൽ ഐസക് സെബാസ്റ്റ്യൻ (കുഞ്ഞൂഞ്ഞ്-86) അന്തരിച്ചു.

## ആന്റണി ഇടത്തറ മാത്യു

**ഒലവക്കോട്:** റെയിൽവേ റിട്ട. മെക്കാനിക്കൽ ബ്രാഞ്ച് ഓഫീസ് സൂപ്രണ്ട് കല്ലേക്കുളങ്ങര ഇടത്തറപറമ്പിൽ ആന്റണി ഇടത്തറ മാത്യു (84) അന്തരിച്ചു. ഭാര്യ പരേതയായ റോസ്‌ലി. മക്കൾ: ദിൽരാജ് ഇടത്തറ, പരേതനായ അനിൽ ഇടത്തറ. മരുമക്കൾ: അമ്പിളി (യുഎസ്), ഐവി (അദ്ധ്യാപിക, സെ. ആൻസ് മുട്ടിക്കുളങ്ങര).

**തിരുവല്ല:** ചെന്നിത്തല ജവഹർ നവോദയ സ്കൂളിലെ മുൻ അദ്ധ്യാപകൻ മനയിൽ നെൽസൺ മാത്യു (69) അന്തരിച്ചു.

## ബിനു തോമസ്



**ഹൂസ്റ്റൺ:** പൂവത്തൂർ മണ്ണാകുന്നിൽ ഏറന്നൂർ കുടുംബാംഗം പരേതനായ എ.ഇ. തോമസിന്റെയും കുഞ്ഞുഞ്ഞമ്മ തോമസിന്റെയും മകൻ ബിനു തോമസ് (54) ഹൂസ്റ്റണിൽ അന്തരിച്ചു. ഭാര്യ ഷൈനി തോമസ് (മെതഡിസ്റ്റ് ഹോസ്പിറ്റൽ ഷുഗർലാൻഡ്) വെണ്ണിക്കുളം ചാപ്രത്ത് കുടുംബാംഗമാണ്. മക്കൾ: നെവിൻ ബിനു, കെവിൻ ബിനു. സഹോദരങ്ങൾ: ശുഭ തോമസ് (ദോഹ), സുനിൽ തോമസ് (ദുബായ്). സിഎസ്ഐ സഭയിലെ സജീവാംഗമായിരുന്ന പരേതൻ ഹൂസ്റ്റൺ സെ. തോമസ് സിഎസ്ഐ ഇടവക എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിരുന്നു. ഓവർസീസ് ഇന്ത്യൻ കൾച്ചറൽ കോൺഗ്രസിന്റെ (ഒഐസിസി യുഎസ്എ) സജീവപ്രവർത്തകനുമായിരുന്നു.

**ചങ്ങനാശേരി:** കുരിശുംമൂട് ദർശനയിൽ എം.ജി. സർവകലാശാല റിട്ട. ഡെപ്യൂട്ടി രജിസ്ട്രാർ കെ.എസ്. ലീലാമ്മ (89) അന്തരിച്ചു.

**ഇടപ്പള്ളി:** പട്ടികജാതി- പട്ടികവർഗ മുന്നണി ചീഫ് കോ-ഓർഡിനേറ്ററും ദലിത് ചിന്തകനും, മനുഷ്യാവകാശ പ്രവർത്തകനും മാതൃദേശം ചീഫ് എഡിറ്ററുമായ അയ്യമ്പിള്ളി വാടെപറമ്പിൽ വി.എസ്. രാധാകൃഷ്ണൻ (58) അന്തരിച്ചു.

**കങ്ങഴ:** പാറയ്ക്കാമല ഫിലിപ്പ് മാത്യു (ജോയ്-88) അന്തരിച്ചു.

**ഏറ്റുമാനൂർ:** ടാറ്റാ സ്റ്റീൽ ജംഷഡ്പൂർ റിട്ട. ഡിഎം മേടയിൽ ശ്രീവിലാസത്തിൽ കെ.പി. ഗോപാലകൃഷ്ണൻ നായർ (77) അന്തരിച്ചു.

**ഇടമറ്റം:** കൂറ്റനാൽ മുണ്ടാട്ട് സിസിലിക്കുട്ടി ചാക്കോ (89) അന്തരിച്ചു.

## സി.ടി. മാത്യു

**വെണ്ണിക്കുളം:** ആലുവ മാലിൽ ചെങ്ങോത്തു സി.ടി. മാത്യു (87) അഹമ്മദാബാദിൽ അന്തരിച്ചു. ഭാര്യ ചിങ്ങവനം കൊണ്ടൂർ പരേതയായ സാറാമ്മ. മക്കൾ: ലൈല, റെജി (യുഎസ്), പരേതനായ ബിജി. മരുമക്കൾ: പ്രസാദ് (അഹമ്മദാബാദ്), ബിനു, സെറീന.

**പാറത്തോട്:** പാറത്തോട് സെ. ജോർജ് ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ ഇല്ലാകുന്നേൽ മത്തായി വർഗീസ് (75) അന്തരിച്ചു.

**തെള്ളിയൂർ:** റിട്ട.അദ്ധ്യാപകൻ കോയിക്കൽ വി.എൻ. വാസുദേവൻ നായർ (98) അന്തരിച്ചു.

## ഏലിയാമ്മ ചെറിയാൻ

**ചാത്തങ്കരി:** പുരയ്ക്കൽ മണപ്പുറത്ത് ഏലിയാമ്മ ചെറിയാൻ (സൂസി-92) അന്തരിച്ചു. ഭർത്താവ് പരേതനായ എം.എം. ചെറിയാൻ. മക്കൾ: സാമുവൽ ചെറിയാൻ (കാനഡ). രാജൻ ചെറിയാൻ, മറിയാമ്മ നൈനാൻ (യുഎസ്), പരേതനായ മാത്യു ചെറിയാൻ (ഇരുവരും യുഎസ്). മരുമക്കൾ: ലീലാമ്മ ചെറിയാൻ (യുഎസ്), ഷേർളി സാമുവൽ (കാനഡ), മീന രാജൻ, പാസ്റ്റർ സാം നൈനാൻ (യുഎസ്).

## ടി.എം. കോര

**മണർകാട്:** ഐരാറ്റുനട തുരുത്തുമാലിയിൽ സുവിശേഷകൻ ടി.എം. കോര (കുഞ്ഞുമോൻ-84) അന്തരിച്ചു. മക്കൾ: മാത്യു കോര (ഡാളസ്), ചെറിയാൻ കോര, ജേക്കബ് കോര (യുകെ). മരുമക്കൾ: ലിജിമോൾ (ഡാളസ്), ബ്ലെസി (മണർകാട്), സിന്ധു (യുകെ).

## ജോസി മാത്യു



**ഒക്കലഹോമ:** കോട്ടയം മീനടം ഇടശ്ശേരിൽ കുടുംബാംഗമായ ജോസി മാത്യു (57) ഒക്കലഹോമയിൽ അന്തരിച്ചു. ഭർത്താവ് മാത്യു ജെയിംസ്. മക്കൾ: ജാനിസ് മാത്യു, ജെയ്സ് മാത്യു.

**തിരുവഞ്ചൂർ:** പറമ്പുകരയിൽ കാഞ്ഞിരത്തിങ്കലായ വടോപ്പുറമ്പിൽ ഗോപാലൻ (102) അന്തരിച്ചു.


**പള്ളിപ്പാട്:** റിട്ട. മുനിസിപ്പൽ ഡയറക്ടർ പുല്ലമ്പട പുതുവാമഠത്തിൽ എസ്. പരമേശ്വരൻ നായർ (82) അന്തരിച്ചു.

**മാഞ്ഞൂർ:** അമ്പഴത്തിങ്കൽ ബാബു (66) അന്തരിച്ചു.

## ടി.പി.എച്ച്. മേനോൻ

**തൃശൂർ:** കേന്ദ്ര പൊതുമരാമത്ത് വകുപ്പ് റിട്ട. ഡയറക്ടർ ജനറൽ വൈപ്പിൻ എളക്കുന്നം പുഴ തുവനാട്ട് വീട്ടിൽ ടി.പി.എച്ച്. മേനോൻ (84) അന്തരിച്ചു. ഭാര്യ വെട്ടത്ത് ശാന്ത. മക്കൾ: ഡോ. സന്ദീപ്, അനൂപ്. മരുമക്കൾ: മേഘ, ലാറ (നാലുപേരും യുഎസ്).

## പാസ്റ്റർ കെ.ഒ. വർഗീസ്



**തൃശൂർ:** ഐപിസി പീച്ചി സെന്റർ സ്ഥാപകനും പ്രമുഖ സുവിശേഷ പ്രഭാഷകനുമായിരുന്ന പാസ്റ്റർ കെ.ഒ. വർഗീസ് (പീച്ചി മാസ്റ്റർ-93) അന്തരിച്ചു. ഹൈസ്കൂൾ അദ്ധ്യാപകനായിരിക്കവേ സുവിശേഷവേലയിൽ സജീവമായ അദ്ദേഹം കേരളത്തിലുടനീളം അനേകം സഭകൾ സ്ഥാപിക്കുന്നതിൽ പങ്കുവഹിച്ചു. 38 വർഷക്കാലം ഐപിസി പീച്ചി സെന്ററിന്റെ സെന്റർ പാസ്റ്ററും മികച്ച ബൈബിൾ കോളജ് അദ്ധ്യാപകനുമായിരുന്നു. ഭാര്യ റേച്ചൽ വർഗീസ്. മക്കൾ: പാസ്റ്റർ കെ.വി. ജോസ് (ഐപിസി കർണാടക സ്റ്റേറ്റ് വൈസ് പ്രസിഡണ്ട്), എത്സി തോമസ് (മൈസൂർ), മേരി ഏലിയാസ് (തിരുവല്ല), പരേതനായ കെ.വി. ഏബ്രഹാം. മരുമക്കൾ: ഷൈനി ജോസ് (ബാംഗ്ലൂർ), പാസ്റ്റർ ഒ.ടി. തോമസ് (മൈസൂർ), പാസ്റ്റർ എൻ.എസ്. ഏലിയാസ് (ഐപിസി വള്ളംകുളം ശുശ്രൂഷകൻ), മിനി ഏബ്രഹാം (ബാംഗ്ലൂർ).

**അതിരമ്പുഴ:** 101 കവല തറപ്പേൽ പറയരുകുഴിയിൽ ബിന്നി സാജു (61) അന്തരിച്ചു.

**തീക്കോയി:** തയ്യിൽ പരേതനായ ടി.ജെ. അഗസ്റ്റിന്റെ മകൻ വീനസ് അഗസ്റ്റിൻ (50) അന്തരിച്ചു.

## ജോർജ് കെ. കോശി

**കടമ്പനാട്:** മീനത്തേതിൽ എബനേസറിൽ ജോർജ് കെ. കോശി (അപ്പു-78) അന്തരിച്ചു. ന്യൂയോർക്ക് കൊളംബിയ പ്രസ്ബിറ്റേറിയൻ ആശുപത്രി എച്ച്.ആർ വിഭാഗം ഉദ്യോഗസ്ഥനായിരുന്നു. ഭാര്യ കോട്ടയം വാകത്താനത്ത് കാട്ടിൽ സുശീല കോശി. മക്കൾ: സാനു, സമാന്ത. മരുമക്കൾ: ഡെൽവിൻ, അഖിൽ (നാലുപേരും യുഎസ്).

**കുടമാളൂർ:** മണക്കുളത്തിൽ തങ്കമ്മ കുര്യൻ (68) അന്തരിച്ചു.

**കോട്ടൂർ:** തെക്കേടത്ത് അന്നമ്മ മാത്യു (ലിസി-78) അന്തരിച്ചു.

# LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

# PROPERTY FOR SALE AT NEENDOOR, KOTTAYAM

Property for sale. 118 cent property at Neendoor, Onamthuruthu Village, Kottayam dist., Kerala State.

Total only $2,60313 or Rs 236 Cr. Best place to build house, resort, plantations, Animal or Fish farm. Panchayathu road at all the 3 sides & bus service. Price negotiable.

**Please contact**

**Alex at +1 914-471-7454 (WhatsApp USA) or email at alexkalarickal@gmail.com**

# FOR SALE PRIME LAND IN KOCHI CITY

For sale 10.50 cents of prime land in Kochi city (half cents will be free); Rs 15 lakh per cent, but negotiable.

**Please contact**

**703-907-9132**

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം.

*Inserted by: Firm Believer, Atlanta*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Houston*

## *Favors Received*



*Inserted by: Firm Believer, Boston*

## *Favors Received*



*Inserted by: Firm Believer, Boston*

Visit Our Website: www.keralaexpress.com for Classified Advt.




# ആട് 3 പാർട്ട് 1; വൺ ലാസ്റ്റ് റൈഡ്' പുറത്തിറങ്ങി

**മി**ഥുൻ മാനുവൽ തോമസ് രചിച്ചു സംവിധാനം ചെയ്യുന്ന 'ആട് 3 പാർട്ട് 1; വൺ ലാസ്റ്റ് റൈഡ്' എന്ന ബിഗ്



ബജറ്റ് എപിക് ഫാന്റസി ചിത്രത്തിന്റെ റിലീസ് തീയതി ഒരിക്കൽകൂടി ഉറപ്പിച്ച് നിർമാതാക്കളായ വിജയ് ബാബുവും വേണു കുന്നപ്പിള്ളിയും.

വിജയ് ബാബുവിന്റെ ഉടമസ്ഥതയിലുള്ള ഫ്രൈഡേ ഫിലിം ഹൗസ്, വേണു കുന്നപ്പിള്ളി നേതൃത്വം നൽകുന്ന കാവ്യാ ഫിലിം കമ്പനി എന്നിവർ ചേർന്നാണ് ജയസൂര്യ നായകനായ ഈ വമ്പൻ കോമഡി ഫാന്റസി ചിത്രം നിർമിച്ചിരിക്കുന്നത്. 2026 മാർച്ച് 19-ന് ഈദ് റിലീസ് ആയാണ് ചിത്രം ആഗോള തലത്തിൽ പ്രദർശനത്തിന് എത്തിയത്. മലയാള സിനിമാപ്രേമികൾ ഏറ്റവുമധികം കാത്തിരിക്കുന്ന ഫ്രാഞ്ചൈസ് ചിത്രമെന്ന നിലയിൽ വലിയ പ്രതീക്ഷയാണ് ചിത്രം സൃഷ്ടിച്ചിരിക്കുന്നത്.

പൊട്ടിച്ചിരിപ്പിക്കുന്ന മുഹൂർത്തങ്ങൾക്കൊപ്പം ഫാന്റസി ഘടകങ്ങളും കോർത്തിണക്കിയാണ് ഇത്തവണ ചിത്രം പ്രേക്ഷകരുടെ മുന്നിലെത്തുന്നത് എന്ന സൂചനയാണ് ചിത്രത്തിന്റെ ട്രെയ്ലർ നൽകുന്നത്. വ്യത്യസ്ത കാലഘട്ടങ്ങളിലൂടെയാണ് ചിത്രത്തിന്റെ കഥ പറയുന്നതെന്നും ട്രെയ്ലർ കാണിച്ചു തരുന്നുണ്ട്.

ജയസൂര്യ, വിനായകൻ, ഇന്ദ്രൻസ്, ധർമജൻ ബോൾഗാട്ടി, വിജയ് ബാബു, നോബി, നിർമൽ പാലാഴി, സൈജു കുറുപ്പ്, ഹരികൃഷ്ണൻ, ഭഗത് മാനുവൽ, സണ്ണി വെയ്ൻ, സുധി കോപ്പ, ബിജുക്കുട്ടൻ എന്നിവരാണ് ചിത്രത്തിലെ പ്രധാന വേഷങ്ങൾ ചെയ്യുന്നത്. ആട് ഒരു ഭീകര ജീവിയാണ്, ആട് 2 എന്നിവയ്ക്കുശേഷം എത്തുന്ന ഈ മൂന്നാം ഭാഗം വലിയ ആവേശത്തോടെയാണ് പ്രേക്ഷകർ കാത്തിരിക്കുന്നത്. ആദ്യ രണ്ട് ഭാഗങ്ങളിലൂടെ പ്രേക്ഷകർക്ക് പരിചിതമായ, അവരുടെ പ്രിയപ്പെട്ട കഥാപാത്രങ്ങൾ മൂന്നാം ഭാഗത്തിലൂടെയും വെള്ളിത്തിരയിൽ എത്തുന്നുണ്ട്. 'ആട് 3 പാർട്ട് 1; വൺ ലാസ്റ്റ് റൈഡ്' എന്ന ടൈറ്റിൽ ടാഗ്ലൈനിലൂടെ ചിത്രത്തിന്റെ അവസാന ഭാഗത്തിന് ഇനി ഒരു പാർട്ട് കൂടി ഉണ്ടാകും എന്ന ഉറപ്പും അണിയറ പ്രവർത്തകർ പ്രേക്ഷകർക്ക് നൽകുന്നു.

എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-വിനയ് ബാബു, ഛായാഗ്രഹണം-അഖിൽ ജോർജ്, മ്യൂസിക്; ഒറിജനൽ തീം-ഷാൻ റഹ്മാൻ, പശ്ചാത്തല സംഗീതം, ന്യൂ തീം-ഡോൺ വിൻസെന്റ്, എഡിറ്റർ-ലിജോ പോൾ, ലൈൻ പ്രൊഡ്യൂസർ-ഗോപകുമാർ ജി.കെ, പ്രൊഡക്ഷൻ കൺട്രോളർ-ഷിബു ജി. സുശീലൻ, പ്രൊഡക്ഷൻ ഡിസൈനർ-സ്റ്റെഫി സേവ്യർ, ക്രിയേറ്റീവ് ഡയറക്ടർ-വിഷ്ണു ഭരതൻ, വിഎഫ്എക്സ് ഡയറക്ടർ-ജിഷ്ണു ആർ. ദേവ്, സൗണ്ട് ഡിസൈൻ-കിഷൻ മോഹൻ (സപ്ത റെക്കോർഡ്സ്) വരികൾ-മനു മൻജിത്, ചീഫ് അസോസിയേറ്റ് ഡയറക്ടേഴ്സ്-പ്രേംനാഥ്, റോബിൻ വർഗീസ്, ഡിഐ ഹ്യൂസ്, ടോൺസ് കളർ ഹബ് കളറിസ്റ്റ്-ഷൺമുഖപാണ്ഡ്യൻ എം, സ്റ്റിൽ ഫോട്ടോഗ്രാഫി-വിഷ്ണു എസ്. രാജൻ, പബ്ലിസിറ്റി ഡിസൈൻ-എയ്സ്തെറ്റിക് കുഞ്ഞമ്മ.

# 'സംഹാരതാണ്ഡവം' ചിത്രീകരണം പൂർത്തിയായി

**കേ**രളത്തെ നടുക്കിയ ഒരു പ്രമുഖ രാഷ്ട്രീയ കൊലപാതകത്തെ അടിസ്ഥാനമാക്കി ചിത്രീകരിച്ച സംഹാരതാണ്ഡവം എന്ന സിനിമയുടെ ചിത്രീകരണം തിരുവനന്തപുരത്ത് പൂർത്തിയായി. എസ്ജി പ്രൊഡക്ഷൻസിനു വേണ്ടി സുനിൽ നായർ, ഗിരീഷ് കെ.ആർ. എന്നിവർ നിർമിക്കുന്ന ഈ ചിത്രം നവാഗതനായ ജിനേഷ് മുകുന്ദൻ സംവിധാനം ചെയ്യുന്നു.

ഐക്കരക്കോണത്തെ ഭിഷഗ്വരൻമാർ എന്ന ചിത്രത്തിലൂടെ നായകനായി അരങ്ങേറി, മാമാങ്കം, ഒരു താത്വിക അവലോകനം തുടങ്ങിയ ചിത്രങ്ങളിൽ അഭിനയിക്കുകയും വിജയ് സേതുപതി, ശെൽവരാഘവൻ എന്നിവർ നായകന്മാരായ, സത്ത മിൻട്രി മുത്തം താ എന്ന തമിഴ് ചിത്രത്തിൽ, വില്ലനായി തിളങ്ങുകയും ചെയ്ത വിയാൻ ശക്തമായ വേഷത്തിൽ എത്തുന്ന ചിത്രമാണ് സംഹാര താണ്ഡവം.



അഞ്ജലി മേനോന്റെ മഞ്ചാടിക്കുരു, ജിത്തു ജോസഫിന്റെ മമ്മി ആൻഡ് മി, റിപ്പോർട്ടർ തുടങ്ങിയ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ഫിറോഷ്, നാലാം മുറ, ഒരു വടക്കൻ പ്രണയപർവം തുടങ്ങിയ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ ഋഷി സുരേഷ് തുടങ്ങിയവരും വിയാനൊപ്പം നായകന്മാരായി എത്തുന്നു. നിരവധി ഷോർട്ട് ഫിലിമുകളിലൂടെ ശ്രദ്ധേയനായ, സംവിധായകൻ ജിനേഷ് മുകുന്ദനും കാമറാമാനും എഡിറ്ററുമായ വിഷ്ണു റോയലും ഒരു സിനിമയ്ക്കുവേണ്ടി ഒന്നിച്ചിരിക്കുകയാണ്.

തിരക്കഥ-ഇന്ദ്രപ്രതാപ്, സനീഷ് ഇല്ലിക്കൽ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ-പ്രദീപ് കുമാർ, സിന്ധുവിനായർ, കോ പ്രൊഡ്യൂസർ-ഉണ്ണികൃഷ്ണൻ എം.പി, മനോജ് കുമാർ ചേർത്തല, അശ്വതി എസ്, ബ്ലെസി ജോണിക്കുട്ടി, ഗാനരചന-ലിജോ കാരംവേലിൽ, അനൂപ് കുമ്പനാട്, ഉൻമേഷ് പൂങ്കാവ്, സംഗീതം-ജെറിൻ തോമസ് ജെറ്റ്, ആലാപനം-എം.ജി. ശ്രീകുമാർ, നജീം അർഷാദ്, മഞ്ജരി, നൃത്തസംവിധാനം-ബാബു ഫൂട്ട് ലൂസർ, ഡോ. കല്പന കെ. കൃഷ്ണൻ, മേക്കപ്പ്-അനിൽ പൂജപ്പുര, വിജീഷ് പള്ളിച്ചൽ, അസി. ഡയറക്ടർസ്-മുനീർ ആൽബിൻ, പ്രവീൺ പ്രകാശ്, ഷൈലജ, അപ്പു സണ്ണി.

ശരണ്യ വിശാഖ്, ആതിര വി.എ, സജി വാക്കനാട്, പ്രശോഭ, രാഹുൽ വെള്ളായണി, ശ്രീജിത്ത്, മഹാദേവൻ, ആൽബിൻ വർഗീസ്, അഖിൽ ഗുലുഗുൽ, വിഷ്ണു മണ്ണയം, നിഖിൽ എന്നിവരും അഭിനയിക്കുന്നു.

# 'കിരാത്' 27-ന് തിയറ്ററുകളിൽ




കേരളമനഃസാക്ഷിയെ ഞെട്ടിച്ച സംഭവകഥയുടെ ചലച്ചിത്രാവിഷ്കാരമായ സസ്പെൻസ് ക്രൈം ത്രില്ലർ കിരാത 27-ന് തിയറ്ററുകളിലെത്തും. ഇടത്തൊടി ഫിലിംസിന്റെ ബാനറിൽ ഇടത്തൊടി ഭാസ്കരനാണ് നിർമാണം. സംവിധാനവും ഛായാഗ്രഹണവും എഡിറ്റിംഗും റോഷൻ കോന്നി നിർവഹിക്കുന്നു. ജിറ്റ ബഷീറിന്റേതാണ് രചന.

എം.ആർ. ഗോപകുമാർ, ചെമ്പിൽ അശോകൻ, തുളസീദാസ്, ദിനേശ് പണിക്കർ, ഡോ. രജിത്കുമാർ, രാജ്മോഹൻ, അരിസ്റ്റോ സുരേഷ്, ഇടത്തൊടി ഭാസ്കരൻ, നീനാ കുറുപ്പ്, ജീവ നമ്പ്യാർ, വൈഗ റോസ്, സച്ചിൻ പാലപ്പറമ്പിൽ, അൻവർ, അമൃത്, ഷമിർ ബിൻ കരിം റാവുത്തർ, മിന്നു മെറിൻ, അതുല്യ നടരാജൻ, ശിവ മനോജ്, ആൻമേരി തുടങ്ങിയവർ അഭിനയിക്കുന്നു. സജിത് ശങ്കറാണ് സംഗീതമൊരുക്കുന്നത്.




# 'മസ്തിഷ്ക മരണത്തിലെ' വിശേഷങ്ങൾ പങ്കുവയ്ക്കുന്ന ദിവ്യപ്രഭ



**ദി**വ്യപ്രഭയുടെ അഭിനയ വിസ്മയങ്ങളിലേറെയും 'അറിയിപ്പ്', 'ഫാമിലി', 'പ്രഭയായ് നിനച്ചതെല്ലാം', 'തമാശ' എന്നിങ്ങനെ കലാമൂല്യമേറിയ സിനിമകളിലാണ്. അതേസയമം, 'ഇതിഹാസ', 'ടേക്ക്ഓഫ്', 'നിഴൽ' തുടങ്ങിയ കൊമേഴ്സ്യൽ ഹിറ്റുകളിലെ വേറിട്ട വേഷങ്ങളും നമ്മുടെ മുന്നിലുണ്ട്. എല്ലാത്തരം സിനിമകളും വേഷങ്ങളും ഇഷ്ടത്തോടെ ആസ്വദിച്ച് അതിലേക്ക് അലിഞ്ഞുചേരുന്ന അഭിനയപ്രണയം. കൃഷാന്തിന്റെ പുത്തൻപടം 'മസ്തിഷ്കമരണ'ത്തിൽ ചിരിയുണർത്തുന്ന, അമിതാവേശം തുളുമ്പുന്ന, സരസമായ വക്കീൽ കഥാപാത്രം ഡെസ്റ്റിമോണ ദിവ്യപ്രഭയിലെ അഭിനേത്രിയുടെ ഇതുവരെ കാണാത്ത മുഖങ്ങളുടെ വെളിപ്പെടുത്തലാകുന്നു.

'എനിക്ക് ഇങ്ങനെയൊരു ബ്രേക്ക് ആവശ്യമായിരുന്നു. എന്നെ ഇങ്ങനെ കാണുമ്പോൾ ആളുകൾ മാറി ചിന്തിച്ചേക്കാം. എനിക്കായി പലതരം കഥാപാത്രങ്ങൾ ആലോചിക്കാനുള്ള സന്ദർഭം ഇതിലൂടെ ഉണ്ടാവട്ടെ' - ദിവ്യപ്രഭ പറയുന്നു.

കൃഷാന്തിന്റെ 'ആവാസവ്യൂഹം', 'പുരുഷപ്രേതം' എന്നിവ കണ്ടിരുന്നു. വേറിട്ട ചിന്തകളും വേറെ തലത്തിലുള്ള മേക്കിംഗും ദൃശ്യങ്ങളുമുള്ള സിനിമകൾ. ഞങ്ങൾക്കിടയിൽ ഫെസ്റ്റിവലുകളിലെ പരിചയമുണ്ടായിരുന്നു. ഒന്നിച്ചു പ്രവർത്തിക്കാൻ ആഗ്രഹിച്ചു. ഡെസ്റ്റിമോണ എന്ന ഏറെ ക്രേസി ആയ, ഇതുവരെ ചെയ്തിട്ടില്ലാത്ത കഥാപാത്രം. സ്ത്രീകഥാപാത്രങ്ങളെ ഇങ്ങനെ എഴുതുന്നതുതന്നെ വളരെ അപൂർവമായാണ്. എല്ലാതരത്തിലും വേറിട്ട സിനിമയും ജോണറും.

'മസ്തിഷ്ക മരണം' 2046-ൽ കൊച്ചിയിൽ സംഭവിക്കുന്ന സൈബർ പാക് (ടെക്നോളജിക്കലി ഹൈ, ലോ ലൈഫ് സ്റ്റൈൽ) ജോണറിലുള്ള സിനിമ, സൈ ഫൈ മൂവിയല്ല. സറ്റയർ സ്വഭാവമാണ്. ആദ്യാവസാനം കോമഡിയാണ്. നമ്മുടെ അനുഭവങ്ങളുമായി ബന്ധിപ്പിക്കാനാകുന്ന ഉള്ളടക്കം. പാപ്പരാസി സംസ്കാരവും ചർച്ചയാകുന്നു.

ഡിജിറ്റൽ ബീയിംഗ്സിനെ ആശ്രയിച്ച് പെട്ടെന്നു തീരുമാനമെടുക്കേണ്ടിവരിക, ബുദ്ധിപരമായി ഏറെ ഡിസ്കണക്റ്റഡാവുക, വൈകാരിക തലത്തിൽ മാത്രം കാര്യങ്ങൾ സംഭവിക്കുക... ഇതൊക്കെ പശ്ചാത്തലമാകുന്നു. ഓർമകളെ ഡിലീറ്റ് ചെയ്യുക, മറ്റൊരാളിന്റെ ഓർമകൾ അനുഭവിക്കുക തുടങ്ങിയ വേറെ ലെവൽ സംഭവങ്ങളുമുണ്ട്.

സാധാരണ കോടതിയുടെ പെരുമാറ്റച്ചട്ടങ്ങളോ മര്യാദകളോ ഒന്നും ഇതിലില്ല. ഞാനും വിഷ്ണു അഗസ്ത്യയുമാണ് അഭിഭാഷകർ. നീണ്ട സംഭാഷണങ്ങൾ, മോണലോഗുകൾ. അതിനിടയിൽ കോമഡിയും ചെയ്യണം. അതു സൂക്ഷ്മമായ രീതിയിലുള്ളതല്ല, ഏറെ ലൗഡായതാണ്. ഇതെല്ലാം ചേർത്തുള്ള അവതരണം വെല്ലുവിളിയായി. പക്ഷേ, ഏറെ രസിച്ചാണ് ഈ വേഷം ചെയ്തത്. കുറേ ആളുകൾക്ക് അത് ഇഷ്ടപ്പെട്ടു, അവർ ആസ്വദിച്ചു, ചിരിച്ചു എന്നറിയുമ്പോൾ സന്തോഷം. എന്റെ മുൻ സിനിമകൾ കണ്ടിട്ടുള്ളവരിൽ എന്നെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ വലിയ മാറ്റം ഉണ്ടായതായി വിവിധ പ്രതികരണങ്ങളിൽ നിന്ന് അറിയുന്നുണ്ട്.




ചെറുപ്പക്കാരും ജെൻ സിയുമാണ് ഇതിന്റെ പ്രധാന പ്രേക്ഷകർ. ഇതിൽ വർക്കി മ്യൂസിക് ചെയ്ത വേറിട്ട 12 പാട്ടുകളുണ്ട്. ഇതിന്റെ സൗണ്ട് ഡിസൈനും മ്യൂസിക്കും തിയറ്റർ ക്വാളിറ്റിയിൽ തന്നെ അനുഭവിച്ചറിയേണ്ടതാണ്. കുറച്ചുനാളുകൾക്കപ്പുറം ഈ സിനിമ എല്ലാ രീതിയിലും ഇതിലുമധികം ചർച്ചയാകാൻ സാധ്യതയുണ്ട്.

ഞാൻ 'അറിയിപ്പി'ൽ മുഴുനീള വേഷമാണു ചെയ്തത്. പക്ഷേ, ഈയൊരു ടൈപ്പ് അല്ലെന്നേയുള്ളൂ. പക്ഷേ, വേറൊരു രീതിയിൽ ഏറെ ഗൗരവത്തിൽ തന്നെയാണു പെർഫോം ചെയ്തത്. ഏറെ തീവ്രമായി, സൂക്ഷ്മതലത്തിൽ അഭിനയിക്കുക ഒട്ടും എളുപ്പമല്ല. ഡെസ്റ്റിമോണ പോലെ ലൗഡായതു മാത്രമല്ല പെർഫോമൻസ്. എനിക്ക് ഇങ്ങനെയൊരു കഥാപാത്രം ഇപ്പോഴാണു കിട്ടിയത് എന്നേയുള്ളൂ.

വലിപ്പച്ചെറുപ്പമില്ലാതെ എല്ലാവർക്കും സ്വാതന്ത്ര്യമുള്ള രസകരമായ സെറ്റ്. ആർട്ടിസ്റ്റിനും അത്രയും സ്വാതന്ത്ര്യത്തോടെ പെർഫോം ചെയ്യാനാവും. ഡയറക്ടർ എന്നുപറഞ്ഞു മാറിനിൽക്കാതെ നമ്മുടെ ഇടയിലെത്തി കാര്യങ്ങൾ ചർച്ചചെയ്യുന്ന, നമ്മൾ പറയുന്നത് ഉൾക്കൊള്ളുന്ന സംവിധായകൻ. അത്തരം ഇടങ്ങളിൽനിന്നാണ് ഇത്തരം മാജിക്കുകൾ ഉണ്ടാകുന്നത്.

എന്നെ ഏറെയും കണ്ടിട്ടുള്ളതു സമാന്തര സിനിമകളിലായതിനാൽ കൊമേഴ്സ്യൽ സിനിമകളിലേക്കു വിളിച്ചാൽ വരില്ലായിരിക്കും എന്നു കുറേ ആളുകൾ വിചാരിക്കുന്നുണ്ടാവും. നേരിട്ടു വിളിച്ചു സംസാരിക്കുമ്പോഴേ വാസ്തവം അറിയുകയുള്ളൂ. മുമ്പ് കൊമേഴ്സ്യൽ സിനിമകളിൽ ചെയ്ത കഥാപാത്രങ്ങളൊക്കെയും ടൈപ്പ് കാസ്റ്റ് ആയിരുന്നില്ല. എല്ലാത്തരം സിനിമകളെയും സിനിമയായിത്തന്നെയാണു കാണുന്നത്. ശരിക്കും, ഞാൻ കാത്തിരിക്കുകയാണ്.

സഹതാരങ്ങളായ രജിഷ, ജഗദീഷ്, വിഷ്ണു അഗസ്ത്യ, സുരേഷ് കൃഷ്ണ, ശ്രീനാഥ് ബാബു, ഷിൻസ് ഷാൻ എന്നിവർക്കൊപ്പമായിരുന്നു കോംബിനേഷനുകൾ. അതിലേറെയും വിഷ്ണുവുമായാണ്. പരസ്പരമുള്ള കൊടുക്കൽ വാങ്ങലുകളിലൂടെ ഏറെ ആസ്വദിച്ചു ചെയ്ത കോടതിസീനുകൾ. ജഗദീഷേട്ടന്റെയും മറ്റും ക്ലോസെടുത്തപ്പോൾ ഞാൻ മോണിട്ടറിന്റെ അടുത്തുപോയി കാണാറുണ്ടായിരുന്നു. കണ്ടിരുന്നുപോകുന്ന പെർഫോമൻസ്.

'പ്രഭയായ് നിനച്ചതെല്ലാം' വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. അതിന്റെ വർക്ക്ഷോപ്പും റിഹേഴ്സലുകളും എനിക്കു വേറൊരുതരം സ്കൂളായിരുന്നു. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ളവരായിരുന്നു ഒപ്പമുള്ളവർ. മുന്നറിവുകൾ മാറ്റിവെച്ചും പുതിയ കാര്യങ്ങൾ പഠിച്ചും സൃഷ്ടിപരമായ സംതൃപ്തി അനുഭവിച്ച കാലം. കാൻസിനുശേഷം ലോകസിനിമയുടെ ഭാഗമായ അനുഭൂതിയായിരുന്നു.

സ്ക്രിപ്റ്റ് ബോധ്യമായി, എന്റെ കഥാപാത്രം മുമ്പു ചെയ്യാത്തതാണ്, കൊള്ളാം എന്നു തോന്നിയാൽ ഏതു സംവിധായകനൊപ്പവും സിനിമ ചെയ്യും. എനർജറ്റിക് ആയ കഥാപാത്രങ്ങൾ വേണം. കുറച്ചു സൂക്ഷ്മതലത്തിലുള്ള കോമഡി ചെയ്യണം. കുറച്ചുകൂടി കൊമേഴ്സ്യലായ സിനിമകളുടെ ഭാഗമാകണം. ഡോൺ പാലത്തറ, കമൽ കെ.എം. എന്നിവരുടെ സിനിമകൾ റിലീസിനൊരുങ്ങുന്നു. കൊച്ചിയിലെ ഒരുകൂട്ടം ചെറുപ്പക്കാരുടെ ജീവിതപ്രയാസങ്ങളും അവരുടെ പോരാട്ടവുമൊക്കെയാണു ഡോണിന്റെ സിനിമ. കമലിന്റേതു പരീക്ഷണചിത്രമാണ്. ഞാനും ഉർവ്വശി ചേച്ചിയും പ്രധാന വേഷങ്ങളിലെത്തുന്ന സിനിമയിലാണ് ഇനി അഭിനയം. ഫിലിം മേക്കിംഗിലും താത്പര്യമുണ്ട്. ഭാവിയിൽ സംവിധാനം ഉൾപ്പെടെ ചെയ്തേക്കാം.

KERALA EXPRESS പ്രവാസി താളുകൾ

# ആസാമിൽ പോലീസ് ക്യാമ്പ് ആക്രമിച്ച് ഉൾഫ; നാലു പേർക്ക് പരുക്ക്

ഗോഹട്ടി: നിയമസഭ തെരഞ്ഞെടുപ്പ് നടക്കുന്ന ആസാമിൽ പോലീസ് ക്യാമ്പിനുനേരെയുണ്ടായ ആക്രമണത്തിൽ നാലു പോലീസുകാർക്ക് പരുക്കേറ്റു.




ടിൻസുകിയ ജില്ലയിലെ ജാഗൂൺ പ്രദേശത്തെ ആസാം പോലീസ് കമാൻഡോ ക്യാമ്പിനുനേരെയാണ് മാർച്ച് 22-ന് ഞായറാഴ്ച പുലർച്ചെ ആക്രമണം ഉണ്ടായത്. സംഭവത്തിന്റെ ഉത്തരവാദിത്വം നിരോധിത തീവ്രവാദ സംഘടനയായ ഉൾഫ ഏറ്റെടുത്തു.

പുലർച്ചെ 2.30-ഓടെയാണ് ആക്രമണം ഉണ്ടായതെന്ന് ഒരു മുതിർന്ന പോലീസ് ഉദ്യോഗസ്ഥൻ പറഞ്ഞു. ആക്രമകാരികൾ നിരവധി ഗ്രനേഡുകൾ ക്യാമ്പിലേക്ക് എറിഞ്ഞെന്നും ഇതിൽ അഞ്ച് ഗ്രനേഡുകൾ പൊട്ടിത്തെറിച്ചെന്നും പോലീസ് പറഞ്ഞു. ഇതിനുപിന്നാലെ പോലീസ് വെടിയുതിർത്തതോടെ ആക്രമികൾ ഓടിമറഞ്ഞു.

ഏഴ് ഉൾഫ തീവ്രവാദികൾ ആക്രമണത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നാണു പ്രാഥമിക നിഗമനമെന്ന് പോലീസ് പറഞ്ഞു. ഇവർ അരുണാചൽ പ്രദേശിലേക്ക് കടന്നതായും സൂചനയുണ്ടെന്ന് പോലീസ് പറഞ്ഞു.

അതേസമയം പരുക്കേറ്റ പോലീസുകാരെ ദിബുഗഡിലെ മെഡിക്കൽ കോളജിൽ പ്രവേശിപ്പിച്ചെന്നും ഇവരുടെ ആരോഗ്യനില തൃപ്തികരമാണെന്നും പോലീസ് പറഞ്ഞു. സുരക്ഷാസേന തങ്ങൾക്കുനേരെ തുടർച്ചയായി നടത്തിയ നടപടികൾക്കുള്ള മറുപടിയായാണ് ഓപ്പറേഷൻ ബുജോണിയെന്ന് പേരിൽ ആക്രമണം നടത്തിയതെന്ന് ഉൾഫ പുറത്തുവിട്ട പ്രസ്താവനയിൽ പറയുന്നു.

സമാധാന ഉടമ്പടിയുടെ ഭാഗമായി 2021 മുതൽ സംസ്ഥാന പോലീസിനെ ലക്ഷ്യംവെക്കുന്നതിൽനിന്നു വിട്ടുനിന്നെന്നും എന്നാൽ തങ്ങളുടെ പ്രവർത്തകർ നിരന്തരം അറസ്റ്റിനും കൊലപാതകത്തിനും വിധേയരാകുന്നുണ്ടെന്നും പ്രസ്താവനയിൽ പറയുന്നു. അതേസമയം, ആക്രമണത്തെ അപലപിച്ച മുഖ്യമന്ത്രി ഹിമന്ത ശർമ, സംഭവത്തിൽ ഉത്തരവാദികളായവരെ കണ്ടെത്തുന്നതിന് പോലീസും സൈന്യവും സംയുക്ത നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും പറഞ്ഞു. ഏപ്രിൽ ഒമ്പതിനാണ് ആസാമിൽ വോട്ടെടുപ്പ്.

## പശ്ചിമേഷ്യ: മന്ത്രിതലയോഗം വിളിച്ച് പ്രധാനമന്ത്രി

ന്യൂഡൽഹി: പശ്ചിമേഷ്യൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇന്ത്യയിലെ പെട്രോളിയം, പാചകവാതകം, ഊർജം, വളം മേഖലകളിലെ അവസ്ഥ വിലയിരുത്താൻ പ്രധാനമന്ത്രി നരേന്ദ്ര മോദി മന്ത്രിതലയോഗം വിളിച്ചു.

ഇന്ത്യയിൽ വ്യാപകമായി ഇവയുടെ തടസ്സമില്ലാത്ത വിതരണം ഉറപ്പാക്കുന്നതിനാണ് യോഗം ഊന്നൽ നൽകിയത്.

കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിങ്, ആഭ്യന്തരമന്ത്രി അമിത് ഷാ, കൃഷി മന്ത്രി ശിവരാജ് സിങ് ചൗഹാൻ, വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ, ധന മന്ത്രി നിർമലാ സീതാരാമൻ, ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ, വാണിജ്യമന്ത്രി പിയൂഷ് ഗോയൽ, റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് തുടങ്ങിയവർ പങ്കെടുത്തു.

കഴിഞ്ഞ ദിവസങ്ങളിൽ പ്രധാനമന്ത്രി വിവിധ രാഷ്ട്രത്തലവൻമാരുമായി പശ്ചിമേഷ്യൻ സാഹചര്യം സംസാരിച്ചിരുന്നു. ഇന്ത്യയിലേക്ക് തടസ്സമില്ലാതെ പെട്രോളിയവും പ്രകൃതിവാതകവുമെത്തുന്നതിനും മേഖലയിൽ സമാധാനം ഉറപ്പാക്കുന്നതിനുമാണ് പ്രധാനമന്ത്രി ഊന്നൽ നൽകിയത്.

പശ്ചിമേഷ്യൻ സംഘർഷവുമായി ബന്ധപ്പെട്ട് ഇന്ത്യക്കുണ്ടാകാവുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ പ്രത്യേക മന്ത്രിതലസമിതി രൂപവത്കരിക്കാൻ പ്രധാനമന്ത്രി നിർദേശിച്ചു. കേന്ദ്രമന്ത്രിസഭയുടെ സുരക്ഷാകാര്യ സമിതി യോഗത്തിലാണ് തീരുമാനം.

ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരും സമിതിയിൽ ഉൾപ്പെടും. രാസവളത്തിന്റെ ലഭ്യത, വൈദ്യുതി ക്ഷാമമുണ്ടാകില്ലെന്ന് ഉറപ്പ് വരുത്താൻ വൈദ്യുതി നിലയങ്ങളിലും മറ്റും കല്ക്കരിയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളും ചർച്ചയായി.

## വൈദ്യുതി ആവശ്യകത: തിട്ടപ്പെടുത്താനാകാതെ കെഎസ്ഇബി

തിരുവനന്തപുരം: അടുത്തടുത്ത ദിവസങ്ങളിൽ വൈദ്യുതി ആവശ്യകതയിലുണ്ടാകുന്ന വലിയ കയറ്റിറക്കങ്ങൾ കേരളത്തിലെ വൈദ്യുതി വാങ്ങലിന്റെ ആസൂത്രണത്തെയും ക്രമീകരണങ്ങളെയും പ്രതിസന്ധിയിലാക്കുന്നു. കയറ്റിറക്കങ്ങൾ മുൻകൂട്ടി നിശ്ചയിക്കാൻ കഴിയാതെ വരുന്നതോടെ, കേരളം കടുത്ത വൈദ്യുതി പ്രതിസന്ധിയിലാകും. വാങ്ങലിലെ ഏറ്റക്കുറച്ചിലുകൾ ഇന്ധന സർചാർജ് ആയി വരുമെന്നതിനാൽ ഉപയോക്താക്കളെയും ഇതു ബാധിക്കും. പ്രശ്നപരിഹാരത്തിനുള്ള അടിയന്തര ശ്രമങ്ങൾ കെഎസ്ഇബി തുടങ്ങി. പകലും രാത്രിയിലുമുള്ള വൈദ്യുതി ആവശ്യകതയിലാണു വലിയ മാറ്റങ്ങൾ 21-ന് ഉച്ചയ്ക്ക് 3.46 മെഗാവാട്ട് വൈദ്യുതി വേണ്ടിവന്നതെങ്കിൽ മാർച്ച് 22-ന് വേണ്ടിവന്നത് 2647 മെഗാവാട്ട് മാത്രം. രാത്രിയും ഇതുപോലെ വലിയ വ്യത്യാസമുണ്ട്. പകൽ സൗരോർജ ഉൽപാദനം വഴി ലഭ്യതയിലുണ്ടാകുന്ന വ്യത്യാസമാണ് ഇത്രയും വലിയ മാറ്റത്തിനു കാരണമെന്നാണ് കണക്കാക്കുന്നത്. എന്നാൽ, രാത്രിയിലുണ്ടാകുന്ന വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല.

ഓരോ ദിവസത്തെയും വൈദ്യുതി ആവശ്യകത നേരത്തേതന്നെ കണക്കാക്കി ലഭ്യത ഉറപ്പാക്കണമെന്നു റഗുലേറ്ററി കമ്മീഷൻ നിർദേശിച്ചിട്ടുള്ളതിനാൽ കെഎസ്ഇബി വിവിധ കരാറുകൾ പ്രകാരം വൈദ്യുതി വാങ്ങുന്നുണ്ട്. പ്രതീക്ഷിച്ച അളവിൽ വൈദ്യുതി ഉപയോഗിച്ചില്ലെങ്കിൽ അധിക വൈദ്യുതി സറണ്ടർ ചെയ്യുന്നതു നഷ്ടത്തിനിടയാക്കും. അതേസമയം, പ്രതീക്ഷിച്ചതിനെക്കാൾ കൂടുതൽ വേണ്ടിവന്നാൽ തത്സമയ വിപണിയിൽനിന്ന് അധിക വൈദ്യുതി വാങ്ങാൻ വലിയ വില നൽകേണ്ടിയുംവരും.

## മോദിക്ക് റെക്കോർഡ്

(ഒന്നാം പേജിൽ നിന്നും)

2014, 2019, 2024 ലോക്സഭാ തെരഞ്ഞെടുപ്പുകളിൽ തുടർച്ചയായി മൂന്നു വിജയങ്ങൾ നേടുകയും ചെയ്തു.

നരേന്ദ്ര മോദി ആദ്യമായി ഗുജറാത്ത് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത് ഒക്ടോബർ 7, 2001-ന് ആയിരുന്നു. 2014 മേയ് 21 വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. സംസ്ഥാനത്ത് 13 വർഷത്തിലേറെ ഭരണം നടത്തിയതിന് ശേഷമാണ് അദ്ദേഹം ദേശീയ രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ചത്. 2014 മേയ് 26-ന് അദ്ദേഹം ഇന്ത്യയുടെ 14-ാമത്തെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ലോക്സഭയിൽ സമ്പൂർണ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ കോൺഗ്രസ് ഇതര നേതാവായി അദ്ദേഹം മാറി. പിന്നീട്, രണ്ട് പൂർണ കാലാവധി പൂർത്തിയാക്കി തുടർച്ചയായി മൂന്നാം തവണയും അധികാരത്തിലെത്തുന്ന ആദ്യത്തെ കോൺഗ്രസ് ഇതര പ്രധാനമന്ത്രിയും മോദിയാണ്.

## സ്വർണം നൽകിയ നാല് പേർ അജ്ഞാതരെന്ന് വിജിലൻസ്

തിരുവനന്തപുരം: ശബരിമല ക്ഷേത്രത്തിലെ കൊടിമര പുനഃപ്രതിഷ്ഠയ്ക്കു സ്വർണം സംഭാവന നൽകിയ നാല് പേരെ സംസ്ഥാന വിജിലൻസ് നടത്തുന്ന ത്വരിതാന്വേഷണത്തിൽ കണ്ടെത്താനായില്ല. ഹൈക്കോടതി ഉത്തരവനുസരിച്ചാണ് അന്വേഷണം. ദേവസ്വം രേഖകളിൽ ഇവരുടെ മേൽവിലാസമോ കൃത്യമായ ഫോൺ നമ്പറോ ഇല്ലാത്തതാണു പ്രശ്നം. കൊടിമര പുനഃപ്രതിഷ്ഠയുടെ പേരിൽ സ്വർണക്കൊള്ള നടന്നതായി സ്ഥിരീകരിക്കുന്ന മൊഴികളോ തെളിവുകളോ ലഭിച്ചിട്ടില്ലെന്നാണു സൂചന. സ്വർണം സംഭാവന നൽകിയ 27 പേരെ കണ്ടെത്തി അവർ നൽകിയ സ്വർണം തിട്ടപ്പെടുത്തുകയാണു വിജിലൻസ് ചെയ്യുന്നത്. നടൻ മോഹൻലാലും കേന്ദ്രമന്ത്രി സുരേഷ്ഗോപിയുമടക്കം 23 പേരുടെ മൊഴിയെടുത്തു. ഇവരുടെ മൊഴിയനുസരിച്ചു ദേവസ്വം രേഖകളിലുള്ള അളവും അവർ പറഞ്ഞ അളവും തമ്മിൽ വലിയ വ്യത്യാസമില്ല. ഇനിയുള്ളവരുടെ മൊഴി കൂടി ലഭിച്ചാലേ ക്രമക്കേടു നടന്നോയെന്നു വ്യക്തമാകുകയുള്ളൂ. 26-നകം ഹൈക്കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകണം. അതിനുള്ളിൽ ശേഷിക്കുന്നവരെ കൂടി കണ്ടെത്താനുള്ള ശ്രമത്തിലാണു വിജിലൻസ്.

## ഊർജ്ജപ്രതിസന്ധിയിലേക്ക്

(ഒന്നാം പേജിൽ നിന്നും)

നതാൻസ് ആണവകേന്ദ്രത്തിൽ ഇസ്രയേൽ നടത്തിയ ആക്രമണത്തിനുള്ള മറുപടിയായി സൗദി, യുഎഇ രാജ്യങ്ങളിലേക്ക് ഇറാൻ ആക്രമണം നടത്തി. ഇറാനും ഹിസ്ബുള്ളയും ഇസ്രയേലിലേക്കും കനത്ത ആക്രമണം നടത്തിയിരുന്നു. ഹിസ്ബുള്ള ഭീകരരുടെ റോക്കറ്റ് ആക്രമണത്തിൽ വടക്കൻ ഇസ്രയേലിൽ ഒരാൾ കൊല്ലപ്പെട്ടു. ടെഹ്റാനിൽ ഇസ്രേലി സേന കനത്ത ബോംബാക്രമണം നടത്തി. ഇസ്രയേലും യുഎസും യുദ്ധലക്ഷ്യം നേടിക്കൊണ്ടിരിക്കുകയാണെന്ന് ഇസ്രേലി പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു. യുദ്ധം നാലാം ആഴ്ചയിലേക്കു കടന്നതിനിടെ ഇറാനിൽ ഇതുവരെ 1500 പേർ കൊല്ലപ്പെട്ടു. ഇവരിൽ 210 പേർ കുട്ടികളാണ്. ഖത്തറിന്റെ ഹെലികോപ്റ്റർ തകർന്നുവീണ് ആറുപേർ കൊല്ലപ്പെട്ടു. ഒരാളെ കാണാതായി. സാങ്കേതികത്തകരാറാണ് അപകടകാരണമെന്നാണ് ഖത്തർ പ്രതിരോധ മന്ത്രാലയം അറിയിച്ചത്.

## തെരഞ്ഞെടുപ്പ് പ്രചാരണത്തിലേക്ക്

(ഒന്നാം പേജിൽ നിന്നും)

തെരഞ്ഞെടുപ്പുകളുടെ പാറ്റേൺ വ്യത്യാസമാണെന്നും തുടർഭരണ സാഹചര്യമാണ് നിലനിൽക്കുന്നതെന്നുമാണെന്നാണ് എൽഡിഎഫ് വിലയിരുത്തൽ.

മുന്നണി കേന്ദ്രീകൃതമായ കേരളത്തിലെ തെരഞ്ഞെടുപ്പുകളിൽ നിന്നുള്ള മാറ്റം ഉറപ്പിച്ചും ഏതാനും സീറ്റുകളിൽ വിജയം പ്രതീക്ഷിച്ചുമാണ് തെരഞ്ഞെടുപ്പിനിറങ്ങുന്നത്. പത്രികാ സമർപ്പണവേളയിൽ തന്നെ ദേശീയ നേതാക്കളെ ഉൾപ്പെടെ കളത്തിലിറക്കി ശക്തമായ പ്രചാരണം.

ബിജെപി മൂന്നാംഘട്ടമായി 11 സ്ഥാനാർത്ഥികളുടെ പട്ടിക പ്രഖ്യാപിച്ചു. ആകെ 97 സീറ്റുകളിലാണ് പാർട്ടി മത്സരിക്കുന്നത്. 23 സീറ്റുകളിൽ ബിഡിജെഎസും 19 സീറ്റുകളിൽ ട്വന്റി 20-യും മത്സരിക്കും. വണ്ടൂർ മണ്ഡലം എൻഡിഎ ഘടകകക്ഷിയായ ജനാധിപത്യ കേരളസഭയ്ക്കു (ജെആർഎസ്) വിട്ടുനൽകി.

കോൺഗ്രസിൽ നിന്നെത്തിയ, ചിറയൻകീഴ് മുൻ യുഡിഎഫ് സ്ഥാനാർത്ഥി ബി.എസ്. അനൂപ്, കെപിസിസി എക്സിക്യൂട്ടീവ് അംഗമായിരുന്ന ആർ.എസ്. അരുൺരാജ് എന്നിവർ ബിജെപി സ്ഥാനാർത്ഥികളായി.

അവസാന ഘട്ടത്തിൽ നാല് പേരെക്കൂടി പ്രഖ്യാപിച്ചതോടെ എൽഡിഎഫ് സ്ഥാനാർത്ഥിപ്പട്ടിക പൂർണമായി. മന്ത്രി വി. അബ്ദുറഹ്മാൻ തിരൂരിലേക്കു മാറിയതിനാൽ ഒഴിവുവന്ന താനൂരിൽ എൽഡിഎഫ് സ്വതന്ത്രനായി പ്രവാസി വ്യവസായി മുഹമ്മദ് സമീർ മത്സരിക്കും. ഐഎൻഎലിനു നൽകിയ കാസർഗോഡ് മണ്ഡലത്തിൽ ഷാനവാസ് പാദൂരും നാഷണൽ ലീഗിനു നൽകിയ വള്ളിക്കുന്ന് മണ്ഡലത്തിൽ അഭിഭാഷകനായ സി.പി. മുസ്തഫയും ഇടതു സ്വതന്ത്രരാകും.


ജനാധിപത്യ കേരള കോൺഗ്രസിന്റെ സിറ്റിങ് സീറ്റായ തിരുവനന്തപുരത്ത് ഇടതുസ്വതന്ത്രനായി ചലച്ചിത്രനടൻ സുധീർ കരമന മത്സരിക്കും. എൽഡിഎഫ് കൺവീനർ ടി.പി. രാമകൃഷ്ണനാണു പ്രഖ്യാപനം നടത്തിയത്.

2021-ലെ തദ്ദേശ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സീറ്റ് നിഷേധിച്ചപ്പോൾ ഇടതുപിന്തുണയോടെ ജില്ലാ പഞ്ചായത്തിലേക്കു ജയിച്ച് വൈസ് പ്രസിഡന്റായ ഷാനവാസ് പാദൂരിനെ സിപിഎം മഞ്ചേശ്വരം മണ്ഡലത്തിലേക്കും ആലോചിച്ചിരുന്നു.


GREEN NESTLE
VACATION HERITAGE HOME
Kannachahamparambil, Kuruppanthara,
Manjoor P.O., Pin: 686603, Kottayam (Dist), Kerala State, India
For Vacation and Holiday rentals.
Licensed Home stay, Safe and Secured.
3 A/C rooms, Unique Packages for 2-8 people very economical.
Individual Room rental for families.
Fruits and vegetable Garden.
Feels like farm house with Pets, Animals, Fish and birds.
Free wifi - with High Speed internet CCTV Camera, OTT Platform Available, Police Surveillance.
Gold classification of HOME STAY by Tourism Department of Kerala, Rated as one among the best HOME STAY by Tourism Department of Kerala.
Cook available, Serving Ethnic Foods produced Organically from the integrated Farm Surrounding the Home Stay.
Full fledged kitchen with all facilities to cook yourself, Grill and Barbecue Facilities.
Adhering Food Safety Regulations.
Caretaker to help you in as your needs, Travel Desk and Tour Package Facilities
CONTACT
+91 8590571037
+91 9947598241
US WhatsApp No. +1 6308197745
UK WhatsApp No. +44 7747748046
www. greennestlehomes.com
greennestle01@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200 | 773.685.7388 | www.bmautocollision.com




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**